# പതിനഞ്ചാം കേരള നിയമസഭ

# പതിമൂന്നാം സമ്മേളനം

2025 മാർച്ച് 17, തിങ്കൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ**

**[ആകെ ചോദ്യങ്ങൾ--370]**

| **മറുപടി നൽകുന്ന മന്ത്രിമാർ** | **ചോദ്യ നമ്പർ** |
| --- | --- |
| മുഖ്യമന്ത്രി | : 3789 മുതൽ 3898 വരെ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി | : 3899 മുതൽ 4021 വരെ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി | : 4022 മുതൽ 4058 വരെ |
| തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി | : 4059 മുതൽ 4158 വരെ |

**<u>സർക്കാർ പരിപാടികളിലെ അദ്ധ്യക്ഷ സ്ഥാനം</u>**

3789 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ**
**ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രി പങ്കെടുക്കുന്ന സർക്കാർ പരിപാടികളിൽ മണ്ഡലത്തിലെ എം.എൽ.എ-യോടൊപ്പം ഒരു മന്ത്രി കൂടി പങ്കെടുക്കുന്നുവെങ്കിൽ പ്രോട്ടോകോൾ പ്രകാരം പ്രസ്തുത യോഗത്തിന്റെ അദ്ധ്യക്ഷൻ ആരായിരിക്കണമെന്ന് അറിയിക്കാമോ;

(ബി) വകുപ്പ് മന്ത്രിമാർ പങ്കെടുക്കുന്ന സർക്കാർ പരിപാടികളിൽ മണ്ഡലത്തിലെ എം.എൽ.എ-യോടൊപ്പം ഒന്നിലേറെ മന്ത്രിമാർ പങ്കെടുക്കുന്നുവെങ്കിൽ പ്രസ്തുത യോഗത്തിൽ അദ്ധ്യക്ഷൻ ആരായിരിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) മണ്ഡലത്തിലെ റോഡ്, കെട്ടിടങ്ങൾ തുടങ്ങിയ നിർമ്മാണ പ്രവൃത്തികളുടെ ഉദ്ഘാടനം വകുപ്പ് മന്ത്രിമാർ നിർവ്വഹിക്കുമ്പോൾ പ്രോട്ടോകോൾ അനുസരിച്ച് യോഗത്തിൽ സ്ഥലം എം.എൽ.എ അദ്ധ്യക്ഷത വഹിക്കണമെന്ന് പ്രതിപാദിക്കുന്നുണ്ടോ?

**<u>വല്ലാർപാടത്ത് നിന്ന് കുടിയൊഴിക്കപ്പെട്ടവർക്ക് സർക്കാർ ജോലി</u>**

3790 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വല്ലാർപാടം ഇന്റർനാഷണൽ കണ്ടെയ്നർ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനൽ പദ്ധതിക്കായി റോഡ്-റെയിൽ കണക്റ്റിവിറ്റിക്ക് വേണ്ടി കുടിയൊഴിക്കപ്പെട്ടവർക്ക് വാഗ്ദാനം നൽകിയിരുന്ന സർക്കാർ ജോലി ലഭ്യമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ജോലി മകനായ ഡേവിസ് ജോസിന് ലഭിക്കുന്നതിനായി മാതാവായ എറണാകുളം ചേരാനല്ലൂർ പഞ്ചായത്ത് വടുതല ദേശം എലവുന്തറ വീട്ടിൽ ആഗ്നസ് മേരിയും, പ്രസ്തുത ജോലി മകനായ ഡയസ് ഡാമിയന് ലഭിക്കുന്നതിനായി പനക്കൽ വീട്ടിൽ ജോസഫ് ഭാര്യ ആലീസ് എം.ഡി. യും 04.07.2024 -ന് എം.എൽ.എ. മുഖാന്തിരം മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നതുമായ അപേക്ഷകളിന്മേൽ (G3240700846, G3240700827) ആവശ്യമായ തീരുമാനമെടുക്കേണ്ടത് സർക്കാർതലത്തിൽ ആയതിനാൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി എറണാകുളം ജില്ലാ കളക്ടർ ഫയൽ നമ്പർ C6-10175/2024, C6-10174/2024 കത്തുകൾ പ്രകാരം സർക്കാരിലേക്ക് നൽകിയതുമായ റിപ്പോർട്ടുകളിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) ഇതു സംബന്ധിച്ച് സർക്കാരിലുള്ള ഫയലുകൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; പ്രസ്തുത ഫയലുകളുടെ നിലവിലെ സ്ഥിതി വെളിപ്പെടുത്താമോ?

## <u>സംസ്ഥാനം കൈവരിച്ച മുന്നേറ്റം സംബന്ധിച്ച പ്രഗത്ഭരുടെ അഭിപ്രായപ്രകടങ്ങൾ</u>

3791 **ശ്രീ ഡി കെ മുരളി**
**ശ്രീ എം മുകേഷ്**
**ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലമായി വ്യവസായ മേഖലയിലും മറ്റും കേരളം കൈവരിച്ച മുന്നേറ്റത്തെക്കുറിച്ച് പാർലമെന്റംഗമായ ശശിതരൂർ പ്രമുഖ ദേശീയ ഇംഗ്ലീഷ് പത്രത്തിൽ എഴുതിയ ലേഖനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇൻവെസ്റ്റ് കേരളയുടെ ഉദ്ഘാടന ചിത്രത്തോടൊപ്പം 'സാമ്പത്തിക-വികസന കാര്യങ്ങളിൽ പാർട്ടി വേർതിരിവുകളിൽ നിന്നും ഉപരിയായി നിലകൊള്ളണം' എന്ന് അദ്ദേഹം സോഷ്യൽ മീഡിയയിലൂടെ അഭ്യർത്ഥിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കണ്ണൂരിൽ നടത്തിയ അന്താരാഷ്ട്ര പഠന കോൺഗ്രസിന്റെ ഭാഗമായി, മുൻ കേന്ദ്രമന്ത്രി മണിശങ്കർ അയ്യർ 'പഞ്ചായത്ത്‌രാജ് നടപ്പാക്കിയതിൽ കേരളം ലോകത്തിന് മാതൃകയാണ്'' എന്ന് പ്രഖ്യാപിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എല്ലാവരെയും യോജിപ്പിച്ച് നടത്തേണ്ടതാണ് നാടിന്റെ പൊതുവായ വികസനമെന്ന സംസ്ഥാന സർക്കാരിന്റെ നയത്തിനുള്ള അംഗീകാരമായി ഇതിനെ കാണുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

## <u>വിവിധ വകുപ്പുകളിലെ കൺസൾട്ടൻസികൾ</u>

3792 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2016 ജനവരി മുതൽ 2025 ജനവരി വരെ വിവിധ വകുപ്പുകളിലായി എത്ര കൺസൾട്ടൻസികൾ/വിദേശ കൺസൾട്ടൻസികൾ പ്രവർത്തിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത കൺസൾട്ടൻസികൾ വിവിധ വകുപ്പുകളിൽ പ്രവർത്തിച്ചത് സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത കൺസൽട്ടൻസികൾക്ക് വേണ്ടി നാളിതുവരെ എത്ര തുക ചെലവഴിച്ചു; ആയതിന്റെ കണക്കുകളും സർക്കാർ ഉത്തരവുകളും ലഭ്യമാക്കാമോ;

(ഡി) സർക്കാർ അനുമതി ഇല്ലാതെ ഏതെങ്കിലും സ്വദേശ/ വിദേശ കൺസൾട്ടൻസികൾ വിവിധ വകുപ്പുകളിൽ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(ഇ) സംസ്ഥാനത്ത് നിലവിൽ ഇപ്പോൾ എത്ര സ്വദേശ/വിദേശ കൺസൾട്ടൻസികൾ പ്രവർത്തിക്കുന്നുണ്ട്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

## <u>അഖിലേന്ത്യാ സർവീസ് നിയമനം</u>

3793 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അഖിലേന്ത്യാ സർവീസിൽ ഐ.എ.എസ്., ഐ.എഫ്.എസ്., ഐ.പി.എസ്. തസ്തികകളിലേക്ക് എല്ലാവർഷവും സ്റ്റേറ്റ് സിവിൽ സർവീസിൽ നിന്നല്ലാതെ സെലക്ഷൻ വഴി നിയമനം നടക്കാറുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) എങ്കിൽ കഴിഞ്ഞ പതിനഞ്ച് വർഷം ഇത്തരത്തിൽ നടത്തിയ നിയമനത്തെ കുറിച്ചുള്ള വിവരം നിയമിക്കപ്പെട്ട ഉദ്യോഗസ്ഥരുടെ പേരും വർഷവും തിരിച്ച് വ്യക്തമാക്കാമോ;

(സി) സെലക്ഷൻ വഴിയുള്ള നിയമനങ്ങളിൽ സംവരണതത്വം പാലിക്കപ്പെടുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നിയമനങ്ങളിൽ പട്ടികജാതി, പട്ടികവർഗ്ഗ, മുസ്ലിം, മറ്റ് പിന്നാക്ക വിഭാഗം എന്നിവരുടെ എണ്ണം തിരിച്ചുള്ള വിശദാംശം നൽകാമോ;

(ഇ) ഇത്തരം നിയമനങ്ങളിൽ സുതാര്യത ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഭാവിയിൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്താണെന്ന് വ്യക്തമാക്കാമോ;

(എഫ്) കേരളത്തിലെ വിവിധ സർക്കാർ നിയന്ത്രിത പൊതുമേഖലാ സ്ഥാപനങ്ങളിലും കമ്പനികളിലും ഉള്ള താൽക്കാലിക ജീവനക്കാരെ നിയമിക്കുന്നതിൽ സംവരണ നിയമങ്ങൾ പാലിക്കാറുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ജി) കഴിഞ്ഞ പത്തു വർഷങ്ങൾക്കിടയിൽ ഇങ്ങനെ സ്ഥിരപ്പെടുത്തിയവരുടെ കണക്കുകൾ ജാതി തിരിച്ചു വ്യക്തമാക്കാമോ; യാതൊരു മാനദണ്ഡവും ഇല്ലാതെ ഇപ്രകാരം നിയമിക്കുന്നതും സ്ഥിരപ്പെടുത്തുന്നതും നിർത്തലാക്കാൻ നടപടി സ്വീകരിക്കുമോ; ഇത്തരത്തിൽ നിയമനം നടന്നതിനെതുടർന്ന് സംവരണ

സമുദായങ്ങൾക്ക് നഷ്ടപ്പെട്ട തസ്തികകൾ നികത്താൻ മറ്റെന്തെങ്കിലും സംവിധാനം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

**പുതുതായി സൃഷ്ടിച്ച തസ്തികകൾ**

3794 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരത്തിൽ വന്നശേഷം 2025 ഫെബ്രുവരി 28 വരെ വിവിധ വകുപ്പുകളിലായി പുതിയ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്; വിശദമാക്കാമോ?

**സർക്കാർ ജീവനക്കാർക്ക് ദീർഘകാല അവധി**

3795 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് ദീർഘകാല അവധി എടുക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ദീർഘകാല അവധി നൽകുന്നതിൽ ഏതെങ്കിലും വകുപ്പിലെ ഉദ്യോഗസ്ഥർക്ക് നിയന്ത്രണമേർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) നിലവിൽ വിദേശത്ത് ജോലി ചെയ്യുന്നവർക്ക് പി.എസ്.സി. മുഖേന ജോലി ലഭിക്കുന്ന പക്ഷം ദീർഘകാല അവധി എടുക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**ഓൺലൈൻ സേവനങ്ങൾ**

3796 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഏതെല്ലാം സർക്കാർ വകുപ്പുകളിലാണ് പൂർണ്ണമായും ഓൺലൈൻ സേവനങ്ങൾ നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) ഇ-പോർട്ടൽ മുഖേന എത്ര വകുപ്പുകളുടെ സേവനങ്ങളാണ് പൊതുജനങ്ങൾക്ക് ഇപ്പോൾ ലഭ്യമായിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

**സെക്രട്ടേറിയറ്റ് ഫയൽ തീർപ്പാക്കൽ യജ്ഞം**

3797 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഫയൽ തീർപ്പാക്കൽ യജ്ഞം നടപ്പാക്കിയ ശേഷം നിലവിൽ സെക്രട്ടേറിയറ്റ് തലത്തിൽ തീർപ്പാക്കാതെ അവശേഷിക്കുന്ന 2023 ഡിസംബർ 31 വരെയുള്ള ഫയലുകളുടെ എണ്ണം വകുപ്പ് തിരിച്ച് വ്യക്തമാക്കാമോ;

(ബി) സെക്രട്ടേറിയറ്റ് തലത്തിലുള്ള ഫയലുകൾ തീർപ്പാക്കാൻ പ്രത്യേക ദൗത്യം നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

**കാസർകോട് ജില്ലയിലെ സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ**

3798 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ വിവിധ സർക്കാർ ഓഫീസുകളിലെ ജീവനക്കാരുടെ ഒഴിവുകൾ സംബന്ധിച്ച വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്താതിന്റെ കാരണം വിശദമാക്കുമോ;

(സി) സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ യഥാസമയം നികത്താത്തതിനാൽ വികസന പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതും ജനങ്ങൾക്ക് സേവനങ്ങൾ ലഭ്യമാകാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജില്ലയിലെ സർക്കാർ ഓഫീസുകളിലെ ഒഴിവുകൾ എപ്പോൾ നികത്തുമെന്ന് വിശദമാക്കുമോ?

**15 വർഷം പഴക്കമുള്ള സർക്കാർ വാഹനങ്ങൾ**

3799 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര ഹൈവേ മന്ത്രാലയത്തിന്റെ 2023-ലെ ഉത്തരവ് അനുസരിച്ച് സർക്കാർ/ പൊതുമേഖല സ്ഥാപനങ്ങളുടെ 15 വർഷം കഴിഞ്ഞ വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ വിവിധ വകുപ്പുകളുടെ എത്ര വാഹനങ്ങളുടെ രജിസ്ട്രേഷൻ റദ്ദ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ;

(ബി) രജിസ്ട്രേഷൻ റദ്ദ് ചെയ്ത വാഹനങ്ങൾ വീണ്ടും വിവിധ വകുപ്പുകൾ നിയമവിരുദ്ധമായി ഉപയോഗിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വാഹനങ്ങളാണ് ഉപയോഗിക്കുന്നതെന്ന വിവരം വകുപ്പ് തിരിച്ച് നൽകാമോ; നിയമവിരുദ്ധമായ ഇത്തരം നടപടി സർക്കാർ അനുമതിയോടു കൂടിയാണോയെന്ന് വിശദമാക്കുമോ?

**സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് പരിശീലനം**

3800 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ സർവീസിൽ പ്രവേശിക്കുന്ന ജീവനക്കാർക്ക് ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപായി ഏതെങ്കിലും തരത്തിലുള്ള പരിശീലനം നൽകുന്നുണ്ടോ;

(ബി) ഇവരെ ജോലിസംബന്ധമായ കാര്യങ്ങൾ പഠിപ്പിക്കുന്നതിനായി എന്തൊക്കെ സംവിധാനങ്ങളാണ് നിലവിലുള്ളത്;

(സി) സർക്കാർ ജീവനക്കാർക്ക് ഏതൊക്കെ തരത്തിലുള്ള പരിശീലനങ്ങളാണ് ജോലിയിൽ പ്രവേശിച്ച ശേഷം നൽകുന്നത്;

(ഡി) പൊതുജനങ്ങൾക്ക് നൽകേണ്ടുന്ന സേവനങ്ങൾ സംബന്ധിച്ചും പൊതുജനങ്ങളോടുള്ള പെരുമാറ്റം സംബന്ധിച്ചും സർക്കാർ ജീവനക്കാർക്ക് ശരിയായ പരിശീലനം നൽകുന്നത് അവരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും സേവനം മെച്ചപ്പെടുത്തുന്നതിനും സഹായകരമാകും എന്ന് കരുതുന്നുണ്ടോ;

(ഇ) എങ്കിൽ ജോലിയിൽ പ്രവേശിക്കുന്ന അവസരത്തിൽ തന്നെ എല്ലാ ജീവനക്കാർക്കും പരിശീലനം നൽകി സേവനക്ഷമത ഉറപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

## സർക്കാർ സർവീസിലേക്കുള്ള സ്പോർട്സ് ക്വാട്ട നിയമനം

3801 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു സർക്കാർ സർവീസിലേക്ക് സ്പോർട്സ് ക്വാട്ട നിയമനം നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്പോർട്സ് ക്വാട്ട നിയമനത്തിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിന്നും എത്രപേർക്ക് വിവിധ സർക്കാർ വകുപ്പുകളിൽ നിയമനം നൽകി എന്ന് ജില്ലയും വകുപ്പും തിരിച്ച് അറിയിക്കാമോ; ഇതിനായി തയ്യാറാക്കിയ സെലക്ട് ലിസ്റ്റിൽ നിലവിൽ എത്ര പേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് അറിയിക്കാമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ ലഭിച്ച പ്രൊപ്പോസലുകൾ

3802 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിന്റെ ഭാഗമായി വടക്കാഞ്ചേരി മണ്ഡലത്തിന് എന്തൊക്കെ പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകേണ്ടത് ഏത് വിഭാഗമാണെന്നും ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

## ഫെയ്സ് റെക്കഗ്നിഷൻ പഞ്ചിംഗും ബയോമെട്രിക് പഞ്ചിംഗും

3803 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്ക് വേണ്ടി തയ്യാറാക്കിയിരിക്കുന്ന ഫെയ്സ് റെക്കഗ്നിഷൻ പഞ്ചിംഗ്, ബയോമെട്രിക് പഞ്ചിംഗ് സംവിധാനത്തിന് പകരമായി ഏർപ്പെടുത്തിയതാണോ; ബയോമെട്രിക് സംവിധാനം നിലവിലില്ലാത്ത ഓഫീസുകളിൽ ഫെയ്സ് റെക്കഗ്നിഷൻ ആപ്പ് ഉപയോഗിക്കേണ്ടതുണ്ടോ; വിശദമാക്കാമോ;

(ബി) പൊതുജനങ്ങളുമായി നിരന്തര സമ്പർക്കമുള്ള എല്ലാ ഓഫീസുകളിലും ഫേസ് റെക്കഗ്നിഷൻ പഞ്ചിങ് സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) സമയ ക്ലിപ്തതയോടുകൂടി പ്രവർത്തിച്ചുവരുന്ന സ്കൂളുകൾ, കോളേജുകൾ, ഐ.ടി.ഐ.കൾ തുടങ്ങിയ വിദ്യാഭ്യാസ, തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഫേസ് റക്കഗ്നിഷൻ പഞ്ചിങ് സംവിധാനം അടിയന്തരമായി ഏർപ്പെടുത്തണമെന്ന നിർദ്ദേശം സർക്കാർ വകുപ്പുകൾക്ക് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ഫെയ്സ് റെക്കഗ്നിഷൻ ആപ്പിന്റെ പിഴവുകളും നിലവാരമില്ലായ്മയും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പരാതികൾ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പുകൾ നൽകാമോ; ജീവനക്കാരുടെ സ്വകാര്യ വിവരങ്ങൾ ചോരുകയില്ല എന്ന് സർക്കാരിന് ഉറപ്പു നൽകാൻ കഴിയുമോ; വിശദമാക്കാമോ;

(ഇ) ബയോമെട്രിക് പഞ്ചിംഗ് സംവിധാനം പൂർണ്ണമായും നടപ്പിലാക്കിയ വകുപ്പുകളുടെ ലിസ്റ്റ് നൽകാമോ?

**<u>വിവിധ സർക്കാർ വകുപ്പുകളിലെ കാലപ്പഴക്കം ചെന്ന വാഹനങ്ങൾ</u>**

3804 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ വകുപ്പുകളിൽ നിന്ന് 15 വർഷം കാലപ്പഴക്കം മൂലം എത്ര വാഹനങ്ങളാണ് നിരത്തിൽ നിന്ന് പിൻവലിച്ചിട്ടുള്ളതെന്ന് വകുപ്പ് തിരിച്ച് വിശദമാക്കാമോ;

(ബി) വാഹനങ്ങൾ പിൻവലിച്ചതിനു ശേഷമുള്ള വാഹനക്കുറവ് പരിഹരിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണ് പ്രസ്തുത വകുപ്പുകൾ ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത വകുപ്പുകൾ പുതിയ വാഹനങ്ങൾ ലഭ്യമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) പിൻവലിക്കപ്പെട്ട വാഹനങ്ങൾ പൊളിച്ചു വിൽക്കുന്നതിനുള്ള ലേല നടപടികളുടെ പുരോഗതി അറിയിക്കാമോ?

**<u>സർട്ടിഫിക്കറ്റുകൾ വീണ്ടെടുക്കാൻ നടപടി</u>**

3805 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ പൊതുപരീക്ഷകളിൽ യോഗ്യത നേടുകയും, എസ്.എസ്.എൽ.സി, സർവ്വകലാശാല പരീക്ഷകളുടെ സർട്ടിഫിക്കറ്റുകൾ നഷ്ടപ്പെടുകയും ചെയ്യുന്ന, രജിസ്റ്റർ നമ്പർ പോലും വീണ്ടെടുക്കാൻ ആകാതെ പോകുന്ന സാഹചര്യത്തിലുള്ളവരുടെ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇവർക്ക് സമയബന്ധിതമായി രജിസ്റ്റർ നമ്പറുകൾ കണ്ടെത്തി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) ഇതിനെ സേവന അവകാശത്തിന്റെ പരിധിയിൽ കൊണ്ടുവരാൻ സാധിക്കുമോ?

**<u>ആദിവാസികളുടെ ഇടയിൽ ബാലവിവാഹം നിരോധിക്കുന്നതിന് നടപടി</u>**

3806 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആദിവാസികളുടെ ഇടയിൽ പരമ്പരാഗത ആചാരപ്രകാരം പതിനെട്ട് വയസ് തികയാത്തവരുടെ വിവാഹം നടക്കുന്നതായി പറയപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം ബാലവിവാഹം നടത്തുന്നവരുടെ പേരിൽ പോക്സോ നിയമപ്രകാരം കേസ് എടുത്ത് ശിക്ഷിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ഇവരുടെ ഇടയിൽ പ്രസ്തുത വിഷയത്തിൽ എന്തെല്ലാം ബോധവൽക്കരണ പദ്ധതികൾ നടത്തിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ഡി) പരമ്പരാഗത ആചാര പ്രകാരം നടത്തുന്ന വിവാഹം നിയമാനുസൃതമാണെന്ന് ഉറപ്പുവരുത്തുന്നതിന് അവരെ പ്രാപ്തരാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## കായംകുളം മണ്ഡലത്തിൽ നവകേരള സദസ്സിൽ ലഭിച്ച പരാതികൾ

3807 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിൽ നവകേരള സദസ്സിൽ എത്ര പരാതികൾ ലഭിച്ചിരുന്നു എന്നും, ഇതിൽ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ട് എന്നും വിശദമാക്കാമോ?

## കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങൾക്ക് നൽകിവരുന്ന സൗകര്യങ്ങൾ

3808 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നിന്നുള്ള പാർലമെന്റ് അംഗങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തെല്ലാം സൗകര്യങ്ങളാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതര സംസ്ഥാനങ്ങളിൽ നിന്ന് രാജ്യസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്ന മലയാളികളായ എം.പി.മാർക്കും നോമിനേറ്റ് ചെയ്യപ്പെടുന്ന മലയാളികളായ എം.പി.മാർക്കും ഈ സൗകര്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കാമോ?

## സിവിൽ സർവ്വീസ് ഒഴിവുകൾ

3809 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ വർഷവും ഉണ്ടാകുന്ന മൊത്തം ഐ.എ.എസ്. ഒഴിവുകളുടെ എത്ര ശതമാനമാണ് യു.പി.എസ്.സി. പരീക്ഷയിലൂടെ നേരിട്ട് റിക്രൂട്ട് ചെയ്യപ്പെടുന്നവർക്കായി നീക്കിവെച്ചിരിക്കുന്നത് എന്നറിയിക്കുമോ;

(ബി) ഇത്തരത്തിൽ ഓരോ വർഷവും ഉണ്ടാകുന്ന മൊത്തം ഐ.എ.എസ്. ഒഴിവുകളുടെ എത്ര ശതമാനമാണ് സ്റ്റേറ്റ് സിവിൽ സർവ്വീസ്(പ്രമോഷൻ) വിഭാഗത്തിനായി നീക്കിവെച്ചിരിക്കുന്നത് എന്നറിയിക്കുമോ;

(സി) സംസ്ഥാനത്ത് ഓരോ വർഷവും ഉണ്ടാകുന്ന മൊത്തം ഐ.എ.എസ്. ഒഴിവുകളുടെ എത്ര ശതമാനമാണ് സ്റ്റേറ്റ് സിവിൽ സർവ്വീസ്(സെലക്ഷൻ) വിഭാഗത്തിനായി നീക്കിവെച്ചിരിക്കുന്നത് എന്നറിയിക്കുമോ;

(ഡി) ഐ.എ.എസ്. കൺഫേഡ് ചെയ്യപ്പെട്ട എത്ര പേർ ഇപ്പോൾ കേരളത്തിൽ ജോലി ചെയ്യുന്നുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഐ.എ.എസ്. നിയമനം (പ്രമോഷൻ & സെലക്ഷൻ) നടത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

ഇത് സംബന്ധിച്ച നിലവിലെ മാനദണ്ഡങ്ങളിലും ഒഴിവുകൾക്കായി നീക്കിവെച്ചിരിക്കുന്ന നിലവിലെ ശതമാനത്തിലും കാലോചിതമായ മാറ്റം വരുത്തുവാൻ ആലോചിക്കുന്നുണ്ടോ; വിശദമാക്കുമോ?

## സിവിൽ സർവ്വീസ് ഉദ്യോഗസ്ഥർ

3810 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഐ.എ.എസ്., ഐ.പി.എസ്., ഐ..എഫ്.എസ്. തുടങ്ങിയ സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ കുറവുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഒരു വകുപ്പുമേധാവിയ്ക്ക് വിവിധ വകുപ്പുകളുടെ ചുമതലകൾ നൽകിയിട്ടുള്ള സാഹചര്യം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) അഖിലേന്ത്യാ സർവ്വീസിൽ കേരള കേഡറിലുള്ള എത്ര ഓഫീസർമാർ ഡെപ്യൂട്ടേഷനിൽ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ?

## സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷൻ

3811 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്ഥിതിവിവരകണക്ക് വകുപ്പിന്റെ കീഴിൽ സ്റ്റേറ്റ് അക്കാദമി ഓൺ സ്റ്റാറ്റിസ്റ്റിക്കൽ അഡ്മിനിസ്ട്രേഷന്റെ പ്രവർത്തനം ആരംഭിച്ച വർഷവും ഏത് സർക്കാരിന്റെ കാലത്താണെന്നതും വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനത്തിൽ പെർമനന്റ് കേഡർ സ്ട്രെങ്ങ്തിൽ ജീവനക്കാരെ പുനർവിന്യാസത്തിലൂടെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സ്ഥാപനത്തെ ഡാറ്റ റിസർച്ച് ആന്റ് അനാലിസിസ് കേന്ദ്രമാക്കി അക്കാഡമിക് തലത്തിൽ ഉയർത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ഡി) പ്രസ്തുത സ്ഥാപനവുമായി ബന്ധപ്പെട്ട് PLGEA-B1/18/2025-PLGEA നമ്പർ ഫയലിൽ (കമ്പ്യൂട്ടർ നമ്പർ : 3040004) സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കയ്പമംഗലം മണ്ഡലത്തിലെ നവകേരള സദസ്സ്

3812 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള സദസ്സിൽ കയ്പമംഗലം നിയോജക മണ്ഡലത്തിൽ എത്ര പരാതികളാണ് ലഭിച്ചത്; എത്ര പരാതികൾ തീർപ്പാക്കിയിട്ടുണ്ട്; ഇനി എത്ര പരാതികൾ തീർപ്പാക്കാൻ ബാക്കിയുണ്ട്; വകുപ്പുകൾ തിരിച്ചും പഞ്ചായത്ത് തിരിച്ചുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) നവകേരള സദസ്സിന്റെ ഭാഗമായി കയ്പമംഗലം നിയോജക മണ്ഡലത്തിൽ പ്രഖ്യാപിച്ച ഏഴ് കോടി രൂപയുടെ പ്രൊപ്പോസലുകൾക്ക് ഭരണാനുമതിയും

സാങ്കേതികാനുമതിയും നൽകേണ്ടത് ഏത് വിഭാഗമാണെന്നും ഇതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കാമോ?

**<u>സാമ്പത്തിക സ്ഥിതിവിവരക്കണക്ക് ഡയറക്ടർക്കെതിരെയുള്ള പരാതി</u>**

3813 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് ഡയറക്ടർ ബി. ശ്രീകുമാർ മതസ്പർദ്ധ വളർത്തുന്ന തരത്തിൽ വകുപ്പുതല യോഗത്തിൽ സംസാരിച്ചതായും വകുപ്പ് തലത്തിലെ വനിതാ ജീവനക്കാരിയെ അധിക്ഷേപിച്ചതായും പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തുകയോ നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; പരാതികൾ ഉന്നയിച്ച ഉദ്യോഗസ്ഥർക്കെതിരെ ഡയറക്ടർ പ്രതികാര നടപടികൾ സ്വീകരിക്കുന്നതായി പരാതി ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യക്തി വകുപ്പിലെ വനിതാ ജീവനക്കാരെ അധിക്ഷേപിച്ചത് സംബന്ധിച്ച് മുൻപ് പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്മേൽ എന്തെങ്കിലും അച്ചടക്ക നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

**<u>കടമക്കുടി കോതാട്-ചേന്നൂർ പാലം നിർമ്മാണം</u>**

3814 **ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ കടമക്കുടി ഗ്രാമപഞ്ചായത്തിൽ ഗോശ്രീ ഡെവലപ്പ്മെന്റ് അതോറിറ്റിയുടെ ധനസഹായത്തോടെ നിർമ്മിക്കുന്ന കോതാട് - ചേന്നൂർ പാലത്തിന്റെ നിർമ്മാണ അലൈൻമെന്റിൽ ഉൾപ്പെട്ട സ്ഥലം വാട്ടർ മെട്രോയുടെ കോതാട് ടെർമിനലിന്റെ നിർമ്മാണത്തിനായി ഏറ്റെടുത്തതിനാൽ പാലത്തിന്റെയും ടെർമിനലിന്റെയും നിർമ്മാണത്തിൽ വർഷങ്ങളായി നേരിടുന്ന സ്തംഭനാവസ്ഥ പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ പാലത്തിനായുള്ള ജനങ്ങളുടെ ആവശ്യം കണക്കിലെടുത്ത് വാട്ടർ മെട്രോയ്ക്കായി ഏറ്റെടുത്ത സ്ഥലം പാലം നിർമ്മാണത്തിന് വിട്ടു കിട്ടുന്നതിനായി സർക്കാരിന്റെ എൻ.ഒ.സി.ക്കായി ഗതാഗത വകുപ്പിന് നൽകിയിട്ടുള്ള കത്തിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ?

**<u>കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്</u>**

3815 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കണ്ണൂർ ജില്ലയിൽ മലിനീകരണ നിയന്ത്രണ ബോർഡിൽ എൻവയോൺമെന്റ് എഞ്ചിനീയറുടെയും സയന്റിഫിക് ഓഫീസറുടെയും എത്ര തസ്തികകളാണ്

നിലവിലുള്ളത്; ഇതിൽ എത്ര ഒഴിവുകൾ നിലവിലുണ്ട്;

(സി) കണ്ണൂർ ജില്ലയിലെ മലിനീകരണ നിയന്ത്രണ ബോർഡിൽ 31.01.2025-വരെ ലഭിച്ച അപേക്ഷകളിൽ എത്ര അപേക്ഷകൾ തീർപ്പാക്കാൻ ബാക്കിയുണ്ട്;

(ഡി) ലഭിച്ച അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## കേരള സിവിൽ സർവ്വീസ് കോഡ്

3816 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ, കെ.എസ്.&എസ്.എസ്.ആർ, കോൺഡക്ട് റൂൾസ് എന്നിവ സംയോജിപ്പിച്ച് കേരള സിവിൽ സർവ്വീസ് കോഡ് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ, വിശദവിവരം നൽകുമോ;

(ബി) 27.11.2024-ലെ മന്ത്രിസഭാ യോഗതീരുമാന പ്രകാരം സബോഡിനേറ്റ് സർവ്വീസിലും സ്റ്റേറ്റ് സർവ്വീസിലും നിരീക്ഷണ കാലയളവ് ഒരു തവണ മാത്രമാക്കുന്നതിനുള്ള വിശേഷാൽ ചട്ടങ്ങൾ രൂപീകരിക്കുന്നതിന് വകുപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

## ഫോറൻസിക് ഡിപ്പാർട്ട്മെന്റിൽ എം.എസ്സ്.സി. ഫോറൻസിക് സയൻസുകാരെ പരിഗണിക്കാൻ നടപടി

3817 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്**
**ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറൻസിക് ഡിപ്പാർട്ട്മെന്റിലെ പല തസ്തികകൾക്കും എം.എസ്സ്.സി. ഫോറൻസിക് സയൻസ് പഠിച്ചവരെ പി.എസ്.സി. പരിഗണിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കേരള ഹൈക്കോടതിയുടെ ഉത്തരവിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ഹയർ ക്വാളിഫിക്കേഷൻ പല തസ്തികകൾക്കും ഒരു അയോഗ്യതയായി കണക്കാക്കുന്നത് അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

## ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയിലേയ്ക്ക് പി.എസ്.സി. വിജ്ഞാപനം

3818 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയിലേയ്ക്ക് പുതിയ പി.എസ്.സി. വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് കാലതാമസം

നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ; എത്രയും വേഗം വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) വിവിധ വകുപ്പുകളിൽ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികകൾ ക്ലാർക്ക് തസ്തികകളായി മാറ്റാമോ എന്നതിൽ വകുപ്പുകളിൽ പ്രവൃത്തി പഠനം നടത്തുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ; ഇതിനകം എതെല്ലാം വകുപ്പുകൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് പറയാമോ;

(സി) പ്രവൃത്തി പഠനത്തിന്റെ ഭാഗമായി ശേഖരിച്ച റിപ്പോർട്ടിൽ ഏതെല്ലാം വകുപ്പുകളാണ് ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക നിലനിർത്തണമെന്നും, ഏതെല്ലാം വകുപ്പുകളാണ് ഈ തസ്തികയെ ക്ലാർക്ക് തസ്തികയാക്കി മാറ്റണമെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ഡി) ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക സംബന്ധിച്ച് പ്രവൃത്തി പഠനം നടക്കുന്നതിനാൽ ഈ തസ്തികയിലേയ്ക്ക് പുതിയ വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതില്ലെന്ന് ഉദ്യോഗസ്ഥ-ഭരണ പരിഷ്കാര (ഉപദേശക-സി) വകുപ്പിൽ നിന്നും ഉപ.സി.3/59/2024/പി.ആന്റ്.എ.ആർ.ഡി. നമ്പറായി 21.08.2024 ന് പി.എസ്.സി.യ്ക്ക് കത്ത് നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഈ കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; തസ്തികയുടെ പ്രവൃത്തി പഠനം നടക്കുന്ന എന്ന കാരണത്താൽ മാത്രം ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക്, ടൈപ്പിസ്റ്റ് (വിവിധം) തസ്തികയിലേയ്ക്കുള്ള പുതിയ വിജ്ഞാപനം തടഞ്ഞുവച്ചതിന്റെ അടിയന്തിര സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) വർഷംതോറും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പോളിടെക്നിക്കുകളിൽ നിന്ന് കോമേഴ്സ്യൽ പ്രാക്ടീസ് കോഴ്സും കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ നിന്ന് സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സും പരീക്ഷാ ഭവൻ നടത്തുന്ന കെ.ജി.റ്റി.ഇ.(കൊമേഴ്സ്) ടൈപ്പ് റൈറ്റിംഗ് &കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് പരീക്ഷയും പാസ്സാകുന്ന പതിനായിരത്തിലധികം വരുന്ന വിദ്യാർത്ഥികൾക്ക് സർക്കാർ ജോലി നേടുന്നതിനുള്ള പരിമിതമായ അവസരങ്ങളിലൊന്നായ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്കിക നിലനിർത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(എഫ്) ഇരുപതിലധികം വരുന്ന വകുപ്പുകളിലെ, ടൈപ്പിസ്റ്റ് തസ്തിക നിലവിലില്ലാത്ത ഓഫീസുകളിൽ നിലവിലുള്ള ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തിക നിർത്തലാക്കുന്നതിന് പകരം ഈ തസ്തികകളിൽ ജോലി ചെയ്യുന്നവരുടെ ചുമതലകളിൽ വ്യക്തത വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ആലപ്പുഴ ജില്ലയിലെ പി.എസ്.സി. നിയമനം</u>**

3819 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം ആലപ്പുഴ ജില്ലയിൽ പി.എസ്.സി. മുഖേന എത്ര പേർക്ക് നിയമനം നൽകിയെന്ന് വകുപ്പ്, തസ്തിക എന്നിവ തിരിച്ച് അറിയിക്കാമോ?

## കൊല്ലം ജില്ലയിലെ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് തസ്തികയിലെ പുതിയ വിജ്ഞാപനം

3820 **ശ്രീ കോവൂർ കുഞ്ഞുമോൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്കുള്ള പുതിയ പി.എസ്.സി. വിജ്ഞാപനം എത്രയും വേഗം പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) ടൈപ്പ് റൈറ്റിംഗ് & കമ്പ്യൂട്ടർ വേഡ് പ്രോസസ്സിംഗ് കെ.ജി.റ്റി.ഇ. സർട്ടിഫിക്കറ്റും കൊമേഴ്സ്യൽ പ്രാക്ടീസ് സർട്ടിഫിക്കറ്റും സെക്രട്ടേറിയറ്റ് പ്രാക്ടീസ് കോഴ്സ് സർട്ടിഫിക്കറ്റും നേടിയ ഉദ്യോഗാർത്ഥികൾക്ക് സർക്കാർ ജോലി നേടുന്നതിനുള്ള വിരളമായ അവസരങ്ങളിലൊന്നായ ക്ലാർക്ക് ടൈപ്പിസ്റ്റ്/ടൈപ്പിസ്റ്റ് ക്ലാർക്ക് (വിവിധ വകുപ്പുകൾ) തസ്തികയിലേയ്ക്കുള്ള പുതിയ പി.എസ്.സി. വിജ്ഞാപനത്തിന് കാലതാമസം ഉണ്ടാകുന്നില്ല എന്ന് ഉറപ്പാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## കൊല്ലം ജില്ലയിൽ പി.എസ്.സി. റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

3821 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കൊല്ലം ജില്ലയിൽ വിവിധ വകുപ്പുകളിലായി പി.എസ്.സി. നൽകിയ നിയമന ശിപാർശകളുടെ റാങ്ക് ലിസ്റ്റുകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജില്ലയിൽ വിവിധ വകുപ്പുകളിൽ വിവിധ തസ്തികകളിലായി എത്ര ഒഴിവുകളിലാണ് ഇനിയും നിയമന ശിപാർശകൾ നൽകാൻ ബാക്കിയുള്ളതെന്ന് തസ്തിക തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

## എൽ.ഡി ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം

3822 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.ഡി ക്ലർക്ക് റാങ്ക് ലിസ്റ്റിൽ നിന്നും 2025 ഫെബ്രുവരി വരെ എത്ര പേർക്ക് നിയമനം നൽകാൻ സാധിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) പ്രതീക്ഷിക്കപ്പെടുന്ന ഒഴിവുകൾ എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) 2024, 2025 വർഷങ്ങളിൽ ഡി.പി.സി കൂടാത്ത വകുപ്പുകൾ ഏതെല്ലാമാണെന്നും; ഇക്കാരണത്താൽ പ്രൊമോഷൻ നൽകുന്നതിൽ ഉണ്ടാകുന്ന കാലതാമസം എൻട്രി ലെവൽ തസ്തികയിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനെ ബാധിക്കുന്നുവെന്ന ഉദ്യോഗാർത്ഥികളുടെ ആശങ്ക പരിഹരിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## നോൺ ഗസറ്റഡ് കോമൺ കാറ്റഗറി സർവീസിലെ നിരീക്ഷണ കാലം

3823 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിൽ ഒരു ജീവനക്കാരൻ ക്ലർക്ക് തസ്തികയിൽ ജോലിയിൽ പ്രവേശിച്ച് നിരീക്ഷണ കാലം വിജയകരമായി പൂർത്തീകരിച്ച് കഴിഞ്ഞാൽ തുടർന്നുള്ള സ്ഥാനക്കയറ്റ തസ്തികകളായ സീനിയർ ക്ലർക്ക് തസ്തികയിലും ഹെഡ് ക്ലർക്ക് തസ്തികയിലും നിരീക്ഷണ കാലം വീണ്ടും വിജയകരമായി പൂർത്തീകരിക്കേണ്ടതുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലായെങ്കിൽ ഏത് ചട്ടങ്ങൾ/ഉത്തരവുകൾ/പരിപത്രങ്ങൾ പ്രകാരമാണ് സീനിയർ ക്ലർക്ക് തസ്തികയിലും ഹെഡ് ക്ലർക്ക് തസ്തികയിലും നിരീക്ഷണ കാലം വേണ്ടതില്ല എന്ന് വ്യക്തമാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ; പ്രസ്തുത ചട്ടങ്ങളുടെ/ ഉത്തരവുകളുടെ/പരിപത്രങ്ങളുടെ പകർപ്പ് നൽകാമോ;

(സി) കെ.എസ് &എസ്.എസ്.ആർ. 1958 ചട്ടങ്ങളിലെ, ഭാഗം-II പൊതു ചട്ടങ്ങൾ- ചട്ടം 28 (a) (ii) ലെ രണ്ടാം പ്രോവിസോ അനുസരിച്ച് ഒരു ജീവനക്കാരൻ ഒരു തസ്തികയിൽ ഏറ്റവും കുറഞ്ഞത് ഒരു വർഷം സർവീസ് പൂർത്തിയാക്കിയതിന് ശേഷമേ പ്രമോഷന് അർഹനാവൂ എന്നുള്ള വ്യവസ്ഥയിൽ ഇളവ് നൽകിയിട്ടുള്ള സംസ്ഥാന സർക്കാർ സർവീസിലെ നോൺ ഗസറ്റഡ് കോമൺ കാറ്റഗറി സ്ഥാനക്കയറ്റ തസ്തികകൾ/നോൺ ഗസറ്റഡ് കോമൺ കാറ്റഗറി റേഷ്യോ ബേസ്ഡ് പ്രമോഷൻ തസ്തികകൾ ഏതൊക്കെയാണെന്ന് അറിയിക്കാമോ;

(ഡി) മേൽപ്രകാരം ഇളവ് നൽകുന്നതിന് വ്യവസ്ഥ ഇല്ലായെങ്കിൽ, സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിൽ നോൺ ഗസറ്റഡ് കോമൺ കാറ്റഗറി തസ്തികകളിലേയ്ക്ക് (നോൺ ഗസറ്റഡ് കോമൺ കാറ്റഗറി റേഷ്യോ ബേസ്ഡ് പ്രമോഷൻ തസ്തികകളിലേയ്ക്ക് ഉൾപ്പെടെ) നിശ്ചിത അർഹത സർവീസ് കാലയളവ് പരിധിയായ ഒരു വർഷം തികയുന്നതിന് മുമ്പ് സ്ഥാനക്കയറ്റങ്ങൾ നൽകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദവിവരം നൽകുമോ?

## പ്രമോഷൻ/ബൈ ട്രാൻസ്ഫർ പ്രമോഷൻ തസ്തികകളിലെ നിരീക്ഷണകാലം

3824 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന് കീഴിലുള്ള വിവിധ വകുപ്പുകളിൽ, കേരള മിനിസ്റ്റീരിയൽ സബോർഡിനേറ്റ് സർവീസിൽ ഉൾപ്പെട്ട സീനിയർ ക്ലർക്ക്/ഹെഡ് ക്ലർക്ക് തസ്തികകളിൽ നിന്നും പ്രമോഷൻ മുഖാന്തരം ജൂനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് നിയമിതരാകുന്ന ജീവനക്കാർക്കും അതത് വകുപ്പുകളിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് ജൂനിയർ സൂപ്രണ്ടിന്റെ സമാന ഇന്റർ ചെയ്ഞ്ചബിൾ തസ്തികയിലേയ്ക്ക് (ഈ സമാന ഇന്റർ ചെയ്ഞ്ചബിൾ തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ പ്രമോഷൻ കൂടാതെ, അതത് വകുപ്പുകളിലെ സ്പെഷ്യൽ റൂൾ അനുസരിച്ച് പി.എസ്.സി മുഖാന്തരമുള്ള നേരിട്ടുള്ള നിയമനം കൂടി ഒരു നിയമന രീതിയായി പറഞ്ഞിട്ടുള്ള സംഗതികളിൽ) ബൈ ട്രാൻസ്ഫർ പ്രമോഷൻ മുഖാന്തരം നിയമിതരാകുന്ന ജീവനക്കാർക്കും നിരീക്ഷണ കാലയളവ് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ;

(ബി) മേൽപ്പറഞ്ഞ സംഗതിയിൽ പ്രമോഷൻ മുഖാന്തരവും ബൈ ട്രാൻസ്ഫർ പ്രമോഷൻ മുഖാന്തരവും സ്ഥാനക്കയറ്റം ലഭിക്കുന്നവരെ (ഇവരുടെ നിരീക്ഷണകാലം സ. ഉ.

(അച്ചടി) നമ്പർ. 17/2018/ഉ.ഭ.പ.വ. തീയതി 17-12-2018 ഖണ്ഡിക 4 (i), (v) പ്രകാരം യഥാക്രമം ഒരു വർഷവും രണ്ട് വർഷവുമായി വ്യവസ്ഥ ചെയ്തിട്ടുള്ളതിനാൽ) രണ്ട് തസ്തികകളും സമാനവും ഇന്റർ ചെയ്ഞ്ചബിളും ആകയാൽ, നിരീക്ഷണ കാലയളവിനുള്ളിൽ തന്നെ ഭരണപരമായ കാരണങ്ങളാൽ പരസ്പരം മാറ്റി നിയമിക്കപ്പെടുന്ന സാഹചര്യം ഉള്ളതിനാൽ ഇവരുടെ നിരീക്ഷണകാലം കണക്കാക്കുന്നത് എപ്രകാരമെന്ന് അറിയിക്കാമോ?

**<u>അസിസ്റ്റന്റ് എൻട്രി കേഡർ തസ്തികയിൽ ബൈ ട്രാൻസ്ഫർ നിയമനം</u>**

3825 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ബൈ ട്രാൻസ്ഫർ നിയമനം നടത്തുന്നത് സംബന്ധിച്ച് എറ്റവും ഒടുവിൽ സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയത് ഏത് ഉത്തരവ് പ്രകാരം ആണെന്നും ഇതിന്റെ മാനദണ്ഡം എന്തായിരുന്നുവെന്നും വിശദമാക്കുമോ;

(ബി) ഇപ്രകാരം സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വരുന്ന തീയതിയിൽ പൊതുഭരണ വകുപ്പിലെ അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിൽ കംപ്യൂട്ടർ അസിസ്റ്റന്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിൽ നിന്ന് ബൈ ട്രാൻസ്ഫർ നിയമനം നടത്തുന്നതിന് എത്ര തസ്തികകൾ ഇയർമാർക്ക് ചെയത് മാറ്റി വയ്ക്കണമായിരുന്നു; അതിൽ എത്ര തസ്തികകൾ യഥാർത്ഥത്തിൽ മാറ്റി വച്ചിരുന്നു; അവ തമ്മിൽ വ്യത്യാസം ഉണ്ടോ; എങ്കിൽ കാരണം അറിയിക്കുമോ;

(സി) ഇപ്രകാരം സ്പെഷ്യൽ റൂൾ ഭേദഗതി വരുത്തിയതിനു ശേഷം സെക്രട്ടേറിയറ്റ് പൊതുഭരണ വകുപ്പിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തികയിൽ ആദ്യമായി ജോയിൻ ചെയ്ത വ്യക്തിയുടെ പേരും പെൻ നമ്പരും ജോയിൻ ചെയ്ത തീയതിയും അറിയിക്കുമോ; ടിയാൾക്ക് അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനത്തിന് അർഹതപ്പെട്ട തീയതി എന്നാണെന്നും നിയമനം നൽകിയ തീയതി എന്നാണെന്നും വ്യക്തമാക്കുമോ; രണ്ട് തീയതികളും തമ്മിൽ വ്യത്യാസമുണ്ടെങ്കിൽ ഇപ്രകാരം വ്യത്യാസമുണ്ടായതിനുള്ള കാരണം വിശദമാക്കുമോ;

(ഡി) ടിയാൾക്ക് അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിൽ ബൈ ട്രാൻസ്ഫർ നിയമനത്തിന് അർഹതപ്പെട്ട തീയതി മുതൽ ബൈ ട്രാൻസ്ഫർ അനുവദിച്ച തീയതി വരെ പൊതു ഭരണ വകുപ്പിലെ അസിസ്റ്റൻറ് (എൻട്രി കേഡർ) തസ്തികയിൽ എത്രപേർക്ക് നിയമനം നൽകി; ഇപ്രകാരം നിയമനം നൽകിയവരുടെ പേരും, പെൻ നമ്പരും, നിയമനം നൽകിയ തീയതിയും, നിയമന വിശദാംശങ്ങളും അറിയിക്കുമോ;

(ഇ) ഇപ്രകാരം അസിസ്റ്റന്റ് (എൻട്രി കേഡർ) തസ്തികയിലേക്ക് ബൈ ട്രാൻസ്ഫർ നിയമനം ലഭിച്ച പ്രസ്തുത വ്യക്തി തനിക്ക് അർഹതപ്പെട്ട സീനിയോറിറ്റി പുന:സ്ഥാപിച്ചു നൽകണമെന്ന് അപേക്ഷിച്ചുകൊണ്ട് അപേക്ഷ നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കുമോ?

**<u>2019-ലെ ശമ്പള പരിഷ്കരണം ദിവസവേതന ജീവനക്കാർക്ക് ബാധകമാക്കുന്നതിന് നടപടി</u>**

3826 **ശ്രീ തോമസ് കെ തോമസ്**
**ശ്രീ. കെ.പി.മോഹനൻ**
**ശ്രീ കോവൂർ കുഞ്ഞുമോൻ**
**ശ്രീ മാത്യു ടി. തോമസ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ലെ ശമ്പള പരിഷ്കരണം ദിവസവേതന ജീവനക്കാരുടെ ദിവസവേതനത്തിന് ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## <u>പുതുക്കാട് മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി</u>

3827 **ശ്രീ. കെ.കെ. രാമചന്ദ്രൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിലെ പുതുക്കാട് മണ്ഡലത്തിൽ കെ-ഫോൺ പദ്ധതി നടപ്പാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികളും നിലവിൽ നൽകിയിട്ടുള്ള കണക്ഷനുകൾ എത്രയെന്നുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പദ്ധതി പ്രകാരം മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലെ അർഹരായ ജനങ്ങൾക്കും സ്ഥാപനങ്ങൾക്കും മുൻഗണനാ ക്രമത്തിൽ കെ-ഫോൺ കണക്ഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>യൂണിഫൈഡ് സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോം</u>

3828 **ശ്രീ എം നൗഷാദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ എല്ലാ ഓൺലൈൻ സേവനങ്ങളും ഒരു കുടക്കീഴിൽ ലഭ്യമാക്കുന്നതിനായി ഡിജിറ്റൽ കേരള ആർക്കിടെക്ചർ പദ്ധതിയുടെ കീഴിൽ 'യൂണിഫൈഡ് സർവ്വീസ് ഡെലിവറി പ്ലാറ്റ്ഫോം' (യു.എസ്.ഡി.പി.) വികസിപ്പിക്കുവാൻ കേരള സ്റ്റേറ്റ് ഐ.ടി. മിഷന് ഭരണാനുമതി നല്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വിശദാക്കാമോ?

## <u>സ്റ്റാർട്ടപ്പ് ജിനോം കരാറിനുള്ള അംഗീകാരം</u>

3829 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് ജിനോം എന്ന അന്താരാഷ്ട്ര സ്ഥാപനവുമായി കേരള സ്റ്റാർട്ട് അപ്പ് മിഷൻ കരാർ ഉണ്ടാക്കുമ്പോൾ കേന്ദ്ര സർക്കാരിന്റെ അംഗീകാരം/അനുവാദം വാങ്ങിയിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>സ്റ്റാർട്ടപ്പ് കമ്പനികൾക്കുള്ള സഹായങ്ങൾ</u>

3830 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.ടി. ആസ്ഥാനമായി പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പ് കമ്പനികൾക്കായി എന്തൊക്കെ സഹായങ്ങളാണ് പ്രഖ്യാപിച്ചിട്ടുള്ളത്; ഇത്തരത്തിൽ ഇന്നവേറ്റർമാർക്കായി

ഇതുവരെ എത്ര കോടി രൂപയുടെ സഹായധനം ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ

3831 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നേതൃത്വത്തിൽ ഏതെല്ലാം ജില്ലകളിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്;

(ബി) നിലവിൽ ഫ്രണ്ട്സ് ജനസേവന കേന്ദ്രത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ്, കെ.എസ്.ഇ.ബി. തുടങ്ങിയ വകുപ്പുകളുടെ നികുതി, ഫീസ് എന്നിവ സ്വീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങൾ കൂടുതൽ ജനകീയമാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## അക്ഷയ കേന്ദ്രങ്ങളിലെ സേവനങ്ങൾ

3832 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അക്ഷയ കേന്ദ്രങ്ങളിൽ നിന്നും ലഭിക്കുന്ന സേവനങ്ങൾക്ക് ഫീസ് നിരക്ക് നിശ്ചയിച്ചിട്ടുണ്ടോ; സേവനാടിസ്ഥാനത്തിൽ നിശ്ചയിച്ചിരിക്കുന്ന ഫീസ് നിരക്ക് വ്യക്തമാക്കാമോ;

(ബി) അക്ഷയ കേന്ദ്രങ്ങളിൽ നിന്ന് ലഭിക്കുന്ന സേവനവും ഫീസ് നിരക്കും പൊതുജനങ്ങൾക്ക് കാണാവുന്ന തരത്തിൽ പ്രദർശിപ്പിക്കാൻ നിഷ്കർഷിച്ചിട്ടുണ്ടോ; ആയത് പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ഇതിന്മേലുള്ള പരാതികൾ നൽകേണ്ട മേൽവിലാസം, ഇ-മെയിൽ, ടെലിഫോൺ നമ്പർ എന്നിവ ഇതോടൊന്നിച്ച് പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) സേവനത്തിന് ഒടുക്കിയ തുകയും ലഭിച്ച സേവനവും രേഖപ്പെടുത്തുന്ന റെസിപ്റ്റ്/ ബിൽ ലഭിക്കുവാൻ ഗുണഭോക്താവിന് അവകാശമുണ്ടോ; വ്യക്തമാക്കുമോ?

## ഓൺലൈൻ ഗെയിമുകൾ നിരോധിക്കാൻ നടപടി

3833 **ശ്രീ. എൻ. ഷംസുദ്ദീൻ**
**ശ്രീ. മഞ്ഞളാംകുഴി അലി**
**ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓൺലൈൻ ഗെയിമുകളിലൂടെ ഉണ്ടാകുന്ന വൻ സാമ്പത്തിക നഷ്ടം ആളുകളെ ആത്മഹത്യയിലേക്ക് നയിക്കുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹര്യത്തിൽ

ഇതിനെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓൺലൈൻ ഗെയിം/ചൂതാട്ടം/ഭാഗ്യപരീക്ഷണ കളികൾ എന്നിവ നിരോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(സി) എങ്കിൽ ഇതിനായി നിയമ നിർമ്മാണം നടത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

## സ്റ്റാർട്ടപ്പ് ജീനോം -ന്റെ 2020-ലെ കരാർ

3834 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് ജീനോം എന്ന അന്താരാഷ്ട്ര സ്ഥാപനം കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി 2020-ൽ ഉണ്ടാക്കിയ കരാറിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## കെ-ഫോൺ പ്രവൃത്തിയുടെ പുരോഗതി

3835 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ കെ-ഫോൺ പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) അപേക്ഷ നൽകിയ എല്ലാവർക്കും കെ-ഫോൺ കണക്ഷൻ നൽകുന്നുണ്ടോ; ബാലുശ്ശേരി മണ്ഡലത്തിൽ അപേക്ഷ ലഭിച്ച എല്ലാവർക്കും കെ-ഫോൺ കണക്ഷൻ നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

## സ്റ്റാർട്ടപ്പ് ജീനോം റിപ്പോർട്ട്

3836 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് ജീനോം എന്ന അന്താരാഷ്ട്ര സ്ഥാപനം കേരള സ്റ്റാർട്ട് അപ്പ് മിഷന്റേതായി റിപ്പോർട്ട് ചെയ്ത 1.7 ബില്യൺ യു. എസ്. ഡോളർ എക്കോസിസ്റ്റം മൂല്യത്തിൽ 1 ബില്യൺ യു. എസ്. ഡോളറിൽ കൂടുതൽ മൂല്യമുള്ള ഒരു യൂണികോൺ സ്ഥാപനം ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഈ സ്ഥാപനത്തിന്റെ എക്കോസിസ്റ്റം മൂല്യം എത്രയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത യുണികോൺ സ്ഥാപനത്തിന്റെ പേര് വിവരം നൽകാമോ;

(സി) പ്രസ്തുത സ്ഥാപനം കേരളത്തിൽ രജിസ്റ്റർ ചെയ്തതാണോ എന്ന് വ്യക്തമാക്കാമോ; ആണെങ്കിൽ പേര് വിവരങ്ങൾ നൽകാമോ;

(ഡി) ഈ സ്ഥാപനത്തിന് കേരള സ്റ്റാർട്ടപ്പ് മിഷൻ സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ എന്നാണ് സഹായം നൽകിയത് എന്നും എത്ര തുകയാണ് നൽകിയതെന്നും വ്യക്തമാക്കാമോ?

## സി-ഡിറ്റിലെ ഒറാക്കിൾ സേവനം

3837 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ് രജിസ്ട്രാർ ആയിരുന്ന ജി. ജയരാജ് പ്രസ്തുത തസ്തികയിൽ നിന്നും പിരിഞ്ഞു പോകുന്ന 31.05.2019 -ൽ ഒറാക്കിൾ ക്ലൌഡ് സർവീസസിന് വേണ്ടി അറുപത്തിനാല് ലക്ഷം രൂപയുടെ പർച്ചേസ് ഓർഡർ സൊനാറ്റ ഇൻഫർമേഷൻ ടെക്നോളജി ലിമിറ്റഡ് എന്ന കമ്പനിക്ക് നല്കിയിരുന്നോ;

(ബി) പ്രസ്തുത പർച്ചേസ് ഓർഡർ ഇഷ്യൂ ചെയ്യാൻ സി-ഡിറ്റ് ഡയറക്ടർ ആയിരുന്ന എം. ശിവശങ്കർ ഐ.എ.എസ്. അന്നേ ദിവസം രാത്രി എത്ര മണിക്കാണ് അനുമതി നൽകിയതെന്ന് ഇ-ഓഫീസ് രേഖകൾ സഹിതം വ്യക്തമാക്കുമോ;

(സി) പ്രസ്തുത പർച്ചേസ് ഓർഡർ പ്രകാരമുള്ള സേവനം സൊനാറ്റ കമ്പനി സി-ഡിറ്റിനു നല്കിയിരുന്നോ; സി-ഡിറ്റിൽ തുക ആവശ്യപ്പെട്ടു സൊനാറ്റ കമ്പനി നൽകിയ ബില്ലുകളുടെയും കത്തുകളുടെയും പകർപ്പുകൾ ലഭ്യമാക്കുമോ; പ്രസ്തുത ബിൽ അനുസരിച്ചുള്ള തുക സി-ഡിറ്റ് സൊനാറ്റ കമ്പനിക്ക് നല്കിയിരുന്നോ; ഇല്ലെങ്കിൽ കാരണം എന്തെന്ന് രേഖകൾ സഹിതം വിശദമാക്കുമോ;

(ഡി) സി-ഡിറ്റ് പ്രസ്തുത സേവനം ഉപയോഗിച്ചിട്ടില്ലെങ്കിൽ സി-ഡിറ്റിനു ഒറാക്കിൾ നൽകിയ ലോഗ് ഇൻ രേഖകൾ ദുരുപയോഗം ചെയ്തു അറുപത്തിനാല് ലക്ഷം രൂപയുടെ ബില്ലിന് ആരാണ് ഉത്തരവാദികൾ എന്നത് കണ്ടെത്തി നടപടിയെടുക്കുമോ?

## <u>ഐ.ടി. നയം</u>

3838 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ ഐ.ടി. നയം കൊണ്ടുവരുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

## <u>സി-ഡിറ്റിൽ അന്യത്രസേവന വ്യവസ്ഥയിൽ സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥർ</u>

3839 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിൽ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, ഫിനാൻസ് ഓഫീസർ തസ്തികകളിലേക്ക് അന്യത്രസേവന വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കാൻ സെക്രട്ടേറിയറ്റ് ഉദ്യോഗസ്ഥരെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അവരുടെ സേവന ഉത്തരവാദിത്തങ്ങൾ നിഷ്കർഷിച്ച് നൽകിയിട്ടുണ്ടോ; ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ ഉദ്യോഗസ്ഥർ ഉള്ളപ്പോൾത്തന്നെ ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് (അഡ്മിനിസ്ട്രേഷൻ), ഹെഡ് ഓഫ് ഡിപ്പാർട്ട്മെന്റ് (അക്കൗണ്ട്സ്) തുടങ്ങിയ താൽക്കാലിക ഫംഗ്ഷണൽ തസ്തികകൾ സൃഷ്ടിച്ച് സി-ഡിറ്റിലെ തന്നെ രണ്ട് ജീവനക്കാർക്ക് ചുമതല നൽകിയതുമായി ബന്ധപ്പെട്ട ഫയലുകളുടെ പകർപ്പ് ലഭ്യമാക്കുമോ;

(സി) സർക്കാരിന്റെ അനുമതിയോടുകൂടിയാണോ പ്രസ്തുത തസ്തികകൾ സി-ഡിറ്റ് അധികാരികൾ സൃഷ്ടിച്ചിരിക്കുന്നത്; അന്യത്രസേവന വ്യവസ്ഥയിൽ സർക്കാർ നിയോഗിച്ച ഉദ്യോഗസ്ഥർക്ക് നിർവഹിക്കാൻ കഴിയാത്ത എന്ത് ചുമതലകളാണ് താൽക്കാലിക തസ്തികകളുടെ ചുമതല വഹിക്കുന്ന ജീവനക്കാർക്ക് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

## <u>സ്റ്റാർട്ടപ്പ് ജീനോം</u>

3840 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. അൻവർ സാദത്ത്**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. ചാണ്ടി ഉമ്മൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പ് ജീനോം എന്ന അന്താരാഷ്ട്ര സ്ഥാപനത്തിന് സംസ്ഥാന സ്റ്റാർട്ടപ്പ് മിഷൻ അവരുടെ ഗ്ലോബൽ സ്റ്റാർട്ടപ്പ് എക്കോസിസ്റ്റം റിപ്പോർട്ടിൽ ഉൾപ്പെടുത്താനും വെബ്സൈറ്റിലെ പരാമർശം അടക്കമുള്ള പ്രവൃത്തികൾക്കായും പണം നൽകിയിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ അന്താരാഷ്ട്ര ഏജൻസിക്ക് പണം നൽകി റിപ്പോർട്ടിൽ പേര് വരുത്താനുണ്ടായ അടിയന്തര സാഹചര്യം എന്താണെന്ന് വിശദമാക്കാമോ?

## <u>സി-ഡിറ്റ്</u>

3841 **ശ്രീ. സജീവ് ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റ്, സൊസൈറ്റി റൂൾസ് ആൻഡ് റെഗുലേഷൻസിൽ ചട്ടം 15 (4 vii) പ്രകാരം “ All correspondences addressed to or by the society shall ordinarily be in the name of the Registrar” ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സി-ഡിറ്റ് ഡയറക്ടറായി ജി. ജയരാജ് ചുമതലയേറ്റശേഷം ഡയറക്ടറിന്റെ പേരിൽ മാതൃ വകുപ്പിലേക്ക് എത്ര കത്തുകൾ അയച്ചിട്ടുണ്ട്; ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) ഏത് സാഹചര്യത്തിലാണ് രജിസ്ട്രാർ മുഖേന അല്ലാതെ സി-ഡിറ്റ് ഡയറക്ടർ നേരിട്ട് കത്തുകൾ അയച്ചതെന്ന് വിശദമാക്കുമോ?

## <u>സി-ഡിറ്റിന്റെ ഓഡിറ്റ് റിപ്പോർട്ടുകൾ</u>

3842 **ശ്രീ. സനീഷ്കുമാർ ജോസഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ഡിറ്റിന്റെ ഏതു വർഷം വരെയുള്ള പൂർത്തീകരിച്ച ഓഡിറ്റ് റിപ്പോർട്ടുകൾ ലഭ്യമാണ്; സി-ഡിറ്റിലെ വകുപ്പുകളായ വീഡിയോ കമ്മ്യൂണിക്കേഷൻ, ഇൻഫോർമാറ്റിക്സ്, വെബ് സർവ്വീസസ്, ഒ.ഐ.പി, ഡിജിറ്റൈസേഷൻ, ഇ-ഗവേണൻസ്, റ്റി.ഇ.ഡി. സിസ്റ്റം ഇന്റഗ്രേഷൻ, പ്രാദേശിക കേന്ദ്രങ്ങൾ എന്നിവയുടെ 2016-17 മുതൽ ഓഡിറ്റ് പൂർത്തിയായ അവസാന വർഷം വരെയുള്ള വരവ് ചെലവ്

കണക്കുകൾ വാർഷിക അടിസ്ഥാനത്തിൽ വിശദമാക്കുമോ; ഓഡിറ്റ് രേഖകൾ ലഭ്യമാക്കുമോ;

(ബി) ഓഡിറ്റ് രേഖ പ്രകാരം പ്രസ്തുത വകുപ്പുകളിൽ നാലോ അതിലധികമോ വർഷമായി തുടർച്ചയായി നഷ്ടത്തിൽ പ്രവർത്തിച്ച വകുപ്പുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത കണക്ക പ്രകാരം ഓരോ വകുപ്പിന്റെയും നാല് വർഷത്തെ സഞ്ചിത നഷ്ടം എത്രയെന്ന വ്യക്തമാക്കുമോ;

(സി) നഷ്ടമുള്ള വകുപ്പുകളുടെ പ്രവർത്തനം വിലയിരുത്തി സമയബന്ധിതമായി തിരുത്തൽ നടപടികളെടുക്കാൻ സി-ഡിറ്റിനു നിർദ്ദേശം നൽകുമോ; വിശദമാക്കാമോ?

## റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതി

3843 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റീബിൽഡ് കേരള ഇനീഷ്യേറ്റീവ് പദ്ധതി പ്രകാരം പദ്ധതികൾ അനുവദിച്ചിട്ടുണ്ടോ എന്നു വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഏതൊക്കെ വകുപ്പുകളിൽ ഏതൊക്കെ പദ്ധതികൾക്ക് എത്ര തുകയാണ് അനുവദിച്ചതെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ?

## 2018-ലെ പ്രളയ നഷ്ടപരിഹാരം

3844 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ പ്രളയത്തിൽ വീടിന് കേടുപാടുകൾ സംഭവിച്ചതിന്മേൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ അർഹതപ്പെട്ട നഷ്ടപരിഹാരം ലഭിക്കുന്നതിനായി പെർമനെന്റ് ലോക് അദാലത്തിൽ നൽകിയ പരാതിയുടെ വിധിപ്രകാരം എത്രപേർക്ക് നഷ്ടപരിഹാരം നൽകേണ്ടതായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത തുക ലഭിക്കുന്നതിനായി വൈപ്പിൻ മണ്ഡലത്തിലെ പി.വി. അനിൽവാസ്, ഷാലു കെ.കെ., കെ.സി. അംബ്രോസ്, ഷീജ സത്യൻ തുടങ്ങിയവർ എം.എൽ.എ. മുഖാന്തരം മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്ന നിവേദനങ്ങളിൽ സ്വീകരിച്ചിട്ടുള്ള നടപടി വിശദമാക്കാമോ;

(സി) പ്രസ്തുത വ്യക്തികൾക്ക് എന്നത്തേയ്ക്ക് നഷ്ടപരിഹാരം ലഭ്യമാക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

## റീബിൽഡ് കേരള പദ്ധതിയിൽ പുതിയ പ്രവൃത്തികൾ

3845 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീബിൽഡ് കേരള പദ്ധതിയിൽ പുതിയ പ്രവൃത്തികൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ദേവികുളം മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതി പ്രകാരം ഏതൊക്കെ പ്രവൃത്തികൾ അനുവദിച്ചിട്ടുണ്ടെന്ന് അറിയിക്കുമോ; അവയുടെ വിശദാംശം ലഭ്യമാക്കാമോ?

## ദുരന്തനിവാരണ ഫണ്ടിൽ നിന്നും ധനസഹായം

3846 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മനുഷ്യ-വന്യജീവി സംഘർഷം പ്രത്യേക ദുരന്തമായി സർക്കാർ പ്രഖ്യാപിച്ച സാഹചര്യത്തിൽ വന്യജീവി ആക്രമണംമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ദുരന്തനിവാരണ ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) 03.03.2025-ന് ആനയുടെ ആക്രമണത്തിൽ നിന്നും രക്ഷപ്പെടാൻ ശ്രമിക്കുന്നതിനിടയിൽ മരണപ്പെട്ട കോട്ടപ്പടി ചുവക്കണ്ടം സ്വദേശി കുഞ്ഞപ്പൻ എന്ന വ്യക്തിയുടെ കുടുംബത്തിന് ദുരന്തനിവാരണ ഫണ്ടിൽ നിന്നും ധനസഹായം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി

3847 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കുമ്പോൾ മെഡിക്കൽ/എക്സ്പെൻഡിച്ചർ സർട്ടിഫിക്കറ്റിൽ സൂചിപ്പിച്ചിട്ടുള്ള തുകയ്ക്ക് തുല്യമായ ബില്ലുകൾ ഹാജരാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത കാരണത്താൽ വില്ലേജ് ഓഫീസർമാർ അപേക്ഷകൾ തടഞ്ഞു വയ്ക്കുകയോ നിരസിക്കുകയോ അപേക്ഷകനോട് ബില്ലുകൾ ആവശ്യപ്പെടുകയോ ചെയ്യുന്നതുമൂലം പല അപേക്ഷകളും ബഹു. മുഖ്യമന്ത്രി മുൻപാകെ എത്തുന്നതിന് മുൻപ് തന്നെ നിരസിക്കപ്പെടുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിയ്ക്കുന്നതിന് കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ?

## തൊഴിലുറപ്പ് ജോലിക്കിടെ ഉണ്ടായ അപകടമരണത്തിന് നഷ്ടപരിഹാരം

3848 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ രാമന്തളി ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ് ജോലിക്കിടെയുണ്ടായ വാഹനാപകടത്തിൽ മൂന്നു സ്ത്രീ തൊഴിലാളികൾ മരിയ്ക്കാനിടയായ അപകടത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തികസഹായം അനുവദിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) ഇത് ഒരു പ്രത്യേക കേസായി പരിഗണിച്ച് പരമാവധി സാമ്പത്തിക സഹായം അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ടോയെന്നും ഇത് അനുവദിക്കുന്ന കാര്യം പരിഗണനയിലുണ്ടോയെന്നും വ്യക്തമാക്കാമോ?

## വയനാട് ദുരന്തം-സാലറി ചലഞ്ച് ഇനത്തിൽ ലഭിച്ച തുക

3849 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) ചൂരൽമല ദുരന്തത്തെ തുടർന്നുള്ള വയനാട് പുനരധിവാസത്തിനായി നാളിതുവരെ സാലറി ചലഞ്ച് ഇനത്തിൽ എത്ര തുക ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ വകുപ്പിൽ നിന്നും ലഭിച്ച തുക ഇനം തിരിച്ച് ലഭ്യമാക്കുമോ?

## വയനാട് ദുരിതാശ്വാസ നിധി

3850 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്ടിലുണ്ടായ പ്രകൃതി ദുരന്തത്തെ കേന്ദ്രസർക്കാർ ഏത് ഗണത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതുവഴി സംസ്ഥാന സർക്കാരിന് ഏതൊക്കെ തരത്തിലുള്ള ഫണ്ടുകൾ സ്വരൂപിക്കാൻ അനുമതിയുണ്ടാവുമെന്ന് വിശദമാക്കാമോ;

(ബി) കേരളത്തിൽ നിന്നുള്ള ഏതൊക്കെ എം.പി. മാർ തങ്ങളുടെ പ്രാദേശിക വികസന ഫണ്ടിൽ നിന്ന് വയനാട് ദുരിതാശ്വാസത്തിനായി എത്ര രൂപ വീതം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിൽ നിന്നുള്ള ഓരോ എം.പി.മാരും തങ്ങളുടെ ശമ്പളത്തിൽ നിന്ന് എത്ര രൂപ വീതം വയനാട് ദുരിതാശ്വാസ നിധിയിലേക്ക് നൽകിയിട്ടുണ്ട് എന്നത് വിശദമാക്കാമോ;

(ഡി) സംസ്ഥാനത്തിന് പുറത്ത് നിന്നുള്ള ഏതെങ്കിലും എം.പി.മാർ തങ്ങളുടെ ശമ്പളത്തിൽ നിന്നോ പ്രാദേശിക വികസന ഫണ്ടിൽ നിന്നോ വയനാട് ദുരിതാശ്വാസത്തിനായി തുക നൽകിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## താനൂർ ബോട്ട് ദുരന്തം

3851 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) താനൂർ ബോട്ട് ദുരന്തത്തിൽ പരിക്കുപറ്റിയവരുടെ ചികിത്സ സർക്കാർ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ചിരുന്നോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ബോട്ട് ദുരന്തത്തിൽ പരിക്കുപറ്റിയ എത്രപേർക്ക് സർക്കാർ സൗജന്യ ചികിത്സ നൽകി വരുന്നുണ്ട്; ആളുകളുടെ പേരും ആശുപത്രിയും ഇനം തിരിച്ച് വ്യക്തമാക്കാമോ?

## വയനാട് ഉരുൾപൊട്ടൽ ദുരന്തബാധിതരുടെ പുനരധിവാസം

3852 **ശ്രീ. പി. കെ. ബഷീർ**
**ഡോ. എം. കെ. മുനീർ**
**ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് മുണ്ടക്കൈ-ചൂരൽമല ഉരുൾപൊട്ടൽ ദുരന്തത്തിനിരയായവരുടെ പുനരധിവാസ പ്രവർത്തനങ്ങൾ എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

വിശദമാക്കുമോ;

(ബി) പുനരധിവാസത്തിനുള്ള ഗുണഭോക്തൃ ലിസ്റ്റിൽ അപാകതകൾ ഉള്ളതായി പരാതി ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതു പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) പുനരധിവാസ നടപടികൾ പൂർണ്ണമായി എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ?

## വരൾച്ച നേരിടുന്നതിന് നടപടി

3853 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അതിരൂക്ഷമായിക്കൊണ്ടിരിക്കുന്ന വരൾച്ചമൂലം ഉണ്ടായിട്ടുള്ള കെടുതികൾ വിലയിരുത്തിയിട്ടുണ്ടോ; വരൾച്ച നേരിടുന്നതിന് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) വരൾച്ചമൂലം സംസ്ഥാനത്തുളവായിട്ടുള്ള അടിയന്തര സാഹചര്യം നേരിടുന്നതിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ വരൾച്ച നേരിടാൻ പ്രത്യേക കർമ്മപദ്ധതി ആവിഷ്കരിക്കുമോ; വ്യക്തമാക്കാമോ;

(സി) രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് ദുരന്തനിവാരണ വകുപ്പ് കർമ്മപദ്ധതികൾ രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) വരൾച്ച നേരിടുന്നതിന് കേന്ദ്രസർക്കാർ മുമ്പാകെ പ്രൊപ്പോസലുകൾ സമർപ്പിച്ചിട്ടുണ്ടോയെന്നും അവ പരിഗണിച്ചോയെന്നും വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത വിഷയത്തിൽ കേന്ദ്രസർക്കാരിൽ നിന്ന് സഹായം ലഭ്യമായിട്ടുണ്ടോയെന്നും ആവശ്യപ്പെട്ട സാമ്പത്തിക സഹായം എത്രയായിരുന്നുവെന്നും വിശദമാക്കാമോ?

## ഓരുവെള്ളം കയറുന്നതിനാലുള്ള ദുരിതങ്ങൾ പരിഹരിക്കാൻ നടപടി

3854 **ശ്രീ. കെ.എൻ. ഉണ്ണിക്കൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനം മൂലം വേമ്പനാട്ട് കായലിൽ നിന്നും കൈവഴികളിൽ നിന്നും ജനവാസകേന്ദ്രങ്ങളിലേക്ക് മുൻപില്ലാത്തവിധം ഓരുവെള്ളം കയറുന്നതിനാൽ വൈപ്പിൻ, കൊച്ചി ഉൾപ്പെടെയുള്ള തീരദേശ മണ്ഡലങ്ങളിലെ ജനങ്ങൾ അനുഭവിക്കുന്ന ദുരിതങ്ങളും നഷ്ടങ്ങളും പരിഹരിക്കുവാൻ ദുരന്തനിവാരണ വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) ദുരന്തനിവാരണ വകുപ്പ് ഈ പ്രദേശങ്ങളെ സംബന്ധിച്ച പഠന റിപ്പോർട്ടുകളിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) വൈപ്പിൻകരയുടെ കിഴക്ക് ഭാഗത്തുള്ള വീരൻപുഴയിലും കൊച്ചിൻ കോർപ്പറേഷനിലെ 15, 16, 17 ഡിവിഷനുകളോടും നഗരപ്രദേശത്തോടും ചേർന്ന് കിടക്കുന്ന കായലുകളിലും അടിഞ്ഞുകൂടിയിരിക്കുന്ന എക്കലും ചെളിയും നീക്കം ചെയ്യാത്തതിനാലും പുഴയോടും തോടുകളോടും ചേർന്ന് കിടക്കുന്ന ഭൂമി

പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനാലും ഭൂരിഭാഗം പ്രദേശങ്ങളും റോഡുകളും വെള്ളത്തിനടിയിലാകുന്നതിനാൽ ജനങ്ങളുടെ ഭൂമിയും വസ്തുവകകളും നഷ്ടമാകുന്ന ദുരവസ്ഥ കണക്കിലെടുത്ത് ഈ പ്രദേശങ്ങളിൽ വകയിരുത്തിയിരിക്കുന്ന വിവിധ പദ്ധതികൾ പ്രകാരമുള്ള തുകകൾ സമയബന്ധിതമായി വിനിയോഗിക്കാനും കൂടുതൽ തുക വകയിരുത്താനുമുള്ള നടപടികൾ സ്വീകരിക്കുമോ;

(ഡി) വൈപ്പിൻ, കൊച്ചി, എറണാകുളം മണ്ഡലങ്ങളിലെയും കൊച്ചി കോർപ്പറേഷനിലെയും ഓരുവെള്ളത്താലും കടലാക്രമണത്താലും ബുദ്ധിമുട്ട് അനുഭവിക്കുന്ന പ്രദേശങ്ങളിൽ ഭാവിയിൽ ദുരന്തങ്ങൾ സംഭവിക്കാതിരിക്കുന്നതിനായി ദുരന്തനിവാരണ വകുപ്പിന്റെയും ബന്ധപ്പെട്ട വകുപ്പുകളുടെയും സംയുക്തയോഗം വിളിച്ചുചേർക്കാൻ നടപടി സ്വീകരിക്കുമോ?

## കായംകുളം മണ്ഡലത്തിലെ റീ ബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ

3855 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീ ബിൽഡ് കേരള ഇൻഷ്യേറ്റീവ് പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ച കായംകുളം മണ്ഡലത്തിലെ ഭരണിക്കാവ് ഗ്രാമപഞ്ചായത്തിൽ ഉൾപ്പെട്ട വാർഡ് 4 കറ്റാനം വില്ലേജ് ഓഫീസ് കാട്ടുരേത്ത് റോഡ്, ചെട്ടികുളങ്ങര ഗ്രാമപഞ്ചായത്തിലെ വാർഡ് 18 പാട്ടത്തിൽ മുന്ന്- ഗുരുമന്ദിരം-ചക്കാട റോഡ് എന്നീ പ്രവൃത്തികൾ നാളിതുവരെ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ തടസ്സങ്ങൾ എന്താണ് എന്നും, നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വിശദമാക്കാമോ?

## പാലക്കാട് ജില്ലയിലെ റീബിൽഡ് കേരള പദ്ധതികൾ

3856 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാലക്കാട് ജില്ലയിൽ റീബിൽഡ് കേരളയിൽ ഉൾപ്പെടുത്തി എത്ര പദ്ധതികൾ പുതുതായി അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## കായംകുളം മണ്ഡലത്തിലെ പാലം നിർമ്മാണ പ്രവൃത്തികൾക്ക് ഇൻലാൻഡ് നാവിഗേഷന്റെ എൻ.ഒ.സി.

3857 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം മണ്ഡലത്തിലെ കന്നീസക്കടവ് പാലം, കോയിക്കൽപ്പടി പാലം, മാർക്കറ്റ് പാലം, പത്തിയൂർ പാലം എന്നിവയുടെ നിർമ്മാണത്തിനായി ഇൻലാൻഡ് നാവിഗേഷന്റെ എൻ.ഒ.സി. ലഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ ദേവപ്പുരക്കൽ പാലം നിർമ്മാണം

3858 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ മാവേലിക്കര മണ്ഡലത്തിലെ ദേവപ്പുരക്കൽ പാലം നിർമ്മാണത്തിന് വേണ്ടി വെർട്ടിക്കൽ ക്ലിയറൻസ്, ഹൊറിസോണ്ടൽ ക്ലിയറൻസ് എന്നിവയിൽ ഇളവ് ആവശ്യപ്പെട്ട് പൊതുമരാമത്ത് പാലങ്ങൾ വിഭാഗം ഇൻലാൻഡ് നാവിഗേഷൻ വിഭാഗത്തിന് നല്കിയ കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലപ്പുഴ ജില്ലയിലെ വിവിധ പാലങ്ങൾക്ക് ക്ലിയറൻസിൽ ഇൻലാൻഡ് നാവിഗേഷൻ ഇളവ് നല്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ജലഗതാഗതമില്ലാത്ത കനാലിന് മുകളിലൂടെ നിർമ്മിക്കുന്ന ദേവപ്പുരക്കൽ പാലത്തിന്റെ വെർട്ടിക്കൽ-ഹൊറിസോണ്ടൽ ക്ലിയറൻസിൽ ഇളവ് ലഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

## <u>കോവളം-ബേക്കൽ ജലപാത</u>

3859 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലപാതയായ ഈസ്റ്റ്-വെസ്റ്റ് കനാൽ എന്നത്തേക്ക് കമ്മീഷൻ ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കോവളം മുതൽ ബേക്കൽ വരെയുള്ള ജലപാതയിൽ എത്ര കിലോമീറ്ററാണ് പൂർത്തിയാക്കാൻ കഴിഞ്ഞിട്ടുള്ളതെന്നും പൂർണ്ണതോതിൽ അതിന്റെ പ്രവൃത്തി എന്നത്തേക്ക് പൂർത്തിയാക്കുമെന്നും അറിയിക്കുമോ;

(സി) കോവളം-ബേക്കൽ ജലപാത വികസനത്തിന്റെ ഒന്നാം ഘട്ടത്തിൽ പൂർത്തിയായ പ്രവൃത്തികൾ ഏതൊക്കെയെന്നും രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയാണെന്നും അവയിൽ ഏതൊക്കെ പൂർത്തിയായിട്ടുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) കോവളം മുതൽ വർക്കല വരെയുള്ള ലാൻഡ് അക്വിസിഷനും തുടർന്നുള്ള റീഹാബിലിറ്റേഷൻ പ്രവർത്തനങ്ങളും നിലവിൽ ഏത് ഘട്ടത്തിലാണെന്നും ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര വിതരണം ചെയ്തുവെന്നും എത്ര കുടുംബങ്ങളെ പുനരധിവസിപ്പിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ഇ) വെസ്റ്റ്-കോസ്റ്റ് കനാലിന്റെ ഭാഗമായ പാർവ്വതി പുത്തനാർ, ജലപാത നിലവാരത്തിലേക്ക് വികസിപ്പിക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തെല്ലാമാണെന്നും അവയിൽ ഏതെല്ലാം പ്രവൃത്തികൾ പൂർത്തിയായെന്നും അറിയിക്കുമോ;

(എഫ്) കോവളം മുതൽ കൊല്ലം വരെയുള്ള ജലപാത വികസനത്തിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; പ്രസ്തുത ഭാഗം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ?

## <u>കളിയാംവള്ളി പാലം നിർമ്മാണം</u>

3860 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ മുട്ടുങ്ങൾ-നാദാപുരം സ്റ്റേറ്റ് ഹൈവേയിലെ ഇന്ത്യൻ നാവിഗേഷൻ ജലപാത കടന്ന് പോകുന്ന കളിയാംവള്ളി പാലം നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ വിശദമാക്കുമോ?

## ന്യൂ കട്ട് റെഗുലേറ്ററിന്റെ ചോർച്ച തടയാൻ നടപടി

3861 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ ന്യൂ കട്ട് റെഗുലേറ്ററിന്റെ ചോർച്ച തടയാൻ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) റെഗുലേറ്ററിന്റെ ചോർച്ച കാരണം ശുദ്ധജലം കടലിലേക്ക് ഒഴുകി ഉപയോഗശൂന്യമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## വിദേശ രാജ്യങ്ങളിൽ തൊഴിൽ ചെയ്യുന്നവരുടെ വിശദാംശം

3862 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിദേശ രാജ്യങ്ങളിൽ തൊഴിലിൽ ഏർപ്പെട്ടിരിക്കുന്ന മലയാളികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) അനധികൃത റിക്രൂട്ടിംഗ് ഏജൻസികളുടെ തട്ടിപ്പിന് ഇരയായി റഷ്യയിൽ കൂലിപ്പട്ടാളത്തിൽ സേവനം ചെയ്യാൻ നിർബന്ധിതരായ മലയാളികളുടെ വിശദാംശം അറിയിക്കാമോ; ഇവരുടെ മോചനത്തിനായി എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) യുവാക്കളെ വിവിധ നിയമ വിരുദ്ധ പ്രവർത്തനങ്ങൾക്കും ജോലികൾക്കുമായി വിദേശത്തേക്ക് റിക്രൂട്ട് ചെയ്യുന്നതിന് സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ സർക്കാർ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വിശദമാക്കാമോ?

## പ്രവാസി വെൽഫെയർ ബോർഡ് അംഗങ്ങൾക്കുള്ള പെൻഷൻ

3863 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി വെൽഫെയർ ബോർഡ് അംഗങ്ങൾക്കുള്ള പെൻഷൻ ലഭിക്കുന്നതിന് സമയബന്ധിതമായി അപേക്ഷിക്കാൻ കഴിയാതെ പോയ 60 വയസ്സ് കഴിഞ്ഞ പ്രവാസികൾക്ക് കുടിശികയും പിഴയും അടച്ച് പെൻഷന് അപേക്ഷിക്കാൻ നിലവിലുള്ള നിയമത്തിൽ ഭേദഗതി വരുത്താൻ നടപടി സ്വീകരിക്കുമോ?

## പ്രവാസി കേരളീയ ക്ഷേമ ബോർഡ് പെൻഷൻ

3864 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ പെൻഷന് അപേക്ഷിക്കുന്നതിനുള്ള പ്രായം എത്രയാണ്;

(ബി) പ്രവാസി പെൻഷന് അപേക്ഷിക്കുന്ന 60 വയസ്സിന് മുകളിൽ പ്രായമുള്ളവർക്ക് അംശാദായം കുടിശ്ശിക ഉണ്ടെങ്കിൽ കുടിശ്ശിക ഒറ്റത്തവണയായി സ്വീകരിച്ച് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാമോ?

## കേസില്ലാ സർട്ടിഫിക്കറ്റ്

3865 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേസില്ലാ സർട്ടിഫിക്കറ്റ് പുതുരൂപത്തിൽ നൽകിവരുന്നുണ്ടോ; വിശദീകരിക്കാമോ;

(ബി) എഫ്.ഐ.ആർ. ഇട്ടുവെങ്കിലും ക്വാഷ് ആയ കേസ്സുകളുടെയും തീർപ്പായ കേസ്സുകളുടെയും വിവരം സർട്ടിഫിക്കറ്റിൽ ഉൾപ്പെടുത്തുമോ; വിശദമാക്കാമോ;

(സി) ക്രിമിനൽ കേസ്സുകളിൽ പ്രതിയായി ജയിലിലാകുന്നവർ പിന്നീട് കുറ്റവിമുക്തരാകുമ്പോൾ ക്രിമിനൽ പശ്ചാത്തലം ഉണ്ടെന്ന രീതിയിൽ പോലീസ് സ്റ്റേഷനിൽ നിന്നും നൽകുന്ന സർട്ടിഫിക്കറ്റിൽ പ്രസ്തുത വിവരങ്ങൾ ഉൾപ്പെടുത്തുമോ; വിശദമാക്കാമോ;

(ഡി) രാഷ്ട്രീയ കേസ്സുകളിൽ പെടുന്നവർക്ക് ഏതു തരം സർട്ടിഫിക്കറ്റാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ?

## കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങൾ തടയാൻ നടപടി

3866 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര കുട്ടികൾക്കെതിരെയാണ് സോഷ്യൽ ബാക്ക് ഗ്രൗണ്ട് റിപ്പോർട്ട് രജിസ്റ്റർ ചെയ്തിട്ടുള്ളത്; വർഷവും ജില്ലയും തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) കൊലപാതക കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ട എത്ര പേർ കുട്ടികൾക്കുള്ള ജയിലുകളിൽ കഴിയുന്നുണ്ട്; കണക്ക് ലഭ്യമാക്കുമോ;

(സി) കുട്ടികൾക്കിടയിലെ കുറ്റകൃത്യങ്ങൾ തടയുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ?

## പ്രായപൂർത്തിയാകാത്തവർ പ്രതികളായ കേസുകൾ

3867 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് ഓരോവർഷവും പ്രായപൂർത്തിയാകാത്തവർ പ്രതികളായ എത്ര കൊലപാതക കേസുകൾ, ലൈംഗിക പീഡന കേസുകൾ, അക്രമ കേസുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കേസുകളിൽ കുറ്റവാളികൾ

ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; പ്രസ്തുത കുറ്റവാളികൾക്ക് ലഭിച്ചിട്ടുള്ള പരമാവധി ശിക്ഷ എന്താണ്; വിശദമാക്കാമോ;

(ബി) കുട്ടികൾ ആസൂത്രിതമായി കുറ്റകൃത്യം ചെയ്യുന്നത് തടയാൻ എന്തൊക്കെ പ്രതിരോധ നടപടികളാണ് പോലീസ് സംവിധാനം ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## <u>ക്ലോസ്ഡ് എ.ആർ.-ലെ ഓഫീസർമാർക്ക് എച്ച്.ആർ.എ.</u>

3868 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊലീസ് വകുപ്പിൽ ഒരേ സ്റ്റാൻഡിങ് ഓർഡർ പ്രകാരം ഡ്യൂട്ടി ചെയ്യുന്ന ബറ്റാലിയനിലെയും ക്ലോസ്ഡ് എ.ആർ.-ലെയും എ.എസ്.ഐ. മുതൽ മുകളിലോട്ടുള്ള ഓഫീസർമാരിൽ ബറ്റാലിയനിലെ ഓഫീസർമാർക്ക് എച്ച്.ആർ.എ. അനുവദിക്കുകയും ക്ലോസ്ഡ് എ.ആർ.-ലെ ഓഫീസർമാർക്ക് എച്ച്.ആർ.എ. അനുവദിക്കാതിരിക്കുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ക്ലോസ്ഡ് എ.ആർ.-ലെ എ.എസ്.ഐ. മുതൽ മുകളിലോട്ടുള്ള ഓഫീസർമാർക്ക് എച്ച്.ആർ.എ. ലഭ്യമാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## <u>സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ നിയമനം</u>

3869 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർ തസ്തികയിലെ റാങ്ക് ലിസ്റ്റിൽ നിന്നുള്ള (കാറ്റഗറി നമ്പർ 537/2022) നിയമനത്തിനായി എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തിട്ടുള്ളത്; ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തസ്തികയിലേയ്ക്ക് ഇനി എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനുണ്ട്; ബറ്റാലിയൻ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) എ.ആർ. ട്രാൻസ്ഫർ വഴിയുള്ള ഒഴിവുകൾ, പ്രൊമോഷൻ ഒഴിവുകൾ, ആർ.ആർ.ആർ.എഫ്, എസ്.ഐ.എസ്.എഫ്. എന്നിവയിലേക്ക് ഡെപ്യൂട്ടേഷനിൽ പോയത് മൂലമുണ്ടായ ഒഴിവുകൾ എന്നിവ എത്രയെന്നും അവ റിപ്പോർട്ട് ചെയ്തിട്ടുണ്ടോയെന്നും വിശദമാക്കുമോ; റിപ്പോർട്ട് ചെയ്തിട്ടില്ലെങ്കിൽ ആയതിനുള്ള നടപടികൾ സ്വീകരിക്കുമോ; പ്രസ്തുത ഒഴിവുകളുടെ വിവരം ബറ്റാലിയൻ തിരിച്ച് നൽകാമോ;

(ഡി) 2025 ഏപ്രിലിൽ അവസാനിക്കുന്ന സിവിൽ പോലീസ് ഓഫീസർ റാങ്ക് ലിസ്റ്റിൽ നിന്ന് പരമാവധി നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>കായംകുളം പോലീസ് ക്വാർട്ടേഴ്സ് നിർമ്മാണം</u>

3870 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം പോലീസ് ക്വാർട്ടേഴ്സ് കാലപ്പഴക്കത്താൽ ജീർണ്ണാവസ്ഥയിലായി താമസയോഗ്യമല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കെട്ടിടങ്ങൾ

പൊളിച്ച് മാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

**പോലീസ് സൈബർ വാൾ പദ്ധതി**

3871 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസ് സൈബർ വാൾ പദ്ധതി എന്താണെന്ന് വിശദീകരിക്കാമോ;

(ബി) സംസ്ഥാനത്ത് സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്ക് കനത്ത ശിക്ഷ നൽകുന്നതിനായി നിയമനിർമ്മാണം കൊണ്ടുവരുന്ന കാര്യം പരിശോധിക്കുമോ; വിശദമാക്കാമോ;

(സി) കുറ്റകൃത്യങ്ങൾ പെരുകുന്ന സാഹചര്യത്തിൽ ഇതിന് സഹായകരമായി വർത്തിക്കുന്ന ആപ്പുകളും വെബ്സൈറ്റുകളും സിം കാർഡുകളും നിർവ്വീര്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**പോലീസ് സേനയുടെ അംഗബലം വർദ്ധിപ്പിക്കാൻ നടപടി**

3872 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലേക്കുള്ള സി.പി.ഒ. നിയമനം നടത്തുന്നതിനായി 14.04.2024-ൽ വന്ന റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെ എത്ര നിയമനങ്ങൾ നടത്തിയെന്ന് അറിയിക്കാമോ; എത്ര പേരുടെ റാങ്ക് ലിസ്റ്റാണ് തയ്യാറാക്കപ്പെട്ടിട്ടുള്ളതെന്നും ഇതിന് എന്ന് വരെയാണ് കാലാവധിയെന്നും അറിയിക്കാമോ;

(ബി) സാമ്പത്തിക പ്രതിസന്ധിയുടെ പേരിൽ റിട്ടയർമെന്റ് ഒഴിവുകളിൽ മാത്രം നിയമനം നടത്താനും സ്ഥാനക്കയറ്റം വഴിയുണ്ടാകുന്ന ഒഴിവുകളിൽ നിയമനം നടത്തേണ്ടതില്ലെന്നും നിർദ്ദേശം നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം സ്പെഷ്യൽ ആംഡ് പോലീസ് ബറ്റാലിയനിൽ സി.പി.ഒ. മാരുടെ എത്ര തസ്തികകളാണ് അനുവദനീയമായിട്ടുള്ളത്; ആയതിൽ നിലവിൽ എത്ര പേരുണ്ട്; നിലവിലെ അംഗസംഖ്യ കുറവായതിന്റെ കാരണങ്ങൾ വിശദമാക്കുമോ; ഇപ്രകാരം വേക്കൻസികൾ തടഞ്ഞു വയ്ക്കപ്പെടാനുണ്ടായ സാഹചര്യം വിശദമാക്കുമോ;

(ഡി) സംസ്ഥാന പോലീസ് സേനയിലെ അംഗബലം വർദ്ധിപ്പിച്ച് പോലീസുകാരുടെ ജോലിഭാരം കുറക്കാനും മാനസിക സംഘർഷം ലഘൂകരിക്കാനും നിലവിലെ സി.പി.ഒ. റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനങ്ങൾ നടത്തുന്നതിനും അടിയന്തര നടപടി സ്വീകരിക്കാമോ?

**കാർഷിക വിളകൾ സംരക്ഷിക്കാൻ തോക്ക് ലൈസൻസ്**

3873 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം മണ്ഡലത്തിലെ നാദാപുരം, എടച്ചേരി, വളയം, തൊട്ടിൽപ്പാലം പോലീസ് സ്റ്റേഷൻ പരിധികളിൽ കാർഷിക വിളകൾ സംരക്ഷിക്കാൻ തോക്ക് ലൈസൻസ് ആർക്കൊക്കെ അനുവദിച്ചിട്ടുണ്ടെന്ന് പോലീസ് സ്റ്റേഷൻ തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) കാർഷിക വിളകൾ സംരക്ഷിക്കാൻ തോക്ക് ലൈസൻസ് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) നിലവിൽ പ്രസ്തുത പോലീസ് സ്റ്റേഷൻ പരിധികളിൽ കാർഷികവിള സംരക്ഷിക്കുന്നതിനായി കർഷകർക്ക് തോക്ക് ലൈസെൻസ് അനുവദിക്കുന്നതിന് തടസ്സങ്ങൾ ഉണ്ടോയെന്നും ഉണ്ടെങ്കിൽ കാരണവും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ആവശ്യത്തിന് നിലവിൽ എത്ര അപേക്ഷകരുണ്ടെന്നും അവരുടെ പേര് വിവരങ്ങളും ലഭ്യമാക്കാമോ?

## സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതി

3874 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിക്കായി ഓരോ വർഷവും ചിലവഴിച്ച തുകയുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) സംസ്ഥാനത്ത് നിലവിൽ എത്ര കുട്ടികൾ പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്നു; ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി പ്രവർത്തിക്കുന്ന കുട്ടികൾക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങൾ നൽകി വരുന്നുവെന്നും പുതുതായി എന്തൊക്കെ ആനുകൂല്യങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കാമോ?

## ഗാർഹിക പീഡനം മൂലമുള്ള ആത്മഹത്യ തടയാൻ നടപടി

3875 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവാഹിതരായ പെൺകുട്ടികൾ ഗാർഹിക പീഡനം മൂലം ആത്മഹത്യ ചെയ്യുന്ന സംഭവങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത്തരം സംഭവങ്ങൾ തടയുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ കാര്യക്ഷമമാണോയെന്ന് പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## പോത്തൻകോട് യുവാവിനെ ആക്രമിച്ച സംഭവം

3876 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി

നൽകുമോ:

(എ) 23.02.2025 ന് പോത്തൻകോട് പോലീസ് സ്റ്റേഷൻ പരിധിയിൽ വച്ച് ഫിർണസ് എന്ന യുവാവിനെ ലഹരിക്ക് അടിമകളായി ആക്രമിച്ചവർ ആരെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) അക്രമി സംഘത്തിൽ ഉൾപ്പെട്ടിരുന്ന പോലീസ് ഉദ്യോഗസ്ഥന്റെ പേര്, റാങ്ക്, ഡ്യൂട്ടി നിർവഹിക്കുന്ന പോലീസ് സ്റ്റേഷൻ എന്നിവ വ്യക്തമാക്കുമോ;

(സി) അക്രമം നടത്തിയവർക്കെതിരെ പോത്തൻകോട് പോലീസ് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) അക്രമി സംഘത്തിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥനെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ?

## ക്രിമിനൽ കേസിൽ പ്രതികളായ കുട്ടികൾ

3877 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലം മുതൽ നാളിതുവരെ ഓരോ അക്കാദമിക വർഷവും സംസ്ഥാനത്ത് എത്ര സ്കൂൾ കുട്ടികൾ ആത്മഹത്യ ചെയ്തിട്ടുണ്ട്; എത്ര സ്കൂൾ കുട്ടികൾ ലൈംഗിക അതിക്രമത്തിന് ഇരയായതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്; എത്ര സ്കൂൾ കുട്ടികൾ കൊലപാതകം ഉൾപ്പെടെയുള്ള ക്രിമിനൽ കേസുകളിൽ പ്രതികളായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

## ഹിറ്റ് ആൻഡ് റൺ കേസുകളിലെ നഷ്ടപരിഹാരം

3878 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹിറ്റ് ആൻഡ് റൺ കേസുകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ നാല് വർഷം രജിസ്റ്റർ ചെയ്യപ്പെട്ട ഹിറ്റ് ആൻഡ് റൺ കേസുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസുകളുമായി ബന്ധപ്പെട്ട് നഷ്ടപരിഹാരം ലഭിക്കുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപേക്ഷകളിൽ അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടുണ്ടോ; നഷ്ടപരിഹാര തുക സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരം അപകടങ്ങളിൽപ്പെടുന്നവർക്ക് ചികിത്സാ സഹായം നൽകുന്നതിന് ഇൻഷുറൻസ് സംവിധാനം നിലവിലുണ്ടോ; എങ്കിൽ അവയ്ക്കുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും വ്യക്തമാക്കുമോ?

## ഗുരുവായൂർ മണ്ഡലത്തിലെ പോലീസ് സ്റ്റേഷൻ നിർമ്മാണം

3879 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ മണ്ഡലത്തിൽ കെട്ടിടത്തിന്റെ അപര്യാപ്തതയുള്ള എത്ര പോലീസ് സ്റ്റേഷനുകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) സ്റ്റേറ്റ് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഈ സർക്കാരിന്റെ കാലത്ത് ഗുരുവായൂർ മണ്ഡത്തിലെ പോലീസ് സ്റ്റേഷനുകൾക്ക് കെട്ടിടം പണിയുന്നതിന് പ്രൊപ്പോസലോ അനുമതിയോ ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) ചാവക്കാട് പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നത് സംബന്ധിച്ച പുരോഗതി വിശദമാക്കാമോ?

## <u>കായംകുളം കരീലകുളങ്ങര പോലീസ് സ്റ്റേഷൻ നിർമ്മാണം</u>

3880 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം കരീലകുളങ്ങര പോലീസ് സ്റ്റേഷൻ ജീർണ്ണാവസ്ഥയിലായ വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പോലീസ് സ്റ്റേഷന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനായി മൂന്ന് കോടി രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടും നാളിതുവരെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പോലീസ് സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നേക്ക് ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

## <u>വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>

3881 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക എത്രയാണെന്നും ഏത് ഏജൻസിയാണ് പ്രവൃത്തി ഏറ്റെടുത്തിരിക്കുന്നതെന്നും അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി ആരംഭിച്ചത് എന്നാണെന്നും എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും അറിയിക്കാമോ?

## <u>വാഴക്കാട് പോലീസ് സ്റ്റേഷൻ കെട്ടിട നിർമ്മാണം</u>

3882 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ വാഴക്കാട് പോലീസ് സ്റ്റേഷൻ നിലവിൽ പ്രവർത്തിക്കുന്നത് ഏത് കെട്ടിടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഗ്രാമപഞ്ചായത്ത് മുൻപ് ഉപയോഗിച്ചിരുന്നതും മഴക്കാലത്ത് ചോർന്ന് ഒലിക്കുന്നതുമായ കെട്ടിടത്തിലാണ് നിലവിൽ പ്രസ്തുത പോലീസ് സ്റ്റേഷൻ സ്ഥിതി ചെയ്യുന്നതെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത കെട്ടിടം

പുനർനിർമ്മിക്കുന്നതുവരെ വാടക കെട്ടിടത്തിലേക്ക് പോലീസ് സ്റ്റേഷൻ മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

**<u>പാറശാല മണ്ഡലത്തിൽ പോലീസ് എയ്ഡ് പോസ്റ്റ്</u>**

3883 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന അതിർത്തിയോട് ചേർന്ന പാറശാല മണ്ഡലത്തിൽ അതിർത്തി കടന്നുള്ള ലഹരി ഉൽപ്പന്നങ്ങളുടെ കടത്തും വിപണനവും തടയുന്നതിനായി പോലീസ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണ്; വിശദമാക്കാമോ;

(ബി) അതിർത്തി പ്രദേശങ്ങളായ അമ്പൂരി, കടുക്കറ എന്നിവിടങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>കുട്ടികളുടെ ആത്മഹത്യ</u>**

3884 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മുതൽ സംസ്ഥാനത്ത് ഓരോ വർഷവും ആത്മഹത്യ ചെയ്ത 18 വയസ്സിന് താഴെയുള്ള കുട്ടികളുടെ എണ്ണം പുരുഷൻ, സ്ത്രീ വേർതിരിച്ച്, വയസ്സ് സഹിതം വ്യക്തമാക്കാമോ;

(ബി) കുട്ടികളുടെ ആത്മഹത്യയ്ക്കുള്ള കാരണം കണ്ടെത്താൻ പോലീസ് അന്വേഷണം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രധാനമായും എന്തൊക്കെ കാരണങ്ങളാണ് കുട്ടികളെ ആത്മഹത്യയിലേക്ക് നയിച്ചതായി കണ്ടെത്തിയിട്ടുള്ളത്; വിശദമാക്കാമോ?

**<u>ലഹരി കേസുകൾ</u>**

3885 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010 മുതൽ നാളിതുവരെ ലഹരി ഉപയോഗം ഉൾപ്പെട്ട എത്ര കേസുകളാണ് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വർഷവും കേസുകളുടെ സ്വഭാവവും ഉപയോഗിക്കപ്പെട്ട ലഹരിപദാർത്ഥത്തിന്റെ ഇനവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ കുറ്റക്കാർ ശിക്ഷിക്കപ്പെട്ടിട്ടുള്ളതും തെളിവുകളുടെ അഭാവത്തിൽ പ്രതികളെ വെറുതെ വിട്ടിട്ടുള്ളതും അന്വേഷണം പൂർത്തിയാകാത്തതുമായ കേസുകളുടെ എണ്ണം തരംതിരിച്ച് അറിയിക്കുമോ;

(സി) ഇതേ കാലയളവിൽ ലഹരി കടത്തുമായി ബന്ധപ്പെട്ട് പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകൾ എത്രയെന്ന് വർഷവും ലഹരിപദാർത്ഥങ്ങളുടെ ഇനവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെട്ടിട്ടുള്ള കേസുകൾ, തെളിവുകളില്ലാതെ വെറുതെ വിട്ട കേസുകൾ, നടപടിക്രമങ്ങൾ പൂർത്തിയാകാത്ത കേസുകൾ എന്നിവയുടെ എണ്ണം തരംതിരിച്ച് അറിയിക്കുമോ;

(ഇ) ഈ കേസുകളിൽ പ്രാഥമിക കുറ്റവാളികളെ ശിക്ഷിച്ചതിനു പുറമെ സംസ്ഥാനത്തേക്ക് കടത്തപ്പെട്ട ലഹരിപദാർത്ഥങ്ങളുടെ യഥാർത്ഥ ഉറവിടം കണ്ടെത്തിയ കേസുകളുടെ എണ്ണം എത്രയാണെന്ന് വർഷവും ലഹരിപദാർത്ഥങ്ങളുടെ ഇനവും തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ?

## ഐ.ആർ.ബി. കമാൻഡോകളുടെ സ്ഥലംമാറ്റം

3886 **ശ്രീ. ടി. സിദ്ദിഖ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പോലീസിന്റെ ഇന്ത്യ റിസർവ് ബറ്റാലിയൻ കമാൻഡോ വിങ്ങിലേക്ക് പി.എസ്.സി. കാറ്റഗറി നമ്പർ സി.എം.ഡി./2009 നോട്ടിഫിക്കേഷൻ പ്രകാരം നിയമനം നേടിയ ഒരു സേനാംഗത്തിന് പരിശീലന കാലയളവ് മുതൽ 10 വർഷത്തെ സേവനം പൂർത്തിയാക്കിയിട്ടുണ്ടെങ്കിൽ അവരുടെ ഇഷ്ടപ്രകാരം കെ.സി.പി. യിലേക്ക് ട്രാൻസ്ഫർ മുഖേന മാറുവാൻ യോഗ്യതയുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2010-ൽ ഐ.ആർ.ബി കമാൻഡോ ആയി സർവീസിൽ പ്രവേശിച്ച് 15 വർഷം കഴിഞ്ഞിട്ടും സന്നദ്ധത അറിയിച്ച ഒരു സേനാംഗത്തെ പോലും കെ.സി.പി യിലേക്ക് ട്രാൻസ്ഫറിന് സർക്കാർ പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ; ട്രാൻസ്ഫർ അനുവദിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ട്രാൻസ്ഫറിന് അർഹതപ്പെട്ട സേനാംഗങ്ങൾക്ക് ട്രാൻസ്ഫർ അനുവദിച്ചുകൊണ്ട് കമാൻഡോ വിങ്ങിലേക്ക് നിലവിലുള്ള ഐ.ആർ.ബി കമാൻഡോ വിങ് റാങ്ക് ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(ഡി) ഐ.ആർ.ബി. യിൽ സ്പെഷ്യൽ റൂൾ നിലവിലില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഉണ്ടെങ്കിൽ സ്പെഷ്യൽ റൂൾ തയ്യാറാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## തൊഴിൽ തട്ടിപ്പുകൾ തടയുന്നതിനുള്ള നിയമനിർമ്മാണം

3887 **ശ്രീ പി എസ് സുപാൽ**
**ശ്രീ വി ശശി**
**ശ്രീമതി സി. കെ. ആശ**
**ശ്രീ. വാഴൂർ സോമൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമേരിക്കയിൽനിന്നും അനധികൃത കുടിയേറ്റക്കാരെ നാടുകടത്തുന്നതും ഇന്ത്യയുൾപ്പെടെയുള്ള രാജ്യങ്ങളിലേക്ക് തിരികെ അയയ്ക്കുമ്പോൾ സ്വീകരിക്കുന്ന മനുഷ്യത്വരഹിതമായ സമീപനങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കേരളത്തിലെ വലിയൊരു വിഭാഗം യുവാക്കളും തൊഴിൽ അന്വേഷിച്ച് വിദേശ രാജ്യങ്ങളിൽ പോകുന്നവരാണ് എന്നത് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വിദേശ രാജ്യങ്ങളിലേക്ക് തൊഴിലവസരങ്ങളും പഠന സൗകര്യങ്ങളും വാഗ്ദാനം ചെയ്യുന്ന തരത്തിലുള്ള തട്ടിപ്പുകൾ വർദ്ധിച്ചുവരുന്നത് പരിശോധിച്ചിട്ടുണ്ടോ;

വിശദമാക്കാമോ;

(ഡി) ഇത്തരം തട്ടിപ്പുകൾ കുറയ്ക്കുന്നതിനായി പ്രത്യേക നിയമനിർമ്മാണം ആവശ്യമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം അനധികൃത റിക്രൂട്ട്മെന്റിനെതിരെ നിയമനിർമ്മാണത്തിനുള്ള സാധ്യതകൾ പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ലഹരി ഉപയോഗം

3888 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി ഉൽപന്നങ്ങളുടെ ഉപയോഗം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് 2011 മുതൽ 2024 വരെ പോലീസ് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല, വർഷം, 18 വയസ്സിൽ താഴെയുള്ളവർ, മുതിർന്നവർ, മദ്യം, കഞ്ചാവ്, മയക്ക് മരുന്ന്, എം.ഡി.എം.എ തുടങ്ങി ലഹരി ഉൽപന്നങ്ങളുടെ തരം എന്നിവയുടെ കണക്കും പ്രസ്തുത കേസുമായി ബന്ധപ്പെട്ട് ഓരോ വർഷവും ശിക്ഷിക്കപ്പെട്ടവരുടെ ജില്ല, തരം എന്നിവ തിരിച്ചുള്ള കണക്കും ലഭ്യമാക്കുമോ;

(ബി) ഇത്തരം ലഹരികേസുകളിൽ ഉൾപ്പെട്ട വ്യക്തികൾ പ്രസ്തുത കാലയളവിൽ നടത്തിയിട്ടുള്ള കൊലപാതകങ്ങൾ, അക്രമ സംഭവങ്ങൾ എന്നിവയുടെ ജില്ല, വർഷം, 18 വയസ്സിൽ താഴെ പ്രായമായവർ, മുതിർന്നവർ എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) ലഹരി ഉപയോഗം, വിപണനം എന്നിവ തടയുന്നതിന് വകുപ്പ് നടപ്പാക്കുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കുമോ;

(ഡി) കലാലയങ്ങളിൽ നടക്കുന്ന റാഗിംഗ്, മറ്റ് അക്രമ സംഭവങ്ങൾ, കൊലപാതകങ്ങൾ എന്നിവയുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ ജില്ല, ഇനം എന്നിവ തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ഇ) ലഹരി ഉപയോഗം, വിപണനം, കലാലയങ്ങളിലെ അക്രമങ്ങൾ, റാഗിംഗ് എന്നിവ തടയുന്നതിന് എന്തെങ്കിലും പുതിയ പ്രവർത്തനങ്ങളോ പദ്ധതികളോ നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ;

(എഫ്) 2025-ൽ കലാലയങ്ങളിൽ നടന്ന അക്രമ സംഭവങ്ങളിലും റാഗിംഗ് മൂലവും കൊല്ലപ്പെട്ടവരുടെ ബന്ധുക്കൾക്ക് നഷ്ടപരിഹാരം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വിശദമാക്കുമോ?

## കൊലക്കേസ് പ്രതികളുടെ പരോൾ മാനദണ്ഡങ്ങൾ

3889 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജയിലുകളിൽ കഴിയുന്ന കൊലക്കേസ് പ്രതികൾക്ക് ജയിൽ ചട്ടങ്ങൾ പ്രകാരം ഒരു വർഷത്തിൽ അനുവദിക്കാൻ കഴിയുന്ന പരമാവധി പരോൾ കാലാവധി എത്രയാണ്;

(ബി) പരോൾ ഏതൊക്കെ ഇനങ്ങളിലായി എത്ര തവണയായിട്ടാണ് അനുവദിക്കാവുന്നത്; ഒരോ ഇനം പരോളും അനുവദിക്കുന്നതിന്

അധികാരപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ആരൊക്കെയാണ്; വിശദമാക്കാമോ;

(സി) ഏതൊക്കെ സാഹചര്യങ്ങളിലാണ് എമർജൻസി പരോൾ അനുവദിക്കുന്നത്; ഇത് ആകെ ഏത്ര ദിവസം വരെയാണ് അനുവദിക്കാൻ കഴിയുക;

(ഡി) പരോൾ അനുവദിക്കുന്ന കാര്യത്തിൽ ആരെയൊക്കെയാണ് അടുത്ത ബന്ധുക്കളായി കണക്കാക്കുന്നത്; ഇതു സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## <u>സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനം</u>

3890 **ശ്രീ. സി. ആർ. മഹേഷ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 07.06.2024 തീയതി നിലവിൽ വന്ന കാറ്റഗറി നം.669/2022 സബ് ഇൻസ്പെക്ടർ ഓഫ് പോലീസ് റാങ്ക് ലിസ്റ്റ്, കാറ്റഗറി നം.672/2022 ആംഡ് പോലീസ് സബ് ഇൻസ്പെക്ടർ റാങ്ക് ലിസ്റ്റ് എന്നീ ലിസ്റ്റുകളിൽ നിന്നും നിയമനത്തിനായി ഇതുവരെ എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റുകൾ നിലവിൽ വന്ന് എട്ട് മാസമായിട്ടും ഇവയിൽ നിന്നുമുള്ള ഒരു ബാച്ച് ഉദ്യോഗാർത്ഥികൾക്ക് പോലും ട്രെയിനിംഗ് ആരംഭിക്കാത്തത് എന്തുകൊണ്ടാണെന്തെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത കാലയളവിലുണ്ടായ പ്രൊമോഷൻ/ഡെപ്യൂട്ടേഷൻ ഒഴിവുകളൊന്നും തന്നെ ഇതുവരെയും റിപ്പോർട്ട് ചെയ്യാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(ഡി) ഉത്തരവ് നം. ഉപ.സി.3/200/2024/പി&എ.ആർ.ഡി തീയതി 09.12.2024 പ്രകാരം, ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ് 2025 കലണ്ടർ വർഷത്തിൽ സർക്കാർ വകുപ്പുകളിൽ വിവിധ തസ്തികകളിൽ വരാൻ പോകുന്ന ഒഴിവുകൾ മുൻകൂട്ടി 25.12.2024 തീയതിയ്ക്ക് മുൻപ് പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യണം എന്ന ഉത്തരവിറക്കിയിരുന്നിട്ടും എന്തുകൊണ്ടാണ് സബ് ഇൻസ്പെക്ടർ തസ്തികയിലെ ഒഴിവുകളൊന്നും ഇതുവരെയും പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്യാതിരുന്നത്; വിശദമാക്കാമോ?

## <u>സിവിൽ പോലീസ് ഓഫീസർ നിയമനം</u>

3891 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിവിൽ പോലീസ് ഓഫീസർ തസ്തികയിലേക്ക് നിലവിൽ പി.എസ്.സി. പ്രസിദ്ധീകരിച്ചിട്ടുള്ള റാങ്ക് ലിസ്റ്റിൽ എത്ര ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടിട്ടുണ്ട്; എത്രപേർക്ക് നാളിതുവരെ നിയമന ശിപാർശ നൽകിയിട്ടുണ്ട്; എത്ര പേർ നിയമനം നേടിയിട്ടുണ്ട്; വിശദമാക്കുമോ;

(ബി) പ്രസ്തുത റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്നത് എന്നാണ്; പ്രസ്തുത റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനങ്ങൾ വളരെയധികം കുറയാനിടയായ സാഹചര്യം എന്താണ്; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പോലീസ് സേനയിൽ നിലവിൽ പര്യാപ്തമായ അംഗബലം ഉള്ളതിനാലാണോ സി.പി.ഒ. തസ്തികയിലേക്കുള്ള നിയമനങ്ങളുടെ എണ്ണം

ഗണ്യമായി കുറഞ്ഞത്; പര്യാപ്തമായ അംഗബലം ഇല്ലെങ്കിൽ റാങ്ക് ലിസ്റ്റിൽ നിന്നും പരമാവധി നിയമനം നടത്തുന്നതിന് അടിയന്തരമായി നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**യുവത എന്ന മാസികയുമായി ബന്ധപ്പെട്ട് നടത്തിയ സാമ്പത്തിക ക്രമക്കേട്**

3892 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിൽ പ്രസിദ്ധീകരിക്കുന്ന യുവത എന്ന മാസികയുമായി ബന്ധപ്പെട്ട് ഒരു ജീവനക്കാരൻ സെവൻസ്റ്റാർ ഗ്രാഫിക്സ് എന്ന ബിനാമി സ്ഥാപനം മുഖേന സാമ്പത്തിക ക്രമക്കേട് നടത്തിയതു സംബന്ധിച്ച് വിജിലൻസിന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; പ്രസ്തുത പരാതിയിന്മേൽ അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

**മാവേലിക്കര കുടുംബകോടതി കെട്ടിട നിർമ്മാണം**

3893 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കരയിൽ കുടുംബകോടതിക്ക് കെട്ടിട നിർമ്മാണത്തിന് തുക അനുവദിക്കാൻ നടപടി സ്വീകരിക്കുമോ?

**സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ**

3894 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വന്നത് മുതൽ നാളിതുവരെ സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ ഉൾപ്പെടെയുള്ള അതിക്രമങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ കണ്ടെത്തിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) സ്കൂൾ കുട്ടികളുടെ ഇടയിൽ അക്രമവാസന വർദ്ധിക്കുകയും കുട്ടികൾ കൊല്ലപ്പെടുകയും ചെയ്യുന്ന സാഹചര്യം ഉണ്ടായിട്ടും ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പിന്റെ ശക്തമായ ഇടപെടൽ ഉണ്ടാകുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത്തരം കുട്ടി കുറ്റവാളികൾക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിച്ച് ഇത്തരം പ്രവണതകൾ തടയുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ?

**ലഹരി ഉപയോഗവും സിനിമകളിലെ വയലൻസും**

3895 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗവും സിനിമകളിലെ അതിഭീകരമായ വയലൻസും കുട്ടികളുടെ ഇടയിൽ പോലും അക്രമവാസന വളർത്തുന്നതിൽ മുഖ്യമായ പങ്ക് വഹിക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ലഹരിയുടെ വിൽപനയും ഉപയോഗവും അവസാനിപ്പിക്കുന്നതിനും ലഹരി മാഫിയയെ ഉന്മൂലനം ചെയ്യുന്നതിനും യുവ തലമുറയെ രക്ഷിച്ചെടുക്കുന്നതിനും നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സമീപ കാലത്തായി ഇറങ്ങുന്ന സിനിമകളിലെ അതിഭീകരമായ വയലൻസ് രംഗങ്ങൾ കുറ്റകൃത്യങ്ങൾക്ക് പ്രോത്സാഹനം നൽകുന്ന തരത്തിലുള്ളവ ആകയാൽ അവ നിയന്ത്രിക്കുന്നതിനും അത്തരം രംഗങ്ങൾ സെൻസർ ബോർഡ് മുഖേന ഒഴിവാക്കുന്നതിനും എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ഡി) ഇപ്രകാരം ലഹരിയും വയലൻസും അവസാനിപ്പിക്കുന്നതിൽ കാര്യക്ഷമമായി ഇടപെട്ടില്ലെങ്കിൽ യുവതലമുറയെ മുഴുവനും കേരളത്തിന് നഷ്ടമാകും എന്ന വസ്തുത തിരിച്ചറിഞ്ഞിട്ടുണ്ടോ; എങ്കിൽ അവരെ രക്ഷിച്ചെടുക്കാനുള്ള നടപടികൾ അടിയന്തരമായി കൈക്കൊള്ളുമോ; വിശദമാക്കാമോ?

## <u>കാസർഗോഡ് ജില്ലയിലെ ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ</u>

3896 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എത്ര ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ഉണ്ടെന്നും ഈ സ്റ്റേഷനുകൾ സ്ഥാപിച്ച വർഷവും വ്യക്തമാക്കാമോ;

(ബി) അടിസ്ഥാനസൗകര്യങ്ങളുടെ കാര്യത്തിൽ പ്രസ്തുത സ്റ്റേഷനുകൾ നേരിടുന്ന പരിമിതികളും പ്രയാസങ്ങളും സ്റ്റേഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) നിലവിൽ ആവശ്യത്തിനുള്ള സ്റ്റാഫിന്റെ അഭാവം ഉണ്ടോയെന്ന് സ്റ്റേഷൻ തിരിച്ചു വ്യക്തമാക്കാമോ;

(ഡി) കാസർഗോഡ് ബദിയടുക്കയിൽ ഫയർ സ്റ്റേഷൻ നിർമ്മിക്കാൻ ആലോചന ഉണ്ടായിരുന്നോയെന്നും അതിനായി സ്ഥലം കണ്ടെത്തിയിരുന്നോയെന്നും അതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്നും വ്യക്തമാക്കാമോ?

## <u>വെഞ്ഞാറമൂട് ഫയർ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി</u>

3897 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം മണ്ഡലത്തിലെ വെഞ്ഞാറമൂട് ഫയർ സ്റ്റേഷന്റെ നിർമ്മാണ പുരോഗതി അറിയിക്കാമോ;

(ബി) ഫയർ സ്റ്റേഷന്റെ എന്തെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഇനി എന്തെല്ലാം പ്രവൃത്തികൾ അവശേഷിക്കുന്നുണ്ടെന്നും വിശദമാക്കാമോ;

(സി) പ്രവൃത്തി എന്ന് പൂർത്തിയാക്കാനാകും എന്ന് അറിയിക്കാമോ?

## തീരദേശ റെഗുലേഷൻ സോൺ

3898 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ പഞ്ചായത്തുകൾക്കാണ് തീരദേശ റെഗുലേഷൻ സോൺ മൂന്നിൽ നിന്ന് രണ്ടിലേക്ക് അനുമതി ലഭിച്ചിട്ടുള്ളത്;

(ബി) അറ്റോമിക് മിനറൽസിന്റെ സാന്നിദ്ധ്യമുള്ള ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ തെക്ക് പഞ്ചായത്തിലെ പ്രദേശങ്ങളെ തീരദേശ റെഗുലേഷൻ സോൺ മൂന്ന്-എ-യിലും, അമ്പലപ്പുഴ വടക്ക് പഞ്ചായത്തിലെ പ്രദേശങ്ങളെ തീരദേശ റെഗുലേഷൻ സോൺ മൂന്ന്-ബി-യിലും ഉൾപ്പെടുത്തിയിട്ടുണ്ടോ;

(സി) ഇതിന് അടിസ്ഥാനമായ അറ്റോമിക് മിനറൽസിന്റെ സാന്നിദ്ധ്യം പ്രസ്തുത പ്രദേശങ്ങളിൽ കണ്ടെത്തിയത് എപ്പോളാണെന്നും ആര് തയ്യാറാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണെന്നും വ്യക്തമാക്കുമോ; ടി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

## നാഷണൽ ഹെൽത്ത് മിഷന്റെ കീഴിൽ ആശാവർക്കർമാർക്കു നൽകിയ തുകയുടെ കണക്ക്

3899 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ കേന്ദ്ര സർക്കാർ അനുവദിച്ച തുകയും സംസ്ഥാനം ചെലവഴിച്ച തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ നൽകാനായി കേന്ദ്ര സർക്കാർ അനുവദിച്ച തുകയും സംസ്ഥാനം ചെലവഴിച്ച തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ?

## മാരകരോഗം ബാധിച്ചവർക്കുള്ള ധനസഹായം

3900 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരകമായ രോഗങ്ങൾ ബാധിച്ച ചികിത്സയിലുള്ള നിർധനരായ രോഗികൾക്ക് ധനസഹായം ലഭ്യമാക്കുന്നതിനായി ആരോഗ്യ വകുപ്പിന് കീഴിൽ എന്തൊക്കെ പദ്ധതികളാണുള്ളത് എന്നറിയിക്കുമോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിലേയ്ക്ക് ധനസഹായത്തിനായി അപേക്ഷിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള നിയമാവലികൾ എന്തൊക്കെയാണ് എന്നറിയിക്കുമോ; വിശദമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾക്കായി പ്രത്യേക അപേക്ഷാഫോറം നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പുകൾ ലഭ്യമാക്കാമോ?

## പയ്യന്നൂർ മണ്ഡലത്തിൽ കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേനയുള്ള നിർമ്മാണ പ്രവൃത്തികൾ

3901 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നിയോജക മണ്ഡലത്തിൽ ഏതൊക്കെ ആശുപത്രികൾക്കും, കുടുംബാരോഗ്യ കേന്ദ്രങ്ങൾക്കുമാണ് കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിന് ഫണ്ട് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ;

(ബി) 2025-26 സാമ്പത്തിക വർഷത്ത ഫണ്ട് ലഭ്യമാക്കുന്നതിന് സ്ഥാപനങ്ങളുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; അതിൽ പയ്യന്നൂർ മണ്ഡലത്തിലെ സ്ഥാപനങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## എൻ.എച്ച്. എം -ന്റെ ഭാഗമായി 2016 മുതൽ വകയിരുത്തിയ തുക

3902 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ;

(ബി) നാഷണൽ ഹെൽത്ത് മിഷന്റെ ഭാഗമായി 2016 മുതൽ നാളിതുവരെ ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ നൽകാനായി വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വർഷം തിരിച്ച് വ്യക്തമാക്കാമോ?

## ആശാ പ്രവർത്തകർക്ക് ഓണറേറിയം

3903 **ശ്രീ. എ. പി. അനിൽ കുമാർ**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശാപ്രവർത്തകർക്ക് ഓണറേറിയം നൽകുന്നതിന് കേന്ദ്രസർക്കാർ തുക അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ആശാ പ്രവർത്തകർക്ക് ഓണറേറിയം നൽകുന്നതിനുള്ള കേന്ദ്രസർക്കാരിന്റെ തുക കുടിശിക ആയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) സംസ്ഥാനത്തെ ആശാപ്രവർത്തകർക്ക് മിനിമം വേതനം നൽകാനും, ബംഗാൾ മാതൃകയിൽ 5 ലക്ഷം രൂപ വിരമിക്കൽ ആനുകൂല്യം അനുവദിക്കാനും നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി

3904 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യകിരണം, ശ്രുതി തരംഗം, താലോലം, ക്യാൻസർ സുരക്ഷ എന്നീ പദ്ധതികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിച്ചിട്ടുണ്ടോ; ഇത് സംബന്ധിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പരമാവധി നൽകുന്ന സഹായം 5 ലക്ഷം രൂപ വരെയാണെന്നിരിക്കെ മേൽപ്പറഞ്ഞ പ്രത്യേക ചികിത്സാസഹായ പദ്ധതികൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ലയിപ്പിക്കുന്നത് വഴി പദ്ധതിയിലൂടെ അനുവദിക്കുന്ന പരമാവധി ആനുകൂല്യം ഉയർ<u>ത്തു</u>വാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) ഇല്ലെങ്കിൽ അർഹതപ്പെട്ട കുടുംബങ്ങൾക്ക് ചികിത്സാസഹായത്തിന്റെ പരമാവധി പരിധിയുടെ പേരിൽ സഹായം നിഷേധിക്കാതിരിക്കാൻ എന്തെങ്കിലും ക്രമീകരണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ സാഹചര്യത്തിൽ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ പരമാവധി നൽകുന്ന സഹായത്തിന്റെ തുക വർദ്ധിപ്പിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

**<u>പൊതുജനങ്ങളുടെ ആരോഗ്യ പരിരക്ഷ</u>**

3905 **ശ്രീ. എം. എം. മണി**
**ശ്രീ എം മുകേഷ്**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കുന്നതിനും ആരോഗ്യ പരിരക്ഷയ്ക്കുമായി ഈ സർക്കാർ നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാപദ്ധതിയുടെ ഭാഗമായി ആരോഗ്യ പരിരക്ഷയുള്ള എത്ര കുടുംബങ്ങളാണ് നിലവിലുള്ളത്; ഇതിനായി ചെലവഴിച്ച തുക എത്രയാണ്; വിശദാംശം നൽകുമോ;

(സി) കാരുണ്യ സുരക്ഷാപദ്ധതി കേന്ദ്ര സർക്കാരിന്റെ പദ്ധതിയാണെന്ന വ്യാജപ്രചരണം നടത്തി ചില കേന്ദ്രങ്ങൾ പണപ്പിരിവ് നട<u>ത്തു</u>ന്നതായും വ്യാജ ഇൻഷ്വറൻസ് കാർഡുകൾ നൽകുന്നതായുമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യ പരിരക്ഷയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ തുക ചെലവഴിക്കുന്നുണ്ടോ; വിശദമാക്കുമോ?

**<u>കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി</u>**

3906 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിക്ക് 2024-25 സാമ്പത്തിക വർഷത്തിൽ ബജറ്റിൽ വകയിരുത്തിയ തുക എത്രയാണ്; നാളിതുവരെ അനുവദിച്ചു നൽകിയത് എത്രയാണ്; വ്യക്തമാക്കാമോ;

(ബി) പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം ആകെ എത്ര രൂപയുടെ ക്ലെയിമുകൾ സമർപ്പിച്ചിട്ടുണ്ട്; എത്ര രൂപയുടെ ക്ലെയിമുകൾ അനുവദിച്ചു നൽകിയിട്ടുണ്ട്;

നിലവിൽ എത്ര രൂപയുടെ ക്ലെയിമുകൾ അനുവദിക്കാൻ കുടിശ്ശികയുണ്ട്; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക തുക അനുവദിക്കുന്നതിനായി അഡീഷണൽ ഓതറൈസേഷൻ ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## എഴുപത് വയസ്സ് കഴിഞ്ഞവരുടെ സൗജന്യ ചികിത്സയ്ക്ക് കേന്ദ്രസഹായം

3907 **ഡോ. എം. കെ. മുനീർ**
**ശ്രീ. കെ. പി. എ. മജീദ്**
**ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എഴുപത് വയസ്സ് കഴിഞ്ഞവർക്ക് സൗജന്യ ചികിത്സ നൽകുന്നതിനുള്ള പദ്ധതിക്ക് കേന്ദ്രസർക്കാർ സഹായം നൽകുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ബി) പദ്ധതി നടപ്പിലാക്കുമ്പോൾ സംസ്ഥാനത്തിനുണ്ടാകുന്ന സാമ്പത്തിക ബാധ്യത എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ?

## എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

3908 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരമേറ്റശേഷം ആലത്തൂർ മണ്ഡലത്തിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതികളുടെ പേരും, അനുവദിച്ച തുകയും, പദ്ധതികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## വടകര താലൂക്കിലെ ആശുപത്രികളിലെ കാരുണ്യ ഇൻഷുറൻസ് പദ്ധതി

3909 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിലെ ചില ആശുപത്രികളിൽ കാരുണ്യ ഇൻഷുറൻസ് പദ്ധതി താൽക്കാലികമായി അനുവദിക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## കാസ്പ്

3910 **ശ്രീ. പി. അബ്ദുൽ ഹമീദ്**
**ശ്രീ. ടി. വി. ഇബ്രാഹിം**
**ശ്രീ. നജീബ് കാന്തപുരം**
**പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കുള്ള സൗജന്യ ചികിത്സാ പദ്ധതിയായ കാസ്പിൽ പുതിയ അംഗങ്ങളെ ചേർക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ സഹായം തേടിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കാസ്പിൽ എംപാനൽ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രികൾക്ക് നൽകാനുള്ള തുക എന്നത്തേക്ക് നൽകാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

**കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ 2021 മുതൽ സംസ്ഥാനം ചെലവഴിച്ച തുകയുടെ കണക്ക്**

3911 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും അനുവദിച്ച ബജറ്റ് വിഹിതം എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയിൽ ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും എത്ര രൂപയുടെ ക്ലെയിമുകൾ ഉണ്ടായിട്ടുണ്ട്; എത്ര രൂപയുടെ ക്ലെയിമുകൾ അനുവദിച്ച് നൽകിയിട്ടുണ്ട്; എത്ര രൂപയുടെ ക്ലെയിമുകൾ നിലവിൽ കുടിശ്ശികയുണ്ട്; ഓരോ സാമ്പത്തിക വർഷവും എത്ര തുക ഈ ഇനത്തിൽ ബജറ്റിൽ അനുവദിച്ചിട്ടുണ്ട്; വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

**മഞ്ചേശ്വരം മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ**

3912 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾ നിർവ്വഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

**മൃതസഞ്ജീവനി പദ്ധതി**

3913 **ശ്രീ. പി. കെ. ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃതസഞ്ജീവനി എന്ന മരണാനന്തര അവയവകൈമാറ്റ പദ്ധതി ആരംഭിച്ചത് എന്നാണ്; പ്രസ്തുത പദ്ധതിയിലൂടെ നാളിതുവരെ ആകെ എത്ര അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയിട്ടുണ്ടെന്നുള്ള വിവരം സർക്കാർ, പൊതുമേഖലാ, സ്വകാര്യ ആശുപത്രികൾ എന്നിങ്ങനെ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) മൃതസഞ്ജീവനി പദ്ധതി മുഖേന അവയവമാറ്റ ശസ്ത്രക്രിയയ്ക്കു സ്വീകർത്താവിനെ കണ്ടെത്തുന്നതിനും മറ്റും സ്വീകരിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഏറ്റവും കൂടുതൽ അവയവമാറ്റ ശസ്ത്രക്രിയകൾ നടത്തിയ സർക്കാർ ആശുപത്രിയും സ്വകാര്യ ആശുപത്രിയും ഏതാണെന്ന് വ്യക്തമാക്കാമോ;

(ഡി) നിയമവിധേയമായ അവയവദാനം പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിലെ ചൂഷണങ്ങൾ ഒഴിവാക്കുന്നതിനും സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) സർക്കാർ ആശുപത്രികളിൽ അവയവദാന ശസ്ത്രക്രിയകൾ നടത്തുന്നതിന് പുതുതായി ഏർപ്പെടുത്തിയ സൗകര്യങ്ങൾ എന്തെല്ലാമാണ്; ഏതെല്ലാം മെഡിക്കൽ കോളേജുകളിൽ അതിനുള്ള സൗകര്യം ഉണ്ടെന്നും അതുവഴി കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്നും വിശദമാക്കാമോ?

## കോഴിക്കോട് മെഡിക്കൽ കോളേജിൽ കാസ്പ് സൗജന്യ ചികിത്സ

3914 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് മെഡിക്കൽ കോളേജിൽ 2021 മുതൽ ഓരോ വർഷവും കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി മുഖേന എത്ര പേർ സൗജന്യ ചികിത്സയ്ക്ക് എത്തുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ഓരോ വർഷവും ഇതിനായി എത്ര രൂപ ചെലവ് വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിക്ക് കേന്ദ്രസഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ ഓരോ വർഷവും എത്ര രൂപ ലഭിച്ചുവെന്ന് അറിയിക്കുമോ;

(ഡി) കേന്ദ്രസഹായം ലഭിക്കുന്നതിൽ കുടിശികയുണ്ടോ; എങ്കിൽ എത്ര വർഷത്തെ തുക ലഭിക്കാനുണ്ടെന്ന് വിശദമാക്കുമോ?

## ആരോഗ്യകേന്ദ്രങ്ങളുടെ ശുചിത്വവും വൃത്തിയും ഉറപ്പുവരുത്തുന്നതിന് നടപടി

3915 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആർദ്രം മിഷൻ പദ്ധതിയിലൂടെ നവീകരിച്ചു വരുന്ന ആരോഗ്യകേന്ദ്രങ്ങളുടെ ശുചിത്വവും വൃത്തിയും ഉറപ്പുവരുത്താൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക സഹായത്തോടെയോ ആശുപത്രി വികസന സമിതി ഫണ്ട് വിനിയോഗിച്ചോ കുടുംബശ്രീ/എംപ്ലോയ്മെന്റ് എന്നിവിടങ്ങളിൽ നിന്ന് താല്ക്കാലിക ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## ആരോഗ്യ സബ് സെന്ററുകളുടെ നവീകരണത്തിനുള്ള കേന്ദ്ര ഫണ്ട്

3916 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആരോഗ്യ സബ് സെന്ററുകൾ നവീകരിക്കുന്നതിന് കേന്ദ്ര സഹായത്തോടെ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം സബ് സെന്ററുകളെയാണ് ഫണ്ട് അനുവദിക്കുന്നതിന് തെരഞ്ഞെടുത്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ ഏതെല്ലാം സെന്ററുകൾക്ക് ഒന്നാം ഘട്ടം പണം അനുവദിച്ചു എന്നും ഏതെല്ലം സബ് സെന്ററുകളുടെ പ്രവൃത്തി ആരംഭിച്ചു എന്നും വ്യക്തമാക്കുമോ;

(സി) ആരോഗ്യ സബ് സെന്ററുകളുടെ പ്രവൃത്തി നടത്തുന്നത് ആരാണെന്ന് വ്യക്തമാക്കുമോ;

(ഡി) സബ് സെന്ററുകളിലെ പ്രവൃത്തികളുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) സബ് സെന്ററുകളുടെ പ്രവൃത്തി നടക്കാത്ത കാരണം അടുത്ത ഗഡു ലഭിക്കാത്ത പ്രശ്നമുണ്ടോയെന്ന് വ്യക്തമാക്കുമോ; ഈ പ്രവൃത്തി വേഗത്തിൽ പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## വടക്കാഞ്ചേരി മണ്ഡലത്തിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ

3917 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ എൻ.എച്ച്.എം. ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പദ്ധതികളുടെ പേരും അനുവദിച്ച തുകയും പദ്ധതികളുടെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ?

## കാസർഗോഡ് ജില്ലയിലെ വിവിധ ആശുപത്രികളിലെ ഗൈനക്കോളജിസ്റ്റുകളുടെ വിവരങ്ങൾ

3918 **ശ്രീ എം രാജഗോപാലൻ** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ പ്രസവ സംബന്ധമായ ചികിത്സയ്ക്കുള്ള സൗകര്യങ്ങൾ ഇല്ലാത്ത ഏതൊക്കെ പി.എച്ച്.സി., സി.എച്ച്.സി., താലൂക്ക് ആശുപത്രികളിലുമാണ് ഗൈനക്കോളജിസ്റ്റുകൾ ജോലി ചെയ്യുന്നതെന്നുള്ള വിവരം അവരുടെ പേരു വിവരം സഹിതം ലഭ്യമാക്കാമോ ?

## പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രി

3919 **ശ്രീ. കെ. പി. എ. മജീദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി മണ്ഡലത്തിലെ പരപ്പനങ്ങാടി ഫിഷറീസ് ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള കെട്ടിട സൗകര്യങ്ങൾ ഒരുക്കിയിട്ടും കിടത്തി ചികിത്സ ആരംഭിക്കാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) ഈ പ്രദേശത്ത് കിടത്തി ചികിത്സയുള്ള ആശുപത്രികൾ ഇല്ലാത്തത് ശ്രദ്ധയിൽ വന്നിട്ടുണ്ടോ; വിശദമാക്കാമോ?

## ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ക്വാർട്ടേഴ്സുകൾ

3920 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ കുടുംബക്ഷേമ ഉപകേന്ദ്രങ്ങളുടെ ക്വാർട്ടേഴ്സുകൾ ആരോഗ്യ വകുപ്പിന് കീഴിലാണോ പൊതുമരാമത്ത് വകുപ്പിന് കീഴിലാണോ സംരക്ഷിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആരോഗ്യ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾക്കായി പ്രസ്തുത ക്വാർട്ടേഴ്സുകൾ ഏറ്റെടുക്കണമെന്ന് ആരോഗ്യ വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ക്വാർട്ടേഴ്സുകൾ അനുവദിക്കപ്പെട്ടിട്ടുള്ള ജീവനക്കാരുടെ ശമ്പളത്തിൽ നിന്ന് എച്ച്.ആർ.എ. കുറവ് ചെയ്യുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) ക്വാർട്ടേഴ്സുകൾ ഏറ്റെടുക്കുകയാണെങ്കിൽ അവ അനുവദിച്ചിട്ടുള്ള ജീവനക്കാരുടെ എച്ച്.ആർ.എ. മുൻകാല പ്രാബല്യത്തോടെ പുനസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ഇ) ക്വാർട്ടേഴ്സുകൾ ഏറ്റെടുക്കുന്ന കാര്യത്തിലും അവ അനുവദിച്ച് കിട്ടിയിരുന്ന ജീവനക്കാരുടെ എച്ച്.ആർ.എ. പുനസ്ഥാപിച്ച് നൽകുന്ന കാര്യത്തിലും വ്യക്തമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## അത്യാഹിത വിഭാഗത്തിൽ എത്തിച്ചേരുന്ന രോഗികളുടെ രജിസ്ട്രേഷൻ

3921 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജനറൽ ആശുപത്രിയിലെ അത്യാഹിത വിഭാഗത്തിൽ എത്തിച്ചേരുന്ന രോഗികൾക്ക് രജിസ്ട്രേഷൻ ടിക്കറ്റ് എടുക്കുന്നതിന് നിലവിൽ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കയാണെന്ന് വ്യക്തമാക്കുമോ;

(ബി) പകൽ സമയങ്ങളിൽ ഒ.പി. വിഭാഗങ്ങളിൽ എത്തിച്ചേരുന്ന രോഗികൾക്ക് ഒ.പി. ടിക്കറ്റ് നൽകുന്ന അതേ കൗണ്ടറുകളിൽ നിന്നാണോ അത്യാഹിത വിഭാഗത്തിലും പേവിഷ പ്രതിരോധ ക്ലിനിക്കിലും എത്തിച്ചേരുന്ന രോഗികൾ രജിസ്ട്രേഷൻ നടത്തേണ്ടത്; എങ്കിൽ ഇത്തരം രോഗികൾക്ക് മുൻഗണന നൽകുന്നതിന് എന്ത് സംവിധാനമാണുള്ളത്; അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികൾക്ക് ഒ.പി. ടിക്കറ്റ് ലഭിക്കുന്നതിന് ക്യൂ നിൽക്കേണ്ടതില്ലെന്ന തരത്തിൽ നോട്ടീസ് ബോർഡോ അറിയിപ്പോ അവിടെ പ്രദർശിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) അത്യാഹിത വിഭാഗത്തിൽ എത്തുന്ന രോഗികളുടെ രജിസ്ട്രേഷൻ നടത്തുന്നതിന് അവരുടെ കൂടെ എത്തുന്ന വ്യക്തി ഒ.പി. വിഭാഗങ്ങളിൽ എത്തിച്ചേരുന്നവർക്കൊപ്പം വളരെയധികം സമയം ക്യൂവിൽ ചെലവഴിക്കേണ്ട നിലവിലെ സാഹചര്യം ഒഴിവാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; ഇവർക്ക് ക്യൂവിൽ മുൻഗണനയുണ്ടെന്ന തരത്തിൽ വ്യക്തമായ അറിയിപ്പ് പ്രദർശിപ്പിക്കാമോ?

## കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണം

3922 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കക്കയം കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിട നിർമ്മാണം എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും എന്തൊക്കെ സൗകര്യങ്ങളാണ് പുതിയ കെട്ടിടത്തിൽ ഉണ്ടാവുകയെന്നും അറിയിക്കുമോ; വിശദമാക്കാമോ?

## പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി

3923 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 വർഷം അനുമതി ലഭിച്ച പാലോട് കുടുംബാരോഗ്യ കേന്ദ്രത്തിലെ ഐസൊലേഷൻ വാർഡ് കെട്ടിടത്തിന്റെ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തി എന്നേക്ക് പൂർത്തീകരിക്കാനാകുമെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തിയുടെ നിർവഹണ ഏജൻസി ഏതാണെന്നും എത്ര തുകയുടെ പ്രവൃത്തി ഇതുവരെ പൂർത്തിയായിട്ടുണ്ടെന്നും വിശദമാക്കാമോ?

## മഞ്ചേശ്വരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ കെട്ടിട നിർമ്മാണം

3924 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് വികസന പാക്കേജിൽ മഞ്ചേശ്വരം കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററിന് അനുവദിച്ച കെട്ടിടത്തിന്റെ നിർമ്മാണം വൈകുന്നത് എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണം എപ്പോൾ തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

## കൊല്ലം ജില്ലയിൽ പി.എച്ച്.സി. സബ് സെന്ററുകൾ അനുവദിക്കുന്നതിനുള്ള നടപടി

3925 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ ഇടമുളയ്ക്കൽ പഞ്ചായത്തിൽ പന്ത്രണ്ടാം വാർഡ് മാക്കളം പ്രദേശത്ത് താമസിക്കുന്നവർക്ക് പത്ത് കിലോമീറ്ററിൽ അധികം ദൂരെയുള്ള പഞ്ചായത്ത് പി.എച്ച്.സി-യിൽ യാത്രാ ബുദ്ധിമുട്ടുകൾ കാരണം എത്തിച്ചേരാൻ കഴിയാത്തതിനാൽ ഇവിടെ പി.എച്ച്.സി-യുടെ സബ് സെന്റർ അനുവദിക്കണമെന്ന നിലയിൽ നിവേദനം ലഭിച്ചിട്ടുണ്ടോ; ആയതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കാമോ; മേൽ വിഷയത്തിൽ ആരോഗ്യ വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(ബി) കൊല്ലം ജില്ലയിൽ തന്നെ ഏറ്റവും കൂടുതൽ പട്ടികജാതി-പട്ടികവർഗ്ഗക്കാർ തിങ്ങി പാർക്കുന്ന മാമ്പഴത്തറ ഇരുട്ടുതറ ചതുപ്പ് ഗിരിജൻ കോളനിയിലെ ആളുകൾക്ക് ആശുപത്രി സൗകര്യങ്ങൾക്കായി പുനലൂർ, തെന്മല, കുളത്തൂപ്പുഴ എന്നിവിടങ്ങളിലേയ്ക്ക് വാഹനങ്ങൾ വാടകയ്ക്കെടുത്ത് എത്തിപ്പെടേണ്ട സാഹചര്യമാണ് നിലവിലുള്ളത് എന്നതിനാൽ ആദിവാസികളും തോട്ടം തൊഴിലാളികളുമുൾപ്പെടെയുള്ളവർ അധിവസിക്കുന്ന തമിഴ്നാട് അതിർത്തിയോട്

ചേർന്ന ഈ മേഖലയിൽ തെന്മല പി.എച്ച്.സി-യുടെ ഒരു സബ് സെന്റർ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; മേൽ വിഷയത്തിൽ ആരോഗ്യ വകുപ്പ് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; വിശദമാക്കാമോ;

(സി) കൊല്ലം ജില്ലയിലെ പുനലൂരിൽ കരവാളൂർ പഞ്ചായത്തിലെ മൂന്നു വാർഡുകൾക്ക് പ്രയോജനപ്പെടത്തക്ക രീതിയിൽ കരവാളൂർ ചേറ്റുകുഴി കേന്ദ്രമാക്കി കുടുംബക്ഷേമ കേന്ദ്രം അനുവദിക്കുന്നതിന് വേണ്ടി ജില്ലാ മെഡിക്കൽ ഓഫീസർ നല്കിയ പ്രൊപ്പോസൽ, പഞ്ചായത്ത് ഭരണസമിതി തീരുമാനം എന്നിവ ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ; മേൽ വിഷയത്തിൽ സ്വീകരിച്ചിട്ടുള്ള തുടർനടപടികൾ അറിയിക്കുമോ?

## പാലാ ഗവൺമെന്റ് ആശുപത്രിയിലെ അടിസ്ഥാന സൗകര്യ വികസനം

3926 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലാ ഗവൺമെന്റ് ആശുപത്രിയിൽ അടിസ്ഥാന സൗകര്യം ഇല്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) പ്രസ്തുത ആശുപത്രിയിൽ ഹൈടെക് ലാബ്, ഡിജിറ്റൽ എക്സ്റേ യൂണിറ്റ്, അൾട്രാസൗണ്ട് സ്കാനിംഗ് മെഷീൻ, സി.റ്റി. സ്കാനിംഗ് മെഷീൻ തുടങ്ങിയ ഉപകരണങ്ങൾ നിലവിൽ ഉണ്ടോ; ഇല്ലെങ്കിൽ ഈ സംവിധാനങ്ങൾ ഉൾപ്പെടുത്തി ജനങ്ങൾക്ക് മതിയായ ചികിത്സാ സൗകര്യം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## മാവേലിക്കര മണ്ഡലത്തിലെ സബ് സെന്ററുകൾ

3927 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിലെ വിവിധ കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പരിധിയിൽ എത്ര സബ് സെന്ററുകൾ ഉണ്ടെന്നും അവ ഏതൊക്കെയാണെന്നും സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളവ, ഇല്ലാത്തവ എന്നിങ്ങനെ തരംതിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത സബ് സെന്ററുകൾക്ക് സ്ഥലവും കെട്ടിടവും ലഭ്യമാക്കുവാൻ 2016-17 മുതൽ സ്വീകരിച്ച നടപടികളും അനുവദിക്കപ്പെട്ട തുകയും വിശദമാക്കുമോ;

(സി) അനുവദിക്കപ്പെട്ട തുകയിൽ കേന്ദ്ര - സംസ്ഥാന വിഹിതം എത്രയെന്ന് അറിയിക്കുമോ;

(ഡി) സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്ത സബ് സെന്ററുകൾക്ക് അവ ലഭ്യമാക്കുവാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

## കുമ്പള സി.എച്ച്.സി. ആശുപത്രിയ്ക്ക് പുതിയ കെട്ടിടം

3928 **ശ്രീ. എ. കെ. എം. അഷ്റഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുമ്പള സി.എച്ച്.സി. ആശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ?

## മുതുകുളം, ചെറുതന സി.എച്ച്.സി.കളുടെ കെട്ടിട നിർമ്മാണം

3929 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ബഡ്ജറ്റിൽ 20% പ്രൊവിഷൻ വകയിരുത്തിയ ഹരിപ്പാട് മണ്ഡലത്തിലെ മുതുകുളം, ചെറുതന സി.എച്ച്.സി.കളുടെ പുതിയ കെട്ടിട നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ;

(ബി) മുതുകുളം സി.എച്ച്.സി.യുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് പി.ഡബ്ല്യു.ഡി. ചീഫ് എഞ്ചിനീയർ ആരോഗ്യവകുപ്പ് ഡയറക്ടർക്ക് നൽകിയത് എന്നാണെന്ന് അറിയിക്കാമോ; പ്രസ്തുത എസ്റ്റിമേറ്റ് സർക്കാരിലേക്ക് ഫോർവേർഡ് ചെയ്യാത്തതിന്റെ കാരണം അറിയിക്കാമോ;

(സി) പ്രസ്തുത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്ന് ഉറപ്പാക്കുന്നതിന് വകുപ്പിൽ എന്തെങ്കിലും ക്രമീകരണമോ, സംവിധാനമോ ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ഡി) മുതുകുളം, ചെറുതന സി.എച്ച്.സി.കളുടെ പുതിയ കെട്ടിട നിർമ്മാണത്തിനായി സത്വര നടപടി സ്വീകരിക്കുമോ?

## ഹരിപ്പാട് താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് നിർമ്മാണം

3930 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് താലൂക്ക് ആശുപത്രിയിൽ പുതിയ ഡയാലിസിസ് യൂണിറ്റും ബ്ലോക്കും സ്ഥാപിക്കുന്നതിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളത്;

(ബി) ഇതിൽ എത്ര രൂപയാണ് പി.ഡബ്ല്യു.ഡി. വകുപ്പിന് കൈമാറിയിട്ടുള്ളതെന്നും ശേഷിക്കുന്ന തുക എന്നത്തേക്ക് കൈമാറുമെന്നും അറിയിക്കാമോ;

(സി) ഭരണാനുമതി ഉത്തരവിലെ തുകയ്ക്ക് അനുസൃതമായിട്ടാണോ നിർദ്ദിഷ്ട പ്രവൃത്തിയുടെ നിർവ്വഹണത്തിനായി നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഡയാലിസിസ് ബ്ലോക്കിൽ ഉപയോഗിക്കേണ്ട മെഡിക്കൽ ഉപകരണങ്ങൾ എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

## തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റി ബ്ലോക്ക്

3931 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് താലൂക്ക് ആശുപത്രിയിലെ കാഷ്വാലിറ്റി ബ്ലോക്ക് നിർമ്മാണത്തിന് കിഫ്ബിയിൽ നിന്നും അനുമതി ലഭിക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന്റെ കാരണങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്കായി കിഫ്ബിയിൽ നിന്നും അനുമതി ലഭ്യമാകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ?

**ചാവക്കാട് താലൂക്കാശുപത്രിയിലെ ഒഴിവുകൾ**

3932 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് താലൂക്കാശുപത്രിയിൽ ഡോക്ടർ ഉൾപ്പെടെയുള്ള തസ്തികകളിൽ എത്ര ഒഴിവുകളുണ്ട്; പ്രസ്തുത ഒഴിവുകൾ നികത്തുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ചാവക്കാട് താലൂക്കാശുപത്രിയിൽ രാത്രികാലങ്ങളിൽ ഒരു ഡോക്ടറുടെ സേവനം മാത്രം ലഭ്യമായ സാഹചര്യത്തിൽ അധികമായി ഒരു ഡോക്ടറെ കൂടി നഗരസഭ മുഖേന ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അനുമതി ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

**ഐസൊലേഷൻ വാർഡ് നിർമ്മാണ പദ്ധതി**

3933 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് വ്യാപനത്തിന് ശേഷം 2021-22 വർഷത്തെ എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും നാല് കോടി രൂപ വിനിയോഗിച്ച് ഓരോ മണ്ഡലത്തിലും ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി പയ്യന്നൂർ മണ്ഡലത്തിൽ നിന്ന് ഇതിനായി ഏത് ആശുപത്രിയെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്; വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഐസൊലേഷൻ വാർഡ് നിർമ്മാണ പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

**വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പുരോഗതി**

3934 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ വാരപ്പെട്ടി പഞ്ചായത്തിലെ ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട നിലവിലെ സാഹചര്യം വ്യക്തമാക്കാമോ;

(ബി) എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് ഐസൊലേഷൻ സെന്ററിൽ ഒരുക്കുന്നത് എന്നറിയിക്കുമോ;

(സി) എത്ര തുകയാണ് ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണത്തിനായി ചെലവഴിക്കുന്നത് എന്നറിയിക്കുമോ;

(ഡി) ഐസൊലേഷൻ സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിൽ പൂർത്തീകരിച്ച് സെന്റർ പ്രവർത്തനം ആരംഭിക്കുന്നതിനു വേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

## വൈക്കം താലൂക്ക് ആശുപത്രിയിൽ കാർഡിയോളജി വിഭാഗവും കാത് ലാബും

3935 **ശ്രീമതി സി. കെ. ആശ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും താലൂക്ക് ആശുപത്രികളിൽ കാർഡിയോളജി വിഭാഗം പ്രവർത്തിച്ചുവരുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആശുപത്രികളിൽ കാർഡിയോളജി വിഭാഗം ആരംഭിക്കുന്നതിനുണ്ടായ പ്രത്യേക സാഹചര്യം വ്യക്തമാക്കാമോ;

(ബി) ഏതെങ്കിലും താലൂക്ക് ആശുപത്രികളിലെ അത്യാഹിത വിഭാഗത്തിൽ കാത് ലാബ് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ ആശുപത്രികളിലാണെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ആശുപത്രികളിൽ കാത് ലാബ് ആരംഭിക്കുന്നതിനുണ്ടായ പ്രത്യേക സാഹചര്യം വ്യക്തമാക്കാമോ;

(സി) വൈക്കം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാർഡിയോളജി വിഭാഗവും കാത് ലാബും അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

## അടിമാലി താലൂക്ക് ആശുപത്രിയിലെ വികസന പ്രവർത്തന പ്രൊപ്പോസൽ

3936 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി അടിമാലി താലൂക്ക് ആശുപത്രിയിൽ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) എത്ര തുകയുടെ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനാണ് പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുന്നത്; എന്തൊക്കെ പ്രവൃത്തികൾ നടപ്പിലാക്കുന്നതിനാണ് നിർദേശിച്ചിരിക്കുന്നത്; വിശദമാക്കാമോ?

## പുളിയം പറമ്പ് സബ് സെന്റർ ആരംഭിക്കാൻ നടപടി

3937 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ ആരോഗ്യ സ്ഥാപനങ്ങൾക്ക് കീഴിൽ പുളിയം പറമ്പ് സബ് സെന്റർ ആരംഭിക്കുന്നതിനായി സ്ഥാപന മേധാവികൾ സമർപ്പിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ റിപ്പോർട്ടിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത റിപ്പോർട്ടിന്മേൽ നാളിതുവരെ അന്തിമ നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാർക്കെതിരെ ഉയർന്ന പരാതികൾ

3938 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂരങ്ങാടി താലൂക്ക് ആശുപത്രിയിലെ ഡോക്ടർമാരെ കുറിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിൽ പറയുന്ന വിഷയം എന്താണ്; ആരാണ് പരാതി നൽകിയത്; ഏത് ഡോക്ടറെ കുറിച്ചാണ് പരാതിയിൽ പരാമർശിച്ചിരിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പരാതിയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

## ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമാക്കുന്നതിന് നടപടി

3939 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ ലഭ്യമല്ലാത്തത് പ്രതിരോധ പ്രവർത്തനങ്ങളെ സാരമായി ബാധിച്ചിട്ടുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, വ്യക്തമാക്കാമോ;

(ബി) പ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എറണാകുളം ജില്ലയിലെ സർക്കാർ ആശുപത്രികളിൽ ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(സി) 2025-ൽ നാളിതുവരെ എറണാകുളം ജില്ലയിൽ എത്രപേർക്ക് ഹെപ്പറ്റൈറ്റിസ് ബി വാക്സിൻ നൽകിയിട്ടുണ്ട് എന്നത് ആശുപത്രിയുടെ പേരും നൽകിയ വാക്സിന്റെ എണ്ണവും തിരിച്ച് ലഭ്യമാക്കുമോ?

## ഇരിക്കൂർ താലൂക്ക് ആശുപത്രിയ്ക്ക് പുതിയ കെട്ടിടം

3940 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ താലൂക്ക് ആശുപത്രിയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്ന പ്രവൃത്തി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) കെട്ടിട നിർമ്മാണം വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ പുതിയ ബഹുനില കെട്ടിടം

3941 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന ബഹുനില കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തി ആരംഭിക്കാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 80.41 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കി ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കാലതാമസം നേരിടുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(സി) ടി കെട്ടിടം നിർമ്മിക്കുന്നതിന് നിലവിലുള്ള ഏതെല്ലാം കെട്ടിടങ്ങളാണ് പൊളിച്ചു നീക്കേണ്ടതെന്ന് വ്യക്തമാക്കുമോ; അവയിൽ ഏതെല്ലാം കെട്ടിടങ്ങൾ പൊളിച്ചു

നീക്കുന്നതിനാണ് അനുമതി ലഭിക്കാനുള്ളതെന്നും അനുമതി ലഭ്യമാകുന്നതിന് കാലതാമസം നേരിടുന്നതിനുള്ള കാരണവും വ്യക്തമാക്കുമോ?

**കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിലെ കുടുംബ ആരോഗ്യ കേന്ദ്രങ്ങൾ**

3942 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-ന് ശേഷം കാഞ്ഞങ്ങാട് നിയോജകമണ്ഡലത്തിൽ എത്ര പ്രാഥമിക ആരോഗ്യകേന്ദ്രങ്ങളാണ് കുടുംബ ആരോഗ്യകേന്ദ്രങ്ങളായി ഉയർത്തിയതെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

**ജങ്ക് ഫുഡുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടി**

3943 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവിതശൈലി രോഗ നിയന്ത്രണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കടുത്തുള്ള കടകളിൽ ജങ്ക് ഫുഡുകൾ നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) ജങ്ക് ഫുഡുകൾ മൂലമുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ സംബന്ധിച്ച മുന്നറിയിപ്പുകൾ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും പ്രദർശിപ്പിക്കുന്നുണ്ടോ; വിശദമാക്കാമോ?

**ആശാ പ്രവർത്തകർക്ക് ഓണറേറിയം**

3944 **ശ്രീ. സണ്ണി ജോസഫ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാ പ്രവർത്തകർക്ക് ഏറ്റവും കൂടുതൽ ഓണറേറിയം നൽകുന്ന ഇന്ത്യൻ സംസ്ഥാനം കേരളമാണെന്ന വാദം ഉയർത്തി ആശാ പ്രവർത്തകരുടെ ഓണറേറിയം വർദ്ധനവെന്ന ആവശ്യത്തെ പ്രതിരോധിക്കുന്നത് വസ്തുതാപരമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) സിക്കിം സർക്കാർ നിലവിൽ ആശാ പ്രവർത്തകർക്ക് ഓണറേറിയം ആയി പതിനായിരം രൂപ നൽകുന്നുവെന്ന വസ്തുത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കർണാടക ഉൾപ്പെടെയുള്ള സംസ്ഥാനങ്ങൾ ഓണറേറിയം പതിനായിരം രൂപയാക്കി വർധിപ്പിച്ച സാഹചര്യത്തിൽ ആശാ പ്രവർത്തകരെ സ്ഥിരം തൊഴിലാളികൾ ആക്കി ഓണറേറിയത്തിനു പകരം മിനിമം വേതനം നൽകാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പുരോഗതി**

3945 **ശ്രീ. എ. പ്രഭാകരൻ**
**ശ്രീ. പി.വി. ശ്രീനിജിൻ**
**ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യവകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ നടന്നുവരുന്ന പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങളുടെ പുരോഗതി വ്യക്തമാക്കുമോ;

(ബി) പാലിയേറ്റീവ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന്റെ ഭാഗമായി "പാലിയേറ്റീവ് കെയർ ഗ്രിഡ്" രൂപീകരിച്ചിട്ടുണ്ടോ; പ്രസ്തുത ഗ്രിഡ് രൂപകല്പന നടത്തിയത് ഏത് ഏജൻസിയാണ് എന്നറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(സി) പാലിയേറ്റീവ് പരിചരണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി ബഹു. മുഖ്യമന്ത്രി വിളിച്ചു ചേർത്ത അവലോകനയോഗത്തിലെ തീരുമാനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ?

## <u>സൗജന്യ ചികിത്സക്കു ചെലവഴിച്ച തുക</u>

3946 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ ചികിത്സ നൽകുന്നതിന് പ്രതിവർഷം എത്ര കോടി രൂപയാണ് ചെലവഴിക്കുന്നതെന്ന് വ്യക്തമാക്കാമോ?

## <u>കാൻസർ മരുന്നുകളുടെ അമിത വില ഒഴിവാക്കുന്നതിനുള്ള നടപടി</u>

3947 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാൻസർ മരുന്നുകളുടെ അമിത വിലയിൽ നിന്ന് ജനങ്ങൾക്ക് ആശ്വാസം നൽകുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കുമോ;

(ബി) കാരുണ്യ സ്പർശം പദ്ധതി വഴി എത്ര കോടി രൂപയുടെ മരുന്ന് വിൽപ്പനയാണ് ഈ സർക്കാരിന്റെ കാലത്ത് നടത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) കാരുണ്യ സ്പർശം കൗണ്ടറുകൾ നിലവിൽ ഏതെല്ലാം സ്ഥലങ്ങളിലാണ് ഉള്ളത്; ഇതിന്റെ പ്രവർത്തനം വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

## <u>വിദ്യാർത്ഥിനികൾക്ക് സൗജന്യ എച്ച്.പി.വി. വാക്സിനേഷൻ</u>

3948 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗർഭാശയമുഖ കാൻസർ പ്രതിരോധിക്കുന്നതിനായി സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് വാക്സിനേഷൻ നൽകുന്നതിന് കർമ്മപദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) സൗജന്യ എച്ച്.പി.വി. വാക്സിനേഷനുമായി ബന്ധപ്പെട്ട് കേന്ദ്രസഹായം തേടിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇതിനായുള്ള മുന്നൊരുക്കങ്ങൾ ഏതെല്ലാം ജില്ലകളിൽ പൂർത്തീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പ്രസ്തുത സൗജന്യ വാക്സിനേഷൻ സംസ്ഥാനത്ത് നടപ്പിലാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നതിന്റെ കാരണം കേന്ദ്രസഹായം

ലഭ്യമാകാത്തതിനാലാണോ; വ്യക്തമാക്കാമോ;

(ഇ) പ്രസ്തുത സൗജന്യ വാക്സിനേഷൻ നടപ്പിലാക്കുന്നതിനായി കേന്ദ്രവുമായി ധാരണയിൽ എത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) പ്രസ്തുത വാക്സിനേഷൻ സംബന്ധിച്ച് പൊതുസമൂഹത്തിന് അവബോധം നൽകാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## ആശുപത്രികളിൽ ഡോക്ടർമാരുടെയും ഉപകരണങ്ങളുടെയും കുറവ്

3949 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിൽ ഡോക്ടർമാരുടെ കുറവും ഉപകരണങ്ങളുടെ അഭാവവുമുണ്ടോ; ഉണ്ടെങ്കിൽ ആശുപത്രികൾ തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; വ്യക്തമാക്കുമോ;

(ബി) ഡോക്ടർമാരുടെ ക്ഷാമത്തിന് കാരണമെന്തെന്ന് വിശകലനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഏതു വർഷത്തെ സ്റ്റാഫ് പാറ്റേൺ ആണ് ഇപ്പോൾ തുടരുന്നതെന്നും ആയത് മാറ്റാത്തതിന് കാരണമെന്തെന്നും വ്യക്തമാക്കാമോ;

(ഡി) സ്പെഷ്യാലിറ്റി കേഡറുകൾ വന്നത് എപ്പോഴാണെന്നും ഇത് സംബന്ധിച്ച് അവലോകനം എത്ര പ്രാവശ്യം നടന്നുവെന്നും വ്യക്തമാക്കാമോ;

(ഇ) ദിനംപ്രതി എത്ര രോഗികളാണ് താലൂക്ക് ആശുപത്രികളിലെ ഒ.പി.യിൽ ചികിത്സയ്ക്കായി എത്തുന്നതെന്നും താലൂക്ക് ആശുപത്രികളിൽ എത്ര ഡോക്ടർമാരാണുള്ളതെന്നും വ്യക്തമാക്കാമോ?

## ആദിവാസി മേഖലകളിലെ ആരോഗ്യ പ്രവർത്തനങ്ങൾ

3950 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിലെ പ്രത്യേക ആരോഗ്യപ്രശ്നങ്ങൾ പരിഗണിച്ച് ആരോഗ്യപ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ആദിവാസി മേഖലകളിലെ ആരോഗ്യ ഇടപെടലുകൾക്ക് ലോകാരോഗ്യ സംഘടന പിന്തുണ അറിയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) രക്തസമ്മർദം, അനീമിയ, സിക്കിൾസെൽ അനീമിയ തുടങ്ങിയ രോഗങ്ങളുള്ള ആദിവാസികൾക്ക് വ്യക്തിപരമായി ആരോഗ്യപരിചരണം ഉറപ്പാക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) ആദിവാസി നഗറുകളിലെ ആരോഗ്യപ്രശ്നങ്ങൾ കാലതാമസം കൂടാതെ ആരോഗ്യവകുപ്പ് ജീവനക്കാരെ അറിയിക്കാനും ആവശ്യമായ നടപടികൾ

സ്വീകരിക്കാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## ശ്രുതിതരംഗം പദ്ധതി

3951 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രുവണവൈകല്യം നേരിടുന്ന 5 വയസിൽ താഴെ പ്രായമുള്ള കുട്ടികൾക്ക് സൗജന്യ ചികിത്സ ഉറപ്പാക്കാനായി നടപ്പിലാക്കുന്ന ശ്രുതിതരംഗം പദ്ധതിയിൽ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കുന്നതിനു മുൻപായി അടിയന്തര സാഹചര്യങ്ങളിൽ കോക്ലിയർ ഇംപ്ലാന്റേഷൻ ശസ്ത്രക്രിയ നടത്തേണ്ടിവരുന്ന കുട്ടികളെ രജിസ്ട്രേഷൻ നടപടികൾ പൂർത്തീകരിക്കാതെ തന്നെ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## ആശാ വർക്കർമാർ

3952 **ശ്രീ. എൻ. എ. നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശാ പദ്ധതിക്ക് ഇന്ത്യയിൽ തുടക്കം കുറിച്ചത് എപ്പോഴാണ്; കേരളമടക്കം മറ്റു സംസ്ഥാനങ്ങളിൽ ഈ പദ്ധതിക്ക് തുടക്കം കുറിച്ചത് എപ്പോഴാണെന്നത് സംസ്ഥാനവും വർഷവും തിരിച്ച് വ്യക്തമാക്കാമോ;

(ബി) കേരളത്തിൽ തുടക്കത്തിൽ എത്ര ആശാവർക്കർമാരുണ്ടായിരുന്നെന്നും നിലവിൽ എത്രപേരുണ്ടെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ; ഇവരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് ശമ്പളമാണോ ഓണറേറിയമാണോ നൽകുന്നതെന്നും ഓണറേറിയം ആണെങ്കിൽ ശമ്പള വ്യവസ്ഥിതിയിൽ ഉൾപ്പെടുത്താത്തതെന്തുകൊണ്ടാണന്നും വ്യക്തമാക്കാമോ;

(ഡി) കേരളത്തിൽ ആശാവർക്കർമാർക്ക് നിലവിൽ ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് കേന്ദ്രസംസ്ഥാന വിഹിതം തിരിച്ചു വ്യക്തമാക്കാമോ;

(ഇ) സർക്കാർ നിർദ്ദേശിച്ച ചില മാനദണ്ഡങ്ങൾ പൂർത്തിയാക്കിയാൽ മാത്രമേ പ്രതിമാസ ഓണറേറിയം ആശാ വർക്കർമാർക്ക് ലഭിക്കുകയുള്ളൂ എന്ന് നിയമം ഉണ്ടോ; എങ്കിൽ പ്രസ്തുത മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ആശാവർക്കർമാർക്ക് നൽകാനുള്ള കേന്ദ്ര വിഹിതത്തിൽ കുടിശികയുണ്ടോ; എങ്കിൽ അതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ; ബജറ്റിൽ അനുവദിച്ച തുകയ്ക്ക് പുറമേ അധിക തുക കേന്ദ്രം നൽകിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ ;

(ജി) ആശാവർക്കർമാർക്ക് ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളിൽ നൽകുന്ന ഓണറേറിയം എത്രയാണെന്ന കണക്ക് സർക്കാരിന്റെ പക്കൽ ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

## അവശ്യമരുന്നുകളുടെ സംഭരണം

3953 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡി. എം. ഇ ./ഡി. എച്ച്. എസ്. എന്നിവ ആവശ്യപ്പെട്ട പ്രകാരം ഉള്ള അവശ്യമരുന്നുകളുടെ സംഭരണത്തിനായി 2024-25 സാമ്പത്തിക വർഷത്തിൽ എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; നടപ്പ് സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയത്; നാളിതുവരെ എത്ര തുക അനുവദിച്ച് നൽകി; എത്ര തുക ചെലവഴിച്ചു; വിശദാംശം ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഡി. എം. ഇ. /ഡി. എച്ച്. എസ്. എന്നിവ ആവശ്യപ്പെട്ട പ്രകാരം ഉള്ള അവശ്യമരുന്നുകളുടെ സംഭരണത്തിനായി 2025-26 സാമ്പത്തിക വർഷത്തിൽ എത്ര തുക ആവശ്യമായി വരുമെന്നാണ് കണക്കാക്കിയത്; 2025-26 സാമ്പത്തിക വർഷത്തെ ബജറ്റിൽ ഇതിനായി എത്ര തുകയാണ് വകയിരുത്തിയത്; വിശദാംശം വ്യക്തമാക്കുമോ?

## ആശാപ്രവർത്തകർക്ക് നൽകിവരുന്ന ഓണറേറിയം

3954 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ, സിക്കിം സർക്കാരിനോട് സിക്കിമിലെ ആശാപ്രവർത്തകർക്ക് നൽകിവരുന്ന ഓണറേറിയം സംബന്ധിച്ച രേഖകൾ ആവശ്യപ്പെട്ടിരുന്നോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇത് സംബന്ധിച്ച ഇ-മെയിൽ/രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) സിക്കിം സർക്കാർ നൽകിയ മറുപടിയുടെയും അനുബന്ധ രേഖകളുടെയും പകർപ്പ് ലഭ്യമാക്കാമോ?

## 2023-24 സാമ്പത്തിക വർഷത്തിൽ ആശാവർക്കർമാരുടെ കേന്ദ്ര വിഹിതം നഷ്ടപ്പെടാനുള്ള കാരണം

3955 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2023-24 സാമ്പത്തിക വർഷത്തിൽ ആശാവർക്കർമാരുടെ ഓണറേറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ അനുവദിക്കുന്നതിനായി കേന്ദ്രസർക്കാർ എത്ര തുക അനുവദിച്ചിട്ടുണ്ട്; പ്രസ്തുത തുക ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട് ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിൽ കേന്ദ്ര സർക്കാരിൽ നിന്നും ഇനി എത്ര തുക ലഭിക്കാനുണ്ടെന്നും ഏതൊക്കെ ഇനത്തിലാണ് തുക ലഭിക്കാനുള്ളതെന്നും അറിയിക്കുമോ; പ്രസ്തുത തുക കുടിശ്ശിക ആകാനുള്ള കാരണം എന്തായിരുന്നു എന്നറിയിക്കുമോ; ഈ തുക ലഭിക്കുന്നതിനായി സംസ്ഥാന സർക്കാർ എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

## വനിതകളിലെ ക്യാൻസർ രോഗസാധ്യത നിർണയം

3956 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനിതകളിലെ ക്യാൻസർ രോഗസാധ്യത നിർണയിക്കുന്നതിനായി വകുപ്പ് ആവിഷ്കരിച്ച പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

**ആശാവർക്കർമാരുടെ ഓണറേറിയം**

3957 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കേന്ദ്രസർക്കാരിൽ നിന്നും ഓരോ സാമ്പത്തിക വർഷവും ആശാവർക്കർമാരുടെ ഓണറേറിയം ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾക്കായി എത്ര തുക വീതം ലഭിച്ചിട്ടുണ്ട്; ഇതിൽ എത്ര തുക വീതം ഏതൊക്കെ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നും എത്ര തുക ഏതൊക്കെ ഇനത്തിൽ കുടിശിക ലഭിക്കാനുണ്ടെന്നുമുള്ള വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) സംസ്ഥാന സർക്കാർ തുക ചെലവഴിക്കുന്നത് സംബന്ധിച്ചുള്ള മാനദണ്ഡങ്ങൾ പാലിക്കാത്തതിനാലോ നടപടിക്രമങ്ങൾ പൂർത്തീകരിക്കാത്തതിനാലോ ഏതെങ്കിലും ഫണ്ട് നഷ്ടപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

**ആശാ വർക്കർമാർമാരുടെ നിയമന രീതി**

3958 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശാ വർക്കർമാരുടെ നിയമന രീതി എങ്ങനെയാണെന്ന് വിശദമാക്കുമോ;

(ബി) ആശാവർക്കർമാർക്ക് എന്നു മുതലാണ് ഇൻസന്റീവ് മാറ്റി ഓണറേറിയം നൽകാൻ തീരുമാനിച്ചതെന്നും വിശദമാക്കുമോ;

(സി) ഓണറേറിയം നൽകുന്നതിൽ കേന്ദ്രസർക്കാർ നൽകേണ്ട വിഹിതത്തിൽ കുടിശികയുണ്ടോയെന്നും ഉണ്ടെങ്കിൽ എത്രയാണെന്നും എന്നു മുതലാണ് കുടിശിക വരുത്തിയിട്ടുള്ളതെന്നും വിശദമാക്കുമോ;

(ഡി) ആശാവർക്കർമാർക്ക് നൽകിവരുന്ന ഓണറേറിയം തുക ഇതര സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

**മെഡിക്കൽ പി.ജി. വിദ്യാർത്ഥികൾക്ക് ലീവ്, സ്റ്റൈപ്പൻഡ് എന്നിവ അനുവദിക്കുന്നതിന് നടപടി**

3959 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മെഡിക്കൽ പി.ജി. വിദ്യാർത്ഥികൾക്ക് നിയമാനുസൃതം ലഭിക്കേണ്ട ലീവ്, സ്റ്റൈപ്പൻഡ് എന്നിവ അനുവദിക്കുന്നതിന് പല സ്വകാര്യ മെഡിക്കൽ കോളേജുകളും വീഴ്ച വരുത്തുന്നത് ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഇത് അവരിൽ മാനസിക സംഘർഷം രൂപപ്പെടുത്തുന്നതിനും അതുവഴി പഠനം, വ്യക്തി-സാമൂഹ്യ ജീവിതം എന്നിവയെ ദോഷകരമായി ബാധിക്കുകയും ചെയ്യുമെന്നതിനാൽ ഇക്കാര്യത്തിൽ വിദ്യാർത്ഥികൾക്ക് നീതി ഉറപ്പാക്കുന്നതിനായി നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

**കണ്ണൂർ മെഡിക്കൽ കോളേജിലെ അദ്ധ്യാപക തസ്തികകൾ**

3960 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മെഡിക്കൽ കോളേജിൽ നിലവിൽ ഒഴിഞ്ഞു കിടക്കുന്ന അദ്ധ്യാപക തസ്തികകൾ നികത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**സംസ്ഥാനത്തെ വിവിധ ആശുപത്രികളിലെ ഡോക്ടർ - രോഗി അനുപാതം**

3961 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തലത്തിലുള്ള ആരോഗ്യ കേന്ദ്രങ്ങളിലും ആശുപത്രികളിലും നിശ്ചിയിച്ചിട്ടുള്ള ഡോക്ടർ, രോഗി അനുപാതം എത്രയാണെന്നും അവ ഏറ്റവും ഒടുവിൽ നിശ്ചയിച്ചത് എന്നാണെന്നും വിശദമാക്കാമോ;

(ബി) രോഗികളുടെ എണ്ണത്തിലെ വർദ്ധനവിന് അനുസരിച്ച് ഡോക്ടർമാരുടെയും മറ്റ് ആരോഗ്യ പ്രവർത്തകരുടെയും എണ്ണം വർദ്ധിപ്പിക്കാത്തത് സംസ്ഥാനത്ത് മെച്ചപ്പെട്ട ചികിത്സ ഉറപ്പുവരുത്താൻ കഴിയാത്തതിന് കാരണമാകുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ആരോഗ്യ രംഗത്ത് സംസ്ഥാനം കൈവരിച്ച നേട്ടങ്ങളെ ഇത്തരം പരിമിതികൾ പ്രതികൂലമായി ബാധിക്കാൻ ഇടയാക്കിയിട്ടുണ്ടെന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ എന്തെല്ലാം പരിഹാരമാർഗ്ഗങ്ങളാണ് ആലോചിക്കുന്നതെന്ന് വിശദമാക്കാമോ?

**ആശാവർക്കർമാർക്ക് നൽകിയിരിക്കുന്ന ചുമതലകൾ**

3962 **ശ്രീമതി കാനത്തിൽ ജമീല**
**ശ്രീ. ഐ. ബി. സതീഷ്**
**ശ്രീ വി കെ പ്രശാന്ത്**
**ശ്രീ. കെ.വി.സുമേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശാവർക്കർമാരെ എന്തെല്ലാം ജോലികൾക്കാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ആശാവർക്കർമാർക്ക് വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട എന്തെല്ലാം പരിശീലന ബോധവൽക്കരണ പരിപാടികളാണ് നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ആശാവർക്കർമാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; പ്രസ്തുത പ്രവർത്തകർക്ക് നിലവിൽ ഓണറേറിയവും ഇൻസെന്റീവുമായി നൽകുന്ന തുക, ഈ

ഇനത്തിൽ ഇതര സംസ്ഥാനങ്ങൾ നൽകി വരുന്ന തുകയുമായി താരതമ്യം ചെയ്ത് അറിയിക്കാമോ;

(ഡി) നിലവിൽ നിയോഗിച്ചിട്ടുള്ള ജോലിക്ക് പുറമെ തദ്ദേശസ്ഥാപനങ്ങളിൽ നടക്കുന്ന മറ്റ് പരിപാടികൾക്കും പ്രസ്തുത പ്രവർത്തകരെ നിർബന്ധപൂർവ്വം പങ്കെടുപ്പിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ഇ) ആശാവർക്കർമാരെ നിലവിൽ ഏതെങ്കിലും ക്ഷേമനിധി ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

**ആരോഗ്യ വകുപ്പിലെ ഡന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടി**

3963 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ വകുപ്പിലെ ഡന്റൽ ഹൈജീനിസ്റ്റുകളുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും തസ്തികയുടെ പേര് ഡന്റൽ ഹൈജീൻ ഓഫീസർ എന്നാക്കണമെന്ന ആരോഗ്യ വകുപ്പ് ശുപാർശ നടപ്പിലാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

**ഡോക്ടർമാർ, നഴ്സുമാർ അനധികൃത ലീവിൽ തുടരുന്നത് തടയാൻ നടപടി**

3964 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തെ മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിൽ അനധികൃത ലീവിൽ ഉള്ള ഡോക്ടർമാർ, നഴ്സുമാർ എന്നിവരുടെ പേരും തസ്തികയും ആശുപത്രിയും എത്ര കാലമായി അനധികൃത ലീവിൽ ആണ് എന്നത് സഹിതം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ജീവനക്കാരെ സർവീസിൽ നിന്ന് പിരിച്ചുവിടുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

**വിരമിച്ച അങ്കണവാടി ജീവനക്കാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ സംബന്ധിച്ച്**

3965 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)**
**ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിരമിച്ച അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും യഥാക്രമം 2500, 1500 രൂപ മാത്രമാണ് പെൻഷനായി നിലവിൽ ലഭിക്കുന്നതെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ തുക കുടിശിക വരുത്തിയിട്ടുണ്ടോയെന്നും എങ്കിൽ കുടിശിക എപ്പോൾ നൽകാൻ സാധിക്കുമെന്നും അറിയിക്കുമോ;

(സി) വിരമിച്ച അങ്കണവാടി ജീവനക്കാരുടെയും ഹെൽപ്പർമാരുടെയും പെൻഷൻ ആനുകൂല്യങ്ങൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## കോട്ടയം ജില്ലയിലെ ആരോഗ്യവകുപ്പിലെ നഴ്സിംഗ് അസിസ്റ്റന്റ് ജീവനക്കാരുടെ പ്രൊമോഷൻ

3966 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിൽ നഴ്സിംഗ് അസിസ്റ്റന്റ് ആയി 01.09.2003 മുതൽ 31.12.2007 വരെയുള്ള കാലയളവിൽ ജോലിയിൽ കയറിയവരുടെ 14.09.2015-ൽ പ്രസിദ്ധീകരിച്ച സീനിയോറിറ്റി ലിസ്റ്റിൽ നിന്നും ലാബ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷൻ നൽകുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സം ഉണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) നഴ്സിംഗ് അസിസ്റ്റന്റ് ജീവനക്കാരുടെ ലാബ് അസിസ്റ്റന്റ് തസ്തികയിലേക്കുള്ള പ്രൊമോഷൻ രണ്ട് വർഷമായി തടസ്സപ്പെട്ടിരിക്കുന്നത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

## വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ

3967 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശ്ശാല നിയോജകമണ്ഡലത്തിലെ വെള്ളറട സാമൂഹികാരോഗ്യ കേന്ദ്രത്തിൽ അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ എപ്രകാരമാണെന്നും ഓരോ വിഭാഗത്തിലും എത്ര ജീവനക്കാർ ജോലിചെയ്യുന്നുണ്ടെന്നുമുള്ള വിവരം തസ്തിക തിരിച്ച് ലഭ്യമാക്കാമോ; നിലവിൽ അനുവദിക്കപ്പെട്ട സ്റ്റാഫ് പാറ്റേൺ പ്രകാരം ജീവനക്കാരുടെ കുറവുണ്ടോയെന്ന വിവരം അറിയിക്കാമോ;

(ബി) പ്രസ്തുത ആരോഗ്യകേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ അവസാനമായി പരിഷ്കരിച്ചത് എപ്പോഴാണ്; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ആരോഗ്യകേന്ദ്രത്തിൽ സാമൂഹികാരോഗ്യ കേന്ദ്രത്തിന് അനുസൃതമായ സ്റ്റാഫ് പാറ്റേൺ ഇല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ഡി) വെള്ളറട സാമൂഹികാരോഗ്യകേന്ദ്രത്തിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുന്നതുമായി ബന്ധപ്പെട്ട് നിർദ്ദേശം ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് ലഭിച്ചതെന്നും അതിന്മേൽ നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും ഫയൽ നമ്പർ ഉൾപ്പെടെയുള്ള വിവരം ലഭ്യമാക്കാമോ;

(ഇ) പ്രസ്തുത ആരോഗ്യകേന്ദ്രത്തിൽ 2011 മുതലുള്ള സർക്കാരുകളുടെ കാലത്തു നടപ്പിലാക്കിയിട്ടുള്ള വികസന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്നും അതിലേക്കായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും അറിയിക്കാമോ; പ്രസ്തുത പദ്ധതികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ?

## ഒപ്റ്റോമെട്രിസ്റ്റ് തസ്തിക

3968 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒഫ്ത്താൽമോളജിസ്റ്റ് തസ്തികയുള്ള താലൂക്ക് ആശുപത്രികളിലും ജില്ല ജനറൽ ആശുപത്രികളിലും ഒപ്റ്റോമെട്രിസ്റ്റ് തസ്തികയില്ലാത്തതിനാൽ പൊതുജനങ്ങൾക്ക് മതിയായ നേത്രചികിത്സ ലഭ്യമാകുന്നതിൽ തടസ്സം നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനറൽ ആശുപത്രി തിരുവനന്തപുരം, താലൂക്ക് ആശുപത്രി ഫറോഖ് കോഴിക്കോട്, താലൂക്ക് ആശുപത്രി കായംകുളം, താലൂക്ക് ആശുപത്രി ഫോർട്ട് കൊച്ചി, താലൂക്ക് ആശുപത്രി കുന്നംകുളം, ട്രൈബൽ ഹോസ്പിറ്റൽ കോട്ടത്തറ, പാലക്കാട് എന്നിവിടങ്ങളിൽ ഒഫ്ത്താൽമോളജിസ്റ്റ് തസ്തികയുണ്ടെങ്കിലും ഒപ്റ്റോമെട്രിസ്റ്റിന്റെ തസ്തിക നിലവിലില്ലാത്തതിനാൽ നേത്ര ചികിത്സ ഫലപ്രദമായി നടപ്പിലാക്കാൻ കഴിയുന്നില്ലെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ദിനംപ്രതി 200-ലധികം രോഗികൾ നേത്രചികിത്സയ്ക്ക് എത്തുന്ന താലൂക്ക്, ജില്ലാ ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റിന്റെ കുറവ് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) താലൂക്കാശുപത്രികളായും സാമൂഹ്യാരോഗ്യകേന്ദ്രങ്ങളായും ഉയർത്തപ്പെട്ട ആശുപത്രികളിൽ ഒപ്റ്റോമെട്രിസ്റ്റ് തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഇ) സർക്കാർ മെഡിക്കൽ കോളേജുകളിൽ 1961ലെ സ്റ്റാഫ് പാറ്റേൺ അനുസരിച്ചുള്ള തസ്തികകളാണ് ഒപ്റ്റോമെട്രിസ്റ്റ് തസ്തികയുടെ കാര്യത്തിൽ നിലവിലുള്ളതെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) രോഗികളുടെ എണ്ണം പതിന്മടങ്ങ് വർദ്ധിക്കുകയും ആധുനികമായ നിരവധി ഉപകരണങ്ങൾ കൈകാര്യം ചെയ്യേണ്ടിവരികയും ചെയ്യുന്ന സാഹചര്യത്തിൽ മെഡിക്കൽ കോളേജുകളിലെ ഒപ്റ്റോമെട്രിസ്റ്റുകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെട്ടിട്ടുണ്ടോ; ആയതു പരിഹരിക്കാൻ പുതിയ തസ്തിക സൃഷ്ടിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ജി) പുതിയതായി രൂപീകരിച്ച മഞ്ചേരി, വയനാട്, കണ്ണൂർ, ഇടുക്കി, പാലക്കാട് മെഡിക്കൽ കോളേജുകളിൽ ഒപ്റ്റോമെട്രിസ്റ്റിന്റെ തസ്തിക നിലവിലില്ലാത്ത വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പുതിയ തസ്തിക സൃഷ്ടിക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?

## ഫാർമസിസ്റ്റുകളുടെ സ്ഥലം മാറ്റ നിയമനം

3969 **ശ്രീ. യു. എ. ലത്തീഫ്** : താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ നിന്നും ഫാർമസിസ്റ്റ് ഗ്രേഡ് 1 ആയി പ്രമോഷൻ ലഭിച്ച് മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റപ്പെട്ട ജീവനക്കാർക്ക് തിരുവനന്തപുരം ജില്ലയിലുണ്ടാകുന്ന അടുത്ത ഓപ്പൺ വേക്കൻസിയിലേക്ക് തിരിച്ചു നിയമനം നൽകുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സ്ഥലം മാറ്റപ്പെട്ട ഫാർമസിസ്റ്റുകൾക്ക് തിരികെ തിരുവനന്തപുരം ജില്ലയിൽ നിയമനം നൽകാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ നിന്നും ജനറൽ ട്രാൻസ്ഫർ മുഖേന മറ്റ് ജില്ലകളിലേക്ക് സ്ഥലം മാറ്റം ലഭിച്ച ഫാർമസിസ്റ്റ് ജീവനക്കാർക്ക് തിരുവനന്തപുരം ജില്ലയിൽ അടുത്തുണ്ടാകുന്ന ഓപ്പൺ വേക്കൻസിയിൽ നിയമനം നൽകുന്നുണ്ടോയെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ;

(സി) ഡി.എച്ച്.എസ്.ന്റെ ആ.വ.ഡ. 11771/2023/ഇ4 നമ്പർ ഉത്തരവ് പ്രകാരമുള്ള ട്രാൻസ്ഫർ മുഖേന ജില്ലയ്ക്ക് പുറത്തുപോയ ജീവനക്കാർക്ക് തിരുവനന്തപുരം ജില്ലയിലെ നിലവിലെ ഓപ്പൺ വേക്കൻസികളിൽ നിയമനം നൽകി നിലവിലുള്ള ചട്ടങ്ങൾ അട്ടിമറിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ചട്ടവിരുദ്ധമായ ഇത്തരം സ്ഥലമാറ്റങ്ങൾ പുനഃപരിശോധിക്കുമോ; വ്യക്തമാക്കുമോ?

## കായംകുളം താലൂക്കാശുപത്രിയിൽ കിഫ്ബി വഴി നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന് ഭരണാനുമതി

3970 **ശ്രീമതി യു പ്രതിഭ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താലൂക്കാശുപത്രിയിൽ കിഫ്ബി വഴി നിർമ്മിക്കുന്ന കെട്ടിട സമുച്ചയത്തിന് എത്ര രൂപയുടെ ഭരണാനുമതിയാണ് ലഭിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; ടി പ്രവൃത്തിയുടെ സാങ്കേതികാനുമതി, കരാറുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ, പൂർത്തീകരണ കാലാവധി എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾ ഏതൊക്കെയെന്നും വിശദമാക്കാമോ?

## നാഷണൽ ഹെൽത്ത് മിഷന്റെ കേന്ദ്ര വിഹിതം

3971 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ഓരോ സാമ്പത്തിക വർഷവും നാഷണൽ ഹെൽത്ത് മിഷന്റെ പ്രവർത്തനങ്ങൾക്കുള്ള കേന്ദ്ര വിഹിതമായി ഉൾപ്പെടുത്തിയിരുന്ന തുക എത്രയാണ്; ഇതിന് ആനുപാതികമായി ഉൾപ്പെടുത്തിയ സംസ്ഥാന വിഹിതം എത്ര രൂപയാണ്; വിശദാംശം സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ;

(ബി) കേന്ദ്ര ഫണ്ടും ആനുപാതികമായ സംസ്ഥാന വിഹിതവും സമയബന്ധിതമായി നാഷണൽ ഹെൽത്ത് മിഷന്റെ സിംഗിൾ നോഡൽ അക്കൗണ്ടിലേക്ക് ഈ കാലയളവിൽ കൈമാറിയിട്ടുണ്ടോ; ഇപ്രകാരം കൈമാറുവാൻ സാധിക്കാത്തതിന്റെ പേരിൽ ആർ.ബി.ഐ. മാർഗ്ഗനിർദേശപ്രകാരമുള്ള പലിശ അടയ്ക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(സി) മേൽപ്പറഞ്ഞ കാലയളവിൽ എൻ.എച്ച്.എം. പദ്ധതികൾക്കായി ലഭിച്ച കേന്ദ്രവിഹിതം സംസ്ഥാന സർക്കാർ ഏതെങ്കിലും മാനദണ്ഡങ്ങൾ പാലിക്കാത്തതിന്റെ പേരിൽ നഷ്ടമാകുന്ന സാഹചര്യമുണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര തുക, ഏതൊക്കെ ഇനത്തിൽ, എന്ത് കാരണത്താൽ നഷ്ടപ്പെട്ടു എന്ന് വ്യക്തമാക്കുമോ?

**മഞ്ഞപ്പിത്ത രോഗവ്യാപനം**

3972 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ സംസ്ഥാനത്ത് ഓരോ വർഷവും എത്രപേർക്ക് മഞ്ഞപ്പിത്തം ബാധിച്ചുവെന്നും എത്ര പേർ മഞ്ഞപ്പിത്തം ബാധിച്ച് മരിച്ചുവെന്നുമുള്ള വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ;

(ബി) സംസ്ഥാനത്ത് മഞ്ഞപ്പിത്തം പടർന്നു പിടിക്കാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) മഞ്ഞപ്പിത്ത രോഗവ്യാപനം നിയന്ത്രണവിധേയമാക്കുന്നതിന് എന്തൊക്കെ അടിയന്തരനടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

**ജീവിതശൈലി രോഗങ്ങളുടെ ഭാഗമായി മരണപ്പെട്ടവരുടെ എണ്ണം**

3973 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രമേഹ രോഗബാധയെ തുടർന്നുള്ള മറ്റു രോഗബാധകളിലൂടെ 2016 മുതൽ നാളിതുവരെ ഓരോ വർഷവും മരണപ്പെട്ടവരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) മേൽപ്പറഞ്ഞ കാലയളവിൽ ഓരോ വർഷവും വിവിധ ജീവിതശൈലി രോഗങ്ങളുടെ ഭാഗമായി മരണപ്പെട്ടവരുടെ എണ്ണം ഇനം തിരിച്ച വ്യക്തമാക്കുമോ?

**ആശാവർക്കർമാരുടെ ആനുകൂല്യങ്ങൾ**

3974 **ശ്രീ. എച്ച്. സലാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആശാവർക്കർമാർക്ക് നൽകുന്ന ഓണറേറിയവും മറ്റ് ആനുകൂല്യങ്ങളും, കേന്ദ്രവിഹിതം, സംസ്ഥാന സർക്കാർ വിഹിതം, വിവിധതരത്തിലെ തുക വാങ്ങുന്ന ആശമാരുടെ എണ്ണം, 2011 മുതൽ 2016 വരെ നൽകിയിരുന്ന തുക, 2016 മുതൽ 2025 വരെ വർധിപ്പിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ ആശാവർക്കർമാർക്ക് നൽകുന്ന ഓണറേറിയവും മറ്റ് അലവൻസുകളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**ക്യാൻസർ പരിചരണത്തിനായി ക്യാൻസർ ഗ്രിഡ്**

3975 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തൊമ്പാടും ഒരേ തരത്തിൽ ഉയർന്ന നിലവാരമുള്ള ക്യാൻസർ പരിചരണം ലഭ്യമാക്കുവാൻ ക്യാൻസർ ഗ്രിഡ് രൂപീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ക്യാൻസർ പരിചരണത്തിനായി ഏകീകൃത ചികിത്സാ പ്രോട്ടോകോളുകളും മാർഗനിർദ്ദേശങ്ങളും സാധ്യമാക്കാൻ ക്യാൻസർ ഗ്രിഡിലൂടെ കഴിയുന്നുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് ക്യാൻസർ ചികിത്സ, ഗവേഷണം എന്നീ രംഗങ്ങളിൽ വലിയ മുന്നേറ്റം ഉണ്ടാക്കാനായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) എല്ലാവർക്കും ക്യാൻസർ ചികിത്സ ഉറപ്പുവരുത്തുന്നതിന് ക്യാൻസർ ഗ്രിഡിന്റെ മാപ്പിംഗ് എല്ലാ ജില്ലകളിലും നടന്നു വരുന്നുണ്ടോ; വിശദമാക്കുമോ?

**<u>സർക്കാർ ആരോഗ്യകേന്ദ്രങ്ങളിൽ മെഡിക്കൽ ലാബിന്റെ പ്രവർത്തന സമയ ക്രമീകരണം</u>**

3976 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മെഡിക്കൽ ലാബുകളുടെ പ്രവർത്തന സമയം രാവിലെ ഏഴ് മണി മുതൽ ഉച്ചക്ക് രണ്ടു മണി വരെ ക്രമീകരിക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത വിഷയത്തിൽ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രമേഹ രോഗികൾ ഉൾപ്പെടെയുള്ളവർക്ക് അവരുടെ ഭക്ഷണ ക്രമത്തിൽ നിയന്ത്രണം വരുത്തുന്നതിനും ടെസ്റ്റുകൾ നടത്തുന്നതിനും സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ട സാഹചര്യങ്ങൾ പരമാവധി ഒഴിവാക്കുന്നതിന് സമയ മാറ്റം ഏറെ ഉപകാരപ്പെടുമെന്ന കാര്യം സർക്കാർ കണക്കിലെടുത്തിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ലാബുകളുടെ പ്രവർത്തന സമയം ക്രമീകരിച്ച് പാവപ്പെട്ട രോഗികൾക്ക് അനുകൂലമായ തീരുമാനം കൈകൊള്ളാൻ തയ്യാറാകുമോ; വിശദമാക്കാമോ?

**<u>അവയവമാറ്റ ശസ്ത്രക്രിയ</u>**

3977 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ, സ്വകാര്യ ആശുപത്രികൾ എന്നിവിടങ്ങളിൽ അവയവമാറ്റ ശസ്ത്രക്രിയ നടത്തുന്നതിന് പാലിച്ചുവരുന്ന മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(ബി) അവയവ മാറ്റത്തിനുള്ള അനുമതികൾ വേഗത്തിലും സുതാര്യവുമാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

**<u>ആശാവർക്കർമാരുടെ ശമ്പളം</u>**

3978 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആശാവർക്കർമാരുടെ ഓണറേറിയം/ശമ്പളം/ഇൻസന്റീവ്, മറ്റ് അലവൻസുകൾ എന്നിവ നൽകുന്നതിന് ഈ സാമ്പത്തിക വർഷം കേന്ദ്ര സർക്കാർ എത്ര തുകയാണ് വകയിരുത്തിയിരുന്നതെന്ന് അറിയിക്കാമോ; വകയിരുത്തിയതിൽ എത്ര തുകയാണ് അനുവദിച്ചതെന്നത് സംബന്ധിച്ച കണക്കുകൾ ലഭ്യമാക്കുമോ;

(ബി) ആശാവർക്കർമാരുടെ ഓണറേറിയം/ശമ്പളം/ഇൻസന്റീവ്, മറ്റ് അലവൻസുകൾ ഉൾപ്പെടെ നിശ്ചയിക്കാനും ഉയർത്താനുമുള്ള അധികാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാണെന്ന് കേന്ദ്ര സർക്കാർ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ആശാവർക്കർമാർക്കുള്ള ഓണറേറിയം/ശമ്പളം/ഇൻസന്റീവ്, മറ്റ് അലവൻസുകൾ നൽകുന്നതിനുള്ള തുക കേന്ദ്രം ഈ സാമ്പത്തിക വർഷം കുടിശിക

വരുത്തിയിട്ടുണ്ടോ; എത്ര തുകയാണ് കുടിശികയായിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പയ്യന്നൂർ മണ്ഡലത്തിലെ ആരോഗ്യവകുപ്പിന്റെ പദ്ധതികൾ

3979 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പയ്യന്നൂർ മണ്ഡലത്തിൽ ആരോഗ്യവകുപ്പ് മുഖേന അനുവദിച്ച ഫണ്ടുകളും നടപ്പിലാക്കിയ പദ്ധതികളും ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതിയും അറിയിക്കാമോ?

## ആശാവർക്കർമാരുടെ ഓണറേറിയം

3980 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008 മുതൽ നാളിതുവരെ ആശാവർക്കർമാരുടെ ഓണറേറിയം നൽകാനായി ചെലവഴിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കാമോ?

## കുഷ്ഠ രോഗം നിർമാർജ്ജനം ചെയ്യുന്നതിനുള്ള പദ്ധതികൾ

3981 **ശ്രീ. വി. ആർ. സുനിൽകുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു കുഷ്ഠ രോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനു നടപ്പിലാക്കുന്ന അശ്വമേധം പദ്ധതിയുടെ വിശദ വിവരങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്തു നിലവിൽ എത്ര കുഷ്ഠ രോഗികളുണ്ടെന്ന് ജില്ലതിരിച്ചു അറിയിക്കാമോ; ഇവർക്ക് പ്രത്യേക ചികിത്സാ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ വിശദ വിവരം അറിയിക്കാമോ?

## കുന്നത്തുനാട് മണ്ഡലത്തിലെ ആരോഗ്യവകുപ്പിന്റെ പദ്ധതികൾ

3982 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം കുന്നത്തുനാട് മണ്ഡലത്തിൽ ആരോഗ്യവകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ള തുക എത്രയെന്ന് പദ്ധതികൾ തരം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഇതിൽ ഏതെല്ലാം പദ്ധതികൾ പൂർത്തീകരിച്ചെന്നും ഇനി ഏതെല്ലാം പദ്ധതികൾ പൂർത്തീകരിക്കുവാൻ ഉണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പൂർത്തീകരിക്കാത്ത പദ്ധതികളുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ;

(ഇ) മുഴുവൻ പ്രവൃത്തികളും വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പാലിയേറ്റീവ് കെയർ സേവനത്തിനായി തയ്യാറാക്കിയ മാർഗനിർദ്ദേശങ്ങൾ

3983 **ശ്രീ. പി. മമ്മിക്കുട്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യമേഖലയിൽ സാർവ്വത്രിക പാലിയേറ്റീവ് കെയർ സേവനത്തിനായി തയ്യാറാക്കിയ മാർഗനിർദ്ദേശങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) സംസ്ഥാനത്ത് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്ന സന്നദ്ധ സംഘടനകൾക്ക് രജിസ്ട്രേഷൻ നൽകിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) ഇതിനായി വോളന്റിയർമാർക്ക് വാർഡ് തലത്തിൽ പരിശീലനം നൽകി വരുന്നുണ്ടോയെന്ന് വിശദമാക്കാമോ?

**<u>വർഷങ്ങളായി ഉപയോഗിക്കുന്ന വഴി തടസ്സപ്പെടുത്തിയത് പരിഹരിക്കാൻ നടപടി</u>**

3984 **ശ്രീ. സണ്ണി ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാവൂർ താലൂക്ക് ആശുപത്രിയുടെ സമീപത്തുള്ള താമസക്കാർ വർഷങ്ങളായി ഉപയോഗിച്ചുകൊണ്ടിരുന്ന വഴി തടസ്സപ്പെടുത്തി ആശുപത്രിയുടെ മതിൽ കെട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വ്യക്തമാക്കുമോ?

**<u>ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത്ഗ്രാന്റ് ഉൾപ്പടെയുള്ളവ ഉപയോഗപ്പെടുത്തി ആരോഗ്യകേന്ദ്രങ്ങളുടെ നിർമ്മിതി</u>**

3985 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കാട് മണ്ഡലത്തിലെ വിവിധ ഗ്രാമപഞ്ചായത്തുകളിൽ ഹെൽത്ത് ഗ്രാന്റ് ഉൾപ്പടെയുള്ളവ ഉപയോഗപ്പെടുത്തി ആരോഗ്യകേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ ആരോഗ്യ വകുപ്പിന്റെ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വരന്തരപ്പിള്ളി, വല്ലച്ചിറ ഗ്രാമപഞ്ചായത്തുകളുടെ പഴയകെട്ടിടം പൊളിച്ചു മാറ്റുന്നതുൾപ്പടെയുള്ള അനുമതിക്കായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ അടിയന്തരമായി അനുമതി ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>ഗുരുവായൂർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>**

3986 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഗുരുവായൂർ മണ്ഡലത്തിൽ ആരോഗ്യ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പേര്, തുക, പ്രവർത്തന പുരോഗതി എന്നിവ തരംതിരിച്ച് വിശദമാക്കാമോ;

(ബി) ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2018-ൽ ഭരണാനുമതി ലഭിച്ച കാഷ്വാലിറ്റി കോംപ്ലക്സ്, പോളി ക്ലിനിക്ക്, സി.എസ്.എസ്.ഡി. എന്നിവയുടെ

നിർമ്മാണത്തിനായി 3.07കോടി രൂപയുടെ പുതുക്കിയ ഭരണാനുമതിയ്ക്കായി സമർപ്പിച്ച അപേക്ഷയിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

## കുന്നത്ത്നാട് മണ്ഡലത്തിൽ ഹെൽത്ത് ആന്റ് വെൽനസ്സ് ക്ലീനിക്കുകൾ

3987 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്ത്നാട് മണ്ഡലത്തിൽ ഏതെല്ലാം ആരോഗ്യ കേന്ദ്രങ്ങളിലാണ് ഹെൽത്ത് ആന്റ് വെൽനസ്സ് ക്ലീനിക്കുകൾ പദ്ധതി നടപ്പിലാക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഇതിനായി ഓരോ ആരോഗ്യ കേന്ദ്രത്തിലും അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഹെൽത്ത് ആന്റ് വെൽനസ്സ് ക്ലീനിക്കുകളുടെ ഭാഗമായി എന്തെല്ലാം സൗകര്യങ്ങളാണ് ആരോഗ്യ കേന്ദ്രങ്ങളിൽ നടപ്പിലാക്കുന്നത് വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## ആരോഗ്യ ഔഷധ മേഖലയിലെ തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന പരസ്യങ്ങൾ

3988 **ശ്രീ. എ. സി. മൊയ്തീൻ**
**ശ്രീ കെ യു ജനീഷ് കുമാർ**
**ശ്രീമതി ശാന്തകുമാരി കെ.**
**ശ്രീ. കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഔഷധ മേഖലയിലെ തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന പരസ്യങ്ങൾക്കെതിരായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ ബഹു. സുപ്രീം കോടതിയിൽ നൽകിയ പരാതിയിന്മേലുള്ള കോടതിയുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തെറ്റിദ്ധാരണ സൃഷ്ടിക്കുന്ന പരസ്യം നടത്തുന്നവർക്കെതിരായി പരാതി സ്വീകരിക്കാനും നടപടികൾ എടുക്കാനും സംവിധാനങ്ങൾ ഏർപ്പെടുത്തണമെന്ന് കോടതി അഭിപ്രായപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) പൊതുജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന പരസ്യങ്ങൾക്കെതിരെ ഡ്രഗ്സ് ആന്റ് മാജിക് റെമഡീസ് ആക്ട് പ്രകാരം കർശന നടപടികൾ സ്വീകരിക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് കേരളം സമഗ്രമായ സത്യവാങ്മൂലമാണ് ഫയൽ ചെയ്തതെന്നും ഗുണകരമായ നിരവധി ശിപാർശകൾ ഉള്ളടക്കം ചെയ്തിട്ടുണ്ടെന്നും കോടതി പ്രത്യേകമായി പരാമർശിച്ചത് സംസ്ഥാനത്തിനുള്ള അംഗീകാരമായി കാണുന്നുണ്ടോ; വിശദമാക്കാമോ;

(ഇ) വിവിധ മാധ്യമങ്ങളിലൂടെ സംസ്ഥാനത്തു നടത്തി വരുന്ന തെറ്റായ പ്രചരണങ്ങൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കാമോ; വിശദമാക്കാമോ?

## ഹീമോഫീലിയ രോഗികൾക്ക് എമിസിസുമാബ് ചികിത്സ

3989 **ശ്രീ. പി.പി. സുമോദ്**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ**
**ശ്രീമതി ഒ എസ് അംബിക**
**ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹീമോഫീലിയ ചികിത്സാ മരുന്നുകൾക്ക് ആഗോളതലത്തിൽ ലഭ്യതക്കുറവ് അനുഭവപ്പെടുന്ന ഗൗരവകരമായ സാഹചര്യം കണക്കിലെടുത്ത് സംസ്ഥാനത്ത് ആരോഗ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതല യോഗം ചേർന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) രാജ്യത്താദ്യമായി ഹീമോഫീലിയ ചികിത്സയ്ക്കായി നൂതനമായ "എമിസിസുമാബ് പ്രൊഫൈലാക്സിസ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) 'എമിസിസുമാബ്' കുട്ടികൾക്കും മുതിർന്നവർക്കുമായി നിലവിൽ എത്ര പേർക്ക് നൽകി വരുന്നുണ്ടെന്നും ആയതിന് കഴിഞ്ഞ വർഷം മാത്രം ചെലവഴിച്ച തുക എത്രയെന്നും വെളിപ്പെടുത്താമോ;

(ഡി) ഹീമോഫീലിയ രോഗികളുടെ പരിചരണചികിത്സയും ഉറപ്പാക്കുന്ന "ആശാധാര" പദ്ധതിയുടെ പുരോഗതി അറിയിക്കുമോ?

## കേരള രാജ്ഭവനിൽ സേവനമനുഷ്ഠിക്കുന്ന ആരോഗ്യപ്രവർത്തകർ

3990 **ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള രാജ്ഭവൻ ക്യാമ്പസിൽ സേവനമനുഷ്ഠിച്ചുവരുന്ന ആരോഗ്യപ്രവർത്തകർ സംസ്ഥാന ആരോഗ്യവകുപ്പിനു കീഴിലെ ജീവനക്കാരാണോയെന്ന് വ്യക്തമാക്കാമോ;

(ബി) രാജ്ഭവനിൽ ആകെ എത്ര ആരോഗ്യ പ്രവർത്തകരാണ് നിലവിൽ സേവനമനുഷ്ഠിക്കുന്നതെന്ന് തസ്തിക തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) നിലവിൽ സേവനമനുഷ്ഠിച്ചുവരുന്ന ജീവനക്കാർ ഓരോരുത്തരും എത്രകാലമായി രാജ്ഭവനിൽ സേവനമനുഷ്ഠിച്ചു വരികയാണെന്ന് അറിയിക്കുമോ;

(ഡി) ആരോഗ്യവകുപ്പിലെ ജീവനക്കാരെ രാജ്ഭവനിൽ നിയമിക്കുന്നതുമായി ബന്ധപ്പെട്ടും ഇവരുടെ സേവനം ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ടും നിലവിലുള്ള ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

## ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കാൻ നടപടി

3991 **ശ്രീ. എം. എം. മണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല മണ്ഡലത്തിലെ ഏതൊക്കെ ആരോഗ്യ കേന്ദ്രങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയത്; വിശദാംശം നൽകാമോ;

(ബി) ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിലും അധികമായി അനുവദിച്ച തസ്തികകൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(സി) ശാന്തൻപാറ കുടുംബാരോഗ്യ കേന്ദ്രത്തിൽ നിലവിൽ അനുവദിച്ചിട്ടുള്ള തസ്തികകൾ സംബന്ധിച്ച വിശദാംശം നൽകാമോ;

(ഡി) ഈ സ്ഥാപനത്തിൽ നാളിതുവരെ സ്റ്റാഫ് നഴ്സ് തസ്തിക അനുവദിച്ചിട്ടില്ല എന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഒരു കുടുംബാരോഗ്യ കേന്ദ്രത്തിൽ ഉണ്ടാവേണ്ട തസ്തികകൾ എന്തൊക്കെയാണ്; വിശദാംശം നൽകാമോ;

(എഫ്) ഉടുമ്പൻചോല മണ്ഡലത്തിലെ എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

**അരുവിക്കര മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രം**

3992 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരുവിക്കര മണ്ഡലത്തിൽ ആർദ്രം പദ്ധതിവഴി കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്തിയിട്ടുള്ള സ്ഥാപനങ്ങൾ ഏതെല്ലാമാണ് എന്നറിയിക്കുമോ;

(ബി) പ്രസ്തുത ആരോഗ്യസ്ഥാപനങ്ങളിൽ ആർദ്രം പദ്ധതി പ്രകാരം ഈ സർക്കാർ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ?

**അരൂർ മണ്ഡലത്തിൽ കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ എത്ര സബ് സെന്ററുകൾ**

3993 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിൽ കുടുംബാരോഗ്യകേന്ദ്രങ്ങളിൽ എത്ര സബ് സെന്ററുകൾക്ക് സ്വന്തമായി സ്ഥലവും കെട്ടിടവും ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) കെട്ടിടം ഇല്ലാത്ത സബ് സെന്ററുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

**ടെലികോബാൾട്ട് മെഷീനുപകരം ലീനിയർ ആക്സിലറേറ്റർ മെഷീൻ**

3994 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ മെഡിക്കൽ കോളേജിലെ നിലവിലുള്ള ടെലികോബാൾട്ട് മെഷീൻ ഡി കമ്മീഷൻ ചെയ്യുന്നതിനും പുതിയ ടെലികോബാൾട്ട് മെഷീനുപകരം LINAC (Linear Accelerator) മെഷീൻ വാങ്ങുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

**സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ രൂപീകരിക്കുന്നതിന് നടപടി**

3995 **ഡോ. എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡയറക്ടറേറ്റ് ഓഫ് മെഡിക്കൽ എഡ്യൂക്കേഷന് കീഴിലുള്ള സ്ഥാപനങ്ങളിൽ സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പിന് കീഴിലുള്ള സ്റ്റാറ്റിസ്റ്റിക്കൽ സെല്ലുകൾ രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ്

3996 **ശ്രീ . മുഹമ്മദ് മുഹസിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മാനദണ്ഡങ്ങൾ പാലിക്കാതെ ബി.എസ്.എസ്. ഉൾപ്പെടെ നടത്തുന്ന വ്യാജ ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് നിയന്ത്രിക്കുവാൻ കേരള ഡെന്റൽ കൗൺസിൽ നടപടി സ്വീകരിക്കാതിരിക്കുന്നത് എന്തുകൊണ്ടാണ് എന്നറിയിക്കുമോ;

(ബി) സംസ്ഥാനത്ത് കേരള ഹെൽത്ത് യൂണിവേഴ്സിറ്റിക്ക് കീഴിൽ എയിംസ് മാതൃകയിൽ ഏറെ തൊഴിലവസരങ്ങളുള്ള ബി.എസ്.സി. ഡെന്റൽ ഹൈജീനിസ്റ്റ് കോഴ്സ് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## പുതിയ നഴ്സിംഗ് കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങളും നിയമനങ്ങളും നിർബന്ധിത ഇന്റേൺഷിപ്പും

3997 **ശ്രീ. എ. പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ മേഖലയിൽ പുതിയ നഴ്സിംഗ് കോളേജുകൾ എവിടെയൊക്കെയാണ് ആരംഭിച്ചത്; പ്രസ്തുത കോളേജുകളിൽ ഇന്ത്യൻ നഴ്സിംഗ് കൗൺസിലും കേരള നഴ്സസ് ആൻഡ് മിഡ് വൈഫ് കൗൺസിലും നിർദ്ദേശിക്കുന്ന രീതിയിൽ കോളേജ് കെട്ടിടങ്ങൾ, ഹോസ്റ്റലുകൾ, അധ്യാപകർ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) നഴ്സിംഗ് കോളേജുകൾ തുടങ്ങുന്നതിന് അനുവദിച്ച തുകയിൽ അധ്യാപകർക്കായി നീക്കിവെച്ചിരുന്ന വിഹിതം ഏത് രീതിയിൽ വിനിയോഗിച്ചു എന്ന് വ്യക്തമാക്കുമോ; പുതിയ നഴ്സിംഗ് കോളേജിൽ അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിച്ച് നിയമനം നടത്താത്തതിന്റെ കാരണം വ്യക്തമാകുമോ;

(സി) പുതിയ കോളേജുകളിൽ അധ്യാപകരെ നിയമിക്കാതെ മറ്റു കോളേജുകളിൽ നിന്നും ജോലി ക്രമീകരണം വഴി നിയമനം നടത്തുമ്പോൾ നഴ്സിംഗ് കോളേജുകളിൽ ഇന്ത്യൻ മെഡിക്കൽ കൗൺസിൽ അനുശാസിക്കുന്ന 1:10 എന്ന അധ്യാപക വിദ്യാർത്ഥി അനുപാതം പാലിക്കപ്പെടുവാൻ സാധിക്കാത്തത് ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ആവശ്യമായ അധ്യാപകരെ നിയമിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ഡി) നഴ്സിംഗ് കോളേജുകളിൽ നിന്നും എം.എസ്.സി പൂർത്തീകരിച്ച വിദ്യാർത്ഥികൾക്ക് ഒരു വർഷത്തെ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തിയത് ഏത് സാഹചര്യത്തിലാണ് എന്നറിയിക്കുമോ; ഇപ്രകാരം നിർബന്ധിത ഇന്റേൺഷിപ്പ് നടത്തുന്നതിന് ഇന്ത്യൻ നഴ്സിംഗ് കൗൺസിലിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത രേഖയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ഇ) നിയമപ്രകാരമല്ലാതെ നിർബന്ധിത ഇന്റേൺഷിപ്പ് ഏർപ്പെടുത്തുകയും അതിന്റെ പേരിൽ വിദ്യാർത്ഥികളുടെ സർട്ടിഫിക്കറ്റ് തടഞ്ഞു വയ്ക്കുകയും ചെയ്യുന്ന നടപടി പിൻവലിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(എഫ്) നഴ്സിംഗ് പഠനത്തിന്റെ നിലവാര തകർച്ച ഒഴിവാക്കുന്നതിലൂടെ വിദ്യാർത്ഥികളുടെയും പൊതുസമൂഹത്തിന്റെയും താൽപര്യങ്ങൾ സംരക്ഷിക്കുന്നതിനായി നഴ്സിംഗ് കോളേജുകളിലെ അധ്യാപക തസ്തികകളിൽ നിലവിലുള്ള റാങ്ക് ലിസ്റ്റിൽ നിന്നും സ്ഥിര നിയമനം നടത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കോട്ടയം മെഡിക്കൽ കോളേജിൽ ഫിസിയോതെറാപ്പി കോഴ്സ്

3998 **ഡോ. എം. കെ. മുനീർ** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം മെഡിക്കൽ കോളേജിൽ ഈ വർഷം ആരംഭിക്കുന്ന ഫിസിയോതെറാപ്പി കോഴ്സ് സംബന്ധിച്ചുള്ള വിശദാംശങ്ങൾ അറിയിക്കാമോ; പ്രസ്തുത കോഴ്സ് ആരംഭിക്കുന്നതിന് സർക്കാർ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(ബി) ഈ കോഴ്സിന് ആരോഗ്യ സർവകലാശാലയുടെ അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത വിഷയത്തിൽ സർവ്വകലാശാല ഗവേണിംഗ് കൗൺസലിൽ തീരുമാനമെടുത്തിട്ടുണ്ടോ; എങ്കിൽ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) കേരള അലൈഡ് ആൻഡ് ഹെൽത്ത് കെയർ കൗൺസിൽ കോഴ്സിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കോഴ്സ് നടത്തുന്നതിന് ആവശ്യമായ അധ്യാപക അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) അധ്യാപക തസ്തിക അല്ലാത്ത സയൻറിഫിക് അസിസ്റ്റൻറ് തസ്തികയിൽ മെഡിക്കൽ എഡ്യൂക്കേഷൻ സർവീസിൽ പ്രവേശിച്ച ഉദ്യോഗസ്ഥരെ ഈ കോഴ്സിന്റെ ഭാഗമായി അധ്യാപക തസ്തികയിൽ നിയമിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കുമോ?

## സംസ്ഥാനത്തെ നഴ്സിങ് കോളേജുകൾ

3999 **ശ്രീ. എം. എം. മണി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര നഴ്സിങ് കോളേജുകൾ പ്രവർത്തിക്കുന്നു; ഇവയുടെ എണ്ണം സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖല എന്നിവ തിരിച്ച് നൽകാമോ;

(ബി) സംസ്ഥാനത്ത് ഒരു അധ്യയന വർഷം എത്ര കുട്ടികൾക്ക് ബി.എസ്.സി. നഴ്സിങ് പഠനത്തിന് പ്രവേശനം നേടാൻ കഴിയും; ആകെ സീറ്റുകളുടെ എണ്ണം സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖല എന്നിങ്ങനെ തരം തിരിച്ച് നൽകുമോ;

(സി) 2024-25 അധ്യയന വർഷം എത്ര കുട്ടികൾ നഴ്സിങ് പഠനത്തിനായി അന്യസംസ്ഥാനങ്ങളിലും വിദേശ രാജ്യങ്ങളിലും പോയി എന്നത് സംബന്ധിച്ച

വിവരം സർക്കാരിന്റെ കയ്യിലുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) കേരളത്തിൽ സർക്കാർ, അർദ്ധസർക്കാർ, സ്വകാര്യ മേഖലകളിൽ കൂടുതൽ നഴ്സിങ് കോളേജുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

## പുനലൂർ താലൂക്ക് ഹൈടെക് ആശുപത്രിയിൽ എസ് .ഐ. എം.ഇ.ടി കോളേജിന്റെ നഴ്സിങ് കോഴ്സ്

4000 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്ക് ഹൈടെക് ആശുപത്രിയിൽ എസ് .ഐ. എം.ഇ.ടി കോളേജിന്റെ നഴ്സിങ് കോഴ്സ് ആരംഭിക്കുന്നതിന് നിലവിലെ സാങ്കേതിക തടസ്സങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ആയത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കുമോ;

(സി) കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ സംസ്ഥാനത്തിന് പുറത്ത് നഴ്സിംഗ് പഠനം പൂർത്തിയാക്കുകയും കേരളത്തിലെ നഴ്സിംഗ് കൗൺസിലിൽ രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ വിദ്യാർത്ഥികളുടെ എണ്ണം അറിയിക്കാമോ;

(ഡി) എസ് .ഐ. എം.ഇ.ടി കോളേജിന്റെ നഴ്സിങ് കോഴ്സുകളും പാരാമെഡിക്കൽ കോഴ്സുകളും ആരംഭിക്കുന്നതിന്, ഉറപ്പുവരുത്തേണ്ട അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

## ഹോമിയോപ്പതി വകുപ്പിലെ സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റം

4001 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ സീനിയർ സൂപ്രണ്ട്/ലേ സെക്രട്ടറി തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഹെഡ് ക്ലാർക്ക്/ജൂനിയർ സൂപ്രണ്ട് തസ്തികകളിൽ പ്രൊബേഷൻ നിർബന്ധമാക്കിയിട്ടുണ്ടോ; പ്രസ്തുത തസ്തികകളിലുള്ള ഉദ്യോഗസ്ഥർക്ക് സീനിയർ സൂപ്രണ്ട് തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകുന്നതിനു തടസ്സങ്ങൾ എന്തെങ്കിലും ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമനം

4002 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോമിയോപ്പതി വകുപ്പിൽ മെഡിക്കൽ ഓഫീസർ ബൈട്രാൻസ്ഫർ നിയമന അനുപാതം 5:1:1:1 എന്നതിൽ കുറവ് വരുത്തിക്കൊണ്ട് സ്പെഷൽ റൂൾ ഭേദഗതി ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് അറിയിക്കുമോ;

(ബി) സ്പെഷൽ റൂൾ ഭേദഗതിയുമായി ബന്ധപ്പെട്ട് ഹോമിയോപ്പതി ഡയറക്ടർ ലഭ്യമാക്കിയ പ്രൊപ്പോസൽ (ഫയൽ നമ്പർ ആയുഷ് ബി3/213/2022) പ്രകാരം നേഴ്സ്, ഫാർമസിസ്റ്റ്, ക്ലാർക്ക് വിഭാഗങ്ങൾക്ക് മെഡിക്കൽ ഓഫീസർ (ബൈട്രാൻസ്ഫർ)

നിയമനത്തിൽ ഓരോ വിഭാഗത്തിനും എത്ര ശതമാനം ഒഴിവുകളാണ് നീക്കി വെക്കാൻ പുതിയ നിയമഭേദഗതി പ്രകാരം നിർദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; അതോ ഓരോ വിഭാഗത്തിനും പ്രത്യേക റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുമോയെന്നും നിലവിലുള്ള 5:1:1:1 എന്ന അനുപാതം തുടരുമോയെന്നും അറിയിക്കുമോ?

## ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി

4003 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദ ഔഷധ നിർമ്മാണ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിനും പാരമ്പര്യാധിഷ്ഠിതമായി ചികിത്സിക്കുന്ന വൈദ്യൻമാർക്ക് കൂടി മരുന്നുകൾ നിർമ്മിച്ച് വിപണനം ചെയ്യുവാനുള്ള അനുമതി നൽകുന്നതിനും നടപടികൾ സ്വീകരിക്കുമോ?

## ആയുർവേദ ചികിത്സാ രീതികളെക്കുറിച്ച് വ്യാജപ്രചാരണം

4004 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആയുർവേദം വ്യാജശാസ്ത്രമാണെന്നും മരുന്നുകൾ കരൾ, കിഡ്നി രോഗങ്ങൾ ഉണ്ടാക്കുന്നുവെന്നുമുള്ള തരത്തിൽ പൊതുജനങ്ങളിൽ തെറ്റിദ്ധാരണ പരത്തുന്ന വിധം ചില വ്യക്തികൾ സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചാരണം നടത്തുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇത്തരത്തിലുള്ള പ്രചാരണം ആഗോള പ്രശസ്തി നേടിയിട്ടുള്ള ആയുർവേദത്തെയും ഔഷധ നിർമ്മാതാക്കളെയും ഔഷധസസ്യ കർഷകരെയും ദോഷകരമായി ബാധിക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(സി) വ്യത്യസ്ത വൈദ്യശാസ്ത്രങ്ങൾ തമ്മിലുള്ള ഇത്തരം പഴിചാരൽ ഒഴിവാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത്തരത്തിൽ സാമൂഹ്യമാധ്യമങ്ങൾ വഴി പൊതു ജനങ്ങളിൽ പരിഭ്രാന്തി പരത്തുന്ന തരത്തിൽ പ്രചാരണം നടത്തുന്നവർക്കെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

## അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം

4005 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ അനുവദിച്ച അന്താരാഷ്ട്ര ആയുർവേദ ഗവേഷണ കേന്ദ്രത്തിന്റെ പ്രവർത്തനം എന്നാരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ആയുഷ് മേഖലയിൽ ഹെൽത്ത് ആന്റ് വെൽനെസ് സെന്ററുകൾ എത്ര എണ്ണമാണ് പ്രവർത്തിക്കുന്നതെന്നും കാസർഗോഡ് ജില്ലയിൽ എവിടെയൊക്കെയാണ് അനുവദിക്കപ്പെട്ടിട്ടുള്ളതെന്നും അറിയിക്കാമോ?

## നാഷണൽ ആയുഷ് മിഷനിലെ തെറാപ്പിസ്റ്റുകളുടെ വേതനം

4006 **ഡോ. മാത്യൂ കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നാഷണൽ ആയുഷ് മിഷനിൽ ആയുർവേദ/പഞ്ചകർമ്മ ആശുപത്രികളിൽ കരാറടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന തെറാപ്പിസ്റ്റുകൾക്കും സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് നിയോഗിച്ചിട്ടുള്ള തെറാപ്പിസ്റ്റുകൾക്കും നൽകിവരുന്ന പ്രതിമാസ വേതനത്തിലുള്ള വ്യത്യാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഒരേ ജോലി ചെയ്തു വരുന്ന ജീവനക്കാർക്ക് വ്യത്യസ്ത നിരക്കിൽ വേതനം അനുവദിക്കേണ്ടിവരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത അനോമലി പരിഹരിക്കുന്നതിന് നടപടികൾ കൈക്കൊള്ളാമോ; വ്യക്തമാക്കുമോ;

(സി) നാഷണൽ ആയുഷ് മിഷനിൽ തെറാപ്പിസ്റ്റ് ആയി ജോലി ചെയ്തുവരുന്ന ജീവനക്കാർക്ക് അവരുടെ സർവീസ് കാലയളവ് പരിഗണിക്കാതെ എല്ലാവർക്കും ഒരേ രീതിയിൽ വേതന വർദ്ധനവ് അനുവദിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) വേതന വർദ്ധനവ് അനുവദിക്കുന്നതിന് ജീവനക്കാരുടെ സർവീസ് കാലദൈർഘ്യം കൂടി പരിഗണിക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

**<u>തിരൂർ നിയോജക മണ്ഡലത്തിൽ ആയുഷിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ</u>**

4007 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ നിയോജക മണ്ഡലത്തിൽ ആയുഷ് വകുപ്പിന് കീഴിൽ നിലവിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ആയുഷ് വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ നിലവിൽ സർക്കാർ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം സ്ഥാപനം, തസ്തിക എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(സി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ആയുഷ് വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങളിൽ നിലവിൽ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം തസ്തിക,സ്ഥാപനം എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ഡി) പ്രസ്തുത നിയോജകമണ്ഡലത്തിൽ ആയുഷിന് കീഴിൽ പ്രവർത്തിച്ചു വരുന്ന സ്ഥാപനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മേൽനോട്ടത്തിൽ ഉള്ളവ ഏതെല്ലാമാണെന്നും സർക്കാർ നേരിട്ട് നടത്തുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ഇ) തിരൂർ നിയോജക മണ്ഡലത്തിൽ പുതിയതായി ആയുഷ് സ്ഥാപനങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിടങ്ങളും അടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കുകയാണെങ്കിൽ തിരൂർ നിയോജകമണ്ഡലത്തിൽ പുതുതായി ഹോമിയോ,ആയുർവേദ, യൂനാനി ആശുപത്രികളും ഡിസ്പെൻസറികളും സ്ഥാപിക്കാൻ സാധിക്കുമോ എന്ന് വിശദമാക്കാമോ?

## ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയ മരുന്നുകൾ

4008 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ-വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷൻ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയ 145 മരുന്നുകളുടെയും ഫോർമുലേഷനുകളുടെയും പട്ടിക പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത പട്ടികയുടെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) സംസ്ഥാന സർക്കാരിന് കീഴിലെ പൊതുമേഖലാ സ്ഥാപനമായ കെ.എസ്.ഡി.പി. ഉത്പാദിപ്പിച്ച മരുന്നും പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു മരുന്നിന്റെ ഏത് ബാച്ച് ആണ് പ്രസ്തുത പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളതെന്നും പ്രസ്തുത മരുന്നിന്റെ ഗുണനിലവാരം സംബന്ധിച്ച സെൻട്രൽ ഡ്രഗ്സ് സ്റ്റാൻഡേർഡ് കൺട്രോൾ ഓർഗനൈസേഷന്റെ കണ്ടെത്തൽ എന്താണെന്നും വിശദമാക്കുമോ;

(സി) കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷനു വേണ്ടി വിവിധ കമ്പനികൾ ഉത്പാദിപ്പിക്കുന്ന മരുന്നുകൾ പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ;എങ്കിൽ ഏതൊക്കെ കമ്പനികൾ ഉത്പാദിപ്പിക്കുന്ന ഏതൊക്കെ മരുന്നുകളുടെ ഏതൊക്കെ ബാച്ചുകൾ ആണ് ഇതിൽ ഉൾപ്പെട്ടിട്ടുള്ളത്; ഇനം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) മേൽപ്പറഞ്ഞ കമ്പനികളുമായി മരുന്ന് വിതരണത്തിനുള്ള കരാർ അവസാനിപ്പിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; പ്രസ്തുത കമ്പനികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഇ) മേൽപ്പറഞ്ഞ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഏതൊക്കെ മരുന്നുകൾ സംസ്ഥാനത്ത് എതൊക്കെ ആശുപത്രികളിൽ ഏതൊക്കെ കാലയളവിൽ വിതരണം ചെയ്തിട്ടുണ്ട്; പ്രസ്തുത മരുന്നുകൾ ഉപയോഗിച്ച രോഗികൾക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

## സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കാൻ നടപടി

4009 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ആശുപത്രികളിലെ മരുന്നുക്ഷാമം പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) അതിരൂക്ഷമായ മരുന്നുക്ഷാമം അനുഭവപ്പെട്ടിട്ടുള്ളത് ഏതെല്ലാം ജില്ലാ, താലൂക്ക് ആശുപത്രികളിലാണ് എന്നും അതിന്റെ കാരണവും അറിയിക്കുമോ;

(സി) സർക്കാർ ആശുപത്രികളിൽ നൽകുന്ന മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കാറുണ്ടോ; വിശദമാക്കുമോ?

## വനിതാ വികസന കോർപ്പറേഷന്റെ പദ്ധതികൾ

4010 **ശ്രീ. കെ.പി.മോഹനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) തൊഴിൽരഹിതരായ വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് പ്രസ്തുത കോർപ്പറേഷൻ മുഖേന എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(സി) കോർപ്പറേഷൻ തൊഴിൽ സംരംഭകർക്കായി നൽകിവരുന്ന വായ്പകളുടെ നടപടിക്രമങ്ങൾ ലളിതമാക്കുന്ന കാര്യം പരിശോധിക്കുമോ; എങ്കിൽ വിശദമാക്കുമോ?

## 'പടവുകൾ' പദ്ധതി

4011 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിധവകളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിനുള്ള ധന സഹായം നൽകുന്ന 'പടവുകൾ' പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യവും മാനദണ്ഡവും അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ;

(സി) പദ്ധതിയ്ക്ക് നിലവിലുള്ള കുടിശിക എത്രയെന്ന് അറിയിക്കാമോ?

## ഐ.സി.ഡി.എസ്സിലെ താൽക്കാലിക നിയമനങ്ങൾ

4012 **ശ്രീ രമേശ് ചെന്നിത്തല :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഐ.സി.ഡി.എസ്സിൽ താൽക്കാലിക നിയമനങ്ങൾ നടത്തിയിട്ടുള്ളത് തൊഴിൽ വകുപ്പിന്റെ 25941/G2/2013/LBR, LBRD/G2/1/2019/LBR എന്നീ മാർഗ്ഗ നിർദേശങ്ങൾക്ക് അനുസൃതമായിട്ടാണോയെന്ന് വ്യക്തമാക്കാമോ; ഐ.സി.ഡി.എസ്സിൽ 2016 മുതൽ 31.01.2025 വരെ നടത്തിയിട്ടുള്ള താൽക്കാലിക നിയമനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ജില്ലാ ഐ.സി.ഡി.എസ്സ്. സെല്ലുകളിൽ ജില്ലാ കോ-ഓർഡിനേറ്റർ, ജില്ലാ പ്രോജക്ട് അസിസ്റ്റന്റ് തസ്തികകളിലെ ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കാമോ; പ്രസ്തുത ജീവനക്കാരെ എപ്രകാരമാണ് നിയമിച്ചിട്ടുള്ളതെന്നും ഇവരുടെ കരാർ കാലാവധി എന്നുവരെയായിരുന്നുവെന്നും വ്യക്തമാക്കുമോ; നിലവിൽ കരാർ കാലാവധി കഴിഞ്ഞിട്ടും തുടരുന്ന ജീവനക്കാരുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) കരാർ കാലാവധി കഴിഞ്ഞിട്ടും തുടരുന്ന ജീവനക്കാരുടെ ശമ്പളം/അലവൻസ്/ വേതനം എന്നിവ ഏത് ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് നൽകുന്നതെന്നും കാലവാധി കഴിഞ്ഞിട്ടും എത്ര രൂപ ശമ്പള ഇനത്തിൽ ഇവർക്ക് നൽകിയിട്ടുണ്ടെന്നും അറിയിക്കാമോ;

(ഡി) ഐ.സി.ഡി.എസ്സിന് കീഴിലുള്ള താൽക്കാലിക നിയമനങ്ങളിൽ സംവരണ തത്വം പാലിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

## ക്ഷേമനിധി വിഹിതം അടച്ചില്ല എന്ന കാരണത്താൽ പെൻഷൻ നിഷേധിക്കുന്നത് ഒഴിവാക്കുന്നത്

4013 **ശ്രീ. കെ.കെ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 1997 ഒക്ടോബർ 1 ന് അങ്കണവാടി ടീച്ചറായി ചേർപ്പ് ബ്ലോക്ക് ആറാട്ടുപുഴ 42-ാം നമ്പർ അങ്കണവാടിയിൽ തുടർച്ചയായി 28 വർഷം ജോലി ചെയ്യുകയും 2018 ഏപ്രിൽ മുതൽ സെപ്റ്റംബർ വരെ 6 മാസം ഓണറേറിയം ഇല്ലാത്ത ലീവ് എടുക്കുകയും ചെയ്ത തങ്കമണി എ.കെ.യ്ക്ക് ലീവ് എടുത്ത സമയത്തെ ക്ഷേമനിധി വിഹിതം അടച്ചില്ല എന്ന കാരണത്താൽ പെൻഷൻ നിഷേധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; എങ്കിൽ വിഹിതം പിടിക്കേണ്ട ഓഫീസിന്റെ വീഴ്ച കാരണം പെൻഷൻ മുടങ്ങിയ, തുച്ഛമായ വരുമാനം മാത്രമുള്ള, സാമൂഹ്യവും സാമ്പത്തികവുമായ ഏറെ പരാധീനകളുള്ള തങ്കമണി എ.കെ.യ്ക്ക് പെൻഷൻ ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ;

(ബി) നേരത്തെയുണ്ടായിരുന്ന തരത്തിൽ മിനിമം 10 വർഷം ജോലി ചെയ്തവർക്ക് ക്ഷേമനിധി പെൻഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## കാഞ്ഞങ്ങാട് മണ്ഡലത്തിലെ അങ്കണവാടികൾ

4014 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് നിയോജക മണ്ഡലത്തിൽ നിലവിൽ എത്ര അങ്കണവാടികളാണ് പ്രവർത്തിക്കുന്നതെന്ന് പറയാമോ;

(ബി) ഇവയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ ഏതെല്ലാമാണെന്ന് പറയാമോ?

## അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകിവരുന്ന ഓണറേറിയം വർധിപ്പിക്കാൻ നടപടി

4015 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. എം. വിൻസെന്റ്**
**ശ്രീ. ടി. സിദ്ദിഖ്**
**ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും തുച്ഛമായ പ്രതിമാസ ഓണറേറിയമാണ് ലഭിക്കുന്നത് എന്ന വസ്തുത ഗൗരവത്തോടെ കാണുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) അങ്കണവാടികളിലെ വർക്കർമാർക്കും ഹെൽപ്പർമാർക്കും നൽകിവരുന്ന

ഓണറേറിയം വർധിപ്പിക്കാൻ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) വിരമിച്ച അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും പെൻഷൻ ആനുകൂല്യങ്ങൾ വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## അങ്കണവാടി ജീവനക്കാരുടെ ആനുകൂല്യങ്ങൾ വിതരണം ചെയ്യാൻ നടപടി

4016 **ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ**
**ശ്രീ. ഐ. സി. ബാലകൃഷ്ണൻ**
**ശ്രീ. സജീവ് ജോസഫ്**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും കഴിഞ്ഞ അഞ്ച് മാസമായി പെൻഷൻ ലഭിക്കുന്നില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; ഇതിന്റെ കാരണം വിശദമാക്കാമോ;

(ബി) 2022, 2023, 2024 ഏപ്രിൽ മാസങ്ങളിൽ വിരമിച്ചവർക്ക് പെൻഷൻ കുടിശ്ശിക ലഭിക്കാനുണ്ടോയെന്നും ഇത് എന്നത്തേക്ക് നൽകുമെന്നും വ്യക്തമാക്കാമോ;

(സി) അങ്കണവാടി ജീവനക്കാർക്കും ഹെൽപ്പർമാർക്കും കഴിഞ്ഞ മൂന്ന് വർഷമായി ഓണം അലവൻസ് ലഭിക്കുന്നില്ലെന്നും 2024 ഏപ്രിൽ മാസത്തിൽ വിരമിച്ചവർക്കുള്ള ക്ഷേമനിധി ആനുകൂല്യങ്ങളോ പെൻഷനോ ഇതുവരെ ലഭിച്ചിട്ടില്ലെന്നുമുള്ള കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; എങ്കിൽ ഇത് എന്നത്തേക്ക് നൽകുമെന്ന് വ്യക്തമാക്കാമോ?

## 'സഖി' വൺ സ്റ്റോപ്പ് സംവിധാനം

4017 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ ശിശുക്ഷേമ വകുപ്പിന് കീഴിലുള്ള 'സഖി' വൺ സ്റ്റോപ്പ് സംവിധാനത്തിലൂടെ ലഭ്യമാകുന്ന സേവനങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

## സംസ്ഥാനത്തെ വനിതാ വികസനം

4018 **ഡോ. കെ. ടി. ജലീൽ**
**ശ്രീ. ലിന്റോ ജോസഫ്**
**ശ്രീ. എച്ച്. സലാം**
**ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനിതകളിൽ തൊഴിൽ, ലിംഗ സമത്വം, സംരംഭകത്വം എന്നിവയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് ദേശീയ ശരാശരിയുടെ എത്ര ശതമാനമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) നിലവിൽ ഉന്നതവിദ്യാഭ്യാസം നേടുന്ന വനിതകളുടെയും അവരിൽ തൊഴിൽ ചെയ്യുന്നവരുടെയും എണ്ണത്തിലുള്ള അന്തരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സംസ്ഥാനത്തെ സ്ത്രീകളുടെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനും, സാമൂഹ്യ സാമ്പത്തിക അസമത്വങ്ങൾ കുറയ്ക്കുന്നതിനും കേരള സംസ്ഥാന വനിത വികസന കോർപ്പറേഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത കോർപ്പറേഷൻ സ്ത്രീ സംരംഭകർക്കായി ഒരുക്കിയ പ്രദർശന വിപണന മേള 'എക്സ്പ്ലേറ 25'-ന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

**<u>ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ</u>**

4019 **ശ്രീ. രാഹുൽ മാങ്കൂട്ടത്തിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭക്ഷ്യ സുരക്ഷാ വകുപ്പിൽ ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ പ്രസ്തുത വകുപ്പിലെ ട്രാൻസ്ഫർ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത വകുപ്പിലെ ട്രാൻസ്ഫർ കൈകാര്യം ചെയ്യുന്ന സെക്ഷനിലെ ജീവനക്കാരിൽ ഏഴ് വർഷമായി ട്രാൻസ്ഫർ ഇല്ലാതെ ഒരേ ഓഫീസിൽ പ്രവർത്തിക്കുന്നവരുടെ പേര് വിവരങ്ങൾ നൽകാമോ;

(സി) ടി വകുപ്പിലെ ട്രാൻസ്ഫർ കൈകാര്യം ചെയ്യുന്ന ജീവനക്കാർ പദവി ദുരുപയോഗം ചെയ്തുകൊണ്ട് ട്രാൻസ്ഫറുകളിൽ അനധികൃതമായ ഇടപെടൽ നടത്തുന്ന കാര്യം സർക്കാർ ഗൗരവത്തോടെ കാണുന്നുണ്ടോ?

**<u>ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ട്രാൻസ്ഫർ</u>**

4020 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പിലെ ട്രാൻസ്ഫർ കൈകാര്യം ചെയ്യുന്ന വിഭാഗത്തിലെ എത്ര ജീവനക്കാരാണ് കഴിഞ്ഞ മൂന്ന് വർഷ കാലയളവിനു മുകളിൽ ട്രാൻസ്ഫർ ഇല്ലാതെ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; പ്രസ്തുത ജീവനക്കാരുടെ പേര് വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മേല്പറഞ്ഞ കാലയളവിനു മുകളിൽ ജോലിചെയ്യുന്ന ജീവനക്കാരെ ആ സ്ഥാനത്ത് നിന്നും മാറ്റാത്തതിന്റെ കാരണം വിശദമാക്കാമോ?

**<u>ഭക്ഷണശാലകൾക്ക് സാനിറ്ററി സർട്ടിഫിക്കറ്റ്</u>**

4021 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത- ശിശുവികസന വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹോട്ടലുകൾക്കും ഭക്ഷണ വസ്തുക്കൾ വിപണനം നടത്തുന്ന സ്ഥാപനങ്ങൾക്കും ഭക്ഷ്യ സുരക്ഷയുടെ ഭാഗമായി സാനിറ്ററി സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയിട്ടുണ്ടോ; പ്രസ്തുത സർട്ടിഫിക്കറ്റ് നൽകുവാൻ അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ ആരാണെന്ന് വ്യക്തമാക്കുമോ;

(ബി) സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടിക്രമങ്ങൾ ഫീസ് ഉൾപ്പെടെ വിശദീകരിക്കാമോ; എന്തെങ്കിലും തുടർ നടപടികൾക്ക് ഈ സർട്ടിഫിക്കറ്റ്

ആവശ്യമുണ്ടോ; വിശദീകരിക്കാമോ?

## പൊതുവിതരണ വകുപ്പിലെ വിശേഷാൽ ചട്ടങ്ങളും ഭേദഗതികളും

4022 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ.ഉ.(പി.)നം.13/1971/ഭക്ഷ്യ വകുപ്പ് തീയതി 01.10.1971 എന്ന സർക്കാർ ഉത്തരവിന്റെ പകർപ്പ് നൽകാമോ;

(ബി) പൊതുവിതരണ വകുപ്പിലെ സബോർഡിനേറ്റ് സർവീസിലെ വിശേഷാൽ ചട്ടങ്ങളുടെയും ചട്ടങ്ങളിൽ ഭേദഗതികൾ പുറപ്പെടുവിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെയും പകർപ്പുകൾ നൽകാമോ?

## സംഭരിച്ച നെല്ലിന്റെ വില ഉടൻ നൽകാൻ നടപടി

4023 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകർക്ക് നെല്ല് സംഭരിച്ച ഉടൻ തന്നെ അതിന്റെ വില നൽകുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

## മലമ്പുഴ മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

4024 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മലമ്പുഴ മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## സുഭിക്ഷ ഹോട്ടലുകൾ

4025 **ശ്രീ. എം.വിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിശപ്പു രഹിത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് ആരംഭിച്ച സുഭിക്ഷ ഹോട്ടലുകൾ പലതും വലിയ ബുദ്ധിമുട്ടിലാണ് പ്രവർത്തിച്ചുവരുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഹോട്ടലുകൾ കാര്യക്ഷമമായി നടത്തുന്നതിന് വിലവർദ്ധനവ് ഉൾപ്പെടെയുള്ള നടപടി സ്വീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) കണ്ണൂർ ജില്ലയിലെ പിലാത്തറയിൽ പാപ്പിനിശ്ശേരി അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസേഴ്സ് ആൻഡ് ടോഡി വർക്കേഴ്സ് വെൽഫയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി നടത്തുന്ന സുഭിക്ഷ ഹോട്ടലിന്റെ പ്രതിമാസ അരി വിഹിതം 600 കിലോയിൽ നിന്നും 1000 കിലോ ആയി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് നൽകിയ നിവേദനത്തിന്മേൽ നടപടി എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

## പൊതുവിതരണ വകുപ്പിന് കീഴിൽ അനുവദിച്ച പദ്ധതികളുടെ വിശദാംശങ്ങൾ

4026 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭക്ഷ്യ-പൊതുവിതരണ വകുപ്പിന് കീഴിൽ പുനലൂർ മണ്ഡലത്തിൽ അനുവദിച്ച വിവിധ പ്രവൃത്തികളുടെ/ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കാമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിൽ ഭക്ഷ്യ വകുപ്പ് അനുവദിച്ച പദ്ധതികൾ</u>**

4027 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വടക്കാഞ്ചേരി മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ ഓരോ പഞ്ചായത്തിലും നടപ്പിലാക്കിയ പദ്ധതികളുടെയും ഭരണാനുമതി നൽകിയിട്ടുള്ള തുകയുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും വച്ച് നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശം നൽകാമോ?

**<u>ആലത്തൂർ മണ്ഡലത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികൾ</u>**

4028 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആലത്തൂർ മണ്ഡലത്തിൽ ഭക്ഷ്യ-സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത മണ്ഡത്തിലെ ഓരോ പഞ്ചായത്തിലും നടപ്പാക്കിയ പദ്ധതികളുടെയും ഭരണാനുമതി നല്കിയിട്ടുള്ള തുകയുടെയും വിശദാംശങ്ങൾ നൽകാമോ?

**<u>കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്ത്</u>**

4029 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഡിസംബറിൽ മാവേലിക്കര താലൂക്കിൽ നടത്തിയ കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിലൂടെ ബി.പി.എൽ. റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകളുടെ റേഷനിംഗ് ഓഫീസ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര ബി.പി.എൽ. റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ടെന്നുള്ള വിവരം റേഷനിംഗ് ഓഫീസ് തിരിച്ച് ലഭ്യമാക്കുമോ?

**<u>മുൻഗണന റേഷൻ കാർഡുകൾ</u>**

4030 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർചികിത്സ ആവശ്യമുള്ള മാറാരോഗങ്ങൾ ഉള്ളവരുടെ റേഷൻ കാർഡ് ബി.പി.എൽ. ആക്കുന്നതിനുള്ള അവസരം ലഭ്യമാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) മാരകരോഗം ബാധിച്ചതും, ഭിന്നശേഷി, ഓട്ടിസം തുടങ്ങിയവയുള്ളതുമായ അംഗങ്ങളുള്ള മുഴുവൻ കുടുംബങ്ങളേയും മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി റേഷൻ കാർഡ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(സി) മാരകരോഗം ബാധിച്ച പാവപ്പെട്ടവർക്ക് അത്യാവശ്യഘട്ടങ്ങളിൽ മുൻഗണന റേഷൻ കാർഡുകൾ ചികിത്സ ആനുകൂല്യങ്ങൾക്കായി നൽകുന്നതിന് ഫാസ്റ്റ് ട്രാക്ക് സംവിധാനം ലഭ്യമാക്കുമോ?

## മുൻഗണന, എ.എ.വൈ. കാർഡുകൾക്കായുള്ള അപേക്ഷകൾ

4031 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മുൻഗണനാ കാർഡുകൾക്കും എ.എ.വൈ. കാർഡുകൾക്കുമായി എത്ര അപേക്ഷകൾ കുന്നത്തുനാട് മണ്ഡലത്തിൽ നിന്നും ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത മണ്ഡലത്തിൽ എത്ര പേർക്ക് പുതുതായി മുൻഗണനാ കാർഡുകളും, എ.എ.വൈ. കാർഡുകളും ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കുന്നത്തുനാട് മണ്ഡലത്തിൽ അനർഹരായ എത്ര പേരെ മുൻഗണന, എ.എ.വൈ. കാർഡുകളിൽനിന്നും ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത മണ്ഡലത്തിൽനിന്നും മുൻഗണനാ എ.എ.വൈ. കാർഡുകൾക്കായി അപേക്ഷിച്ചിട്ടുള്ള അർഹരായ മുഴുവൻ അപേക്ഷകർക്കും വേഗത്തിൽ ആയവ ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വീടില്ലാത്തവർക്ക് റേഷൻ കാർഡുകൾ നൽകാൻ നടപടി

4032 **ശ്രീ. കെ. ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവോരത്ത് താമസിക്കുന്നവർക്ക് ആധാർ കാർഡിന്റെയും വാടകയ്ക്ക് താമസിക്കുന്നവർക്ക് വാടകച്ചീട്ടിന്റെയും അടിസ്ഥാനത്തിൽ റേഷൻ കാർഡുകൾ നൽകാൻ ഈ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) നിലവിലുള്ള സർക്കാരിന്റെ കാലത്ത് ഭിന്നശേഷിക്കാരായ കുട്ടികൾ ഉൾപ്പെടെ താമസിക്കുന്ന വെൽഫെയർ ഇൻസ്റ്റിറ്റ്യൂഷനുകൾക്കായി പുതിയ റേഷൻ കാർഡുകൾ വിതരണം ചെയ്തിട്ടുണ്ടോ; വിശദമാക്കുമോ?

## കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിലൂടെ ബി.പി.എൽ. റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകൾ

4033 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024 ഡിസംബറിൽ ആലത്തൂർ താലൂക്കിൽ നടത്തിയ കരുതലും കൈത്താങ്ങും പരാതി പരിഹാര അദാലത്തിലൂടെ ബി.പി.എൽ. റേഷൻ കാർഡിനായി ലഭിച്ച അപേക്ഷകളുടെ റേഷനിംഗ് ഓഫീസ് തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അപേക്ഷകളിൽ എത്ര ബി.പി.എൽ. റേഷൻ കാർഡുകൾ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കാമോ?

**<u>മുൻഗണനാ റേഷൻ കാർഡുകളാക്കി മാറ്റി നൽകുന്നതിനുള്ള നടപടി</u>**

4034 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വർക്കല മണ്ഡലത്തിലെ എത്ര മുൻഗണനേതര റേഷൻ കാർഡുകൾ മുൻഗണനാ റേഷൻ കാർഡുകളാക്കി മാറ്റി അനുവദിച്ച് നല്കിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

**<u>റേഷൻ വിതരണം</u>**

4035 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റേഷൻ വിതരണം കാര്യക്ഷമമാക്കുന്നതിന് വേണ്ടി ആരംഭിച്ച വാതിൽപ്പടി സേവനം നിർത്തലാക്കിയോ എന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത സേവനത്തിന് എത്ര മാസത്തെ കുടിശ്ശികയാണ് സർക്കാർ വരുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; വാതിൽപ്പടി കുടിശ്ശികയുടെ പേരിൽ റേഷൻ വിതരണം മുടങ്ങിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) വാതിൽപ്പടി സേവനം സംബന്ധിച്ച് വാഹനങ്ങൾക്കും കരാറുകാർക്കും നൽകാനുള്ള തുക, ഗോഡൗണുകളുടെ വാടകയിനത്തിൽ നൽകാനുള്ള തുക, തൊഴിലാളികളുടെ കൂലിയിനത്തിൽ കൊടുക്കുവാനുള്ള കുടിശ്ശിക തുക എന്നിവ സർക്കാർ കൊടുത്ത് തീർത്തിട്ടുണ്ടോ;

(ഡി) ഇല്ലെങ്കിൽ ഇനി എത്ര രൂപയാണ് കൊടുക്കാനുള്ളതെന്ന് വിശദീകരിക്കാമോ; എങ്കിൽ പ്രസ്തുത തുക എന്നത്തേക്ക് കൊടുത്തു തീർക്കുമെന്ന് അറിയിക്കാമോ?

**<u>റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ</u>**

4036 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം ലഭിക്കുന്നതിനായി റേഷൻകടകളിൽ നടപ്പിലാക്കിയ പരിഷ്കാരങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പാറശാല മണ്ഡലത്തിലെ ഏതെല്ലാം റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റുന്നതിനായി തിരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ അമ്പൂരി, വെള്ളറട, കള്ളിക്കാട്, ഒറ്റശേഖരമംഗലം എന്നീ മലയോര മേഖലകളിലെയും ആദിവാസി മേഖലകളിലെയും റേഷൻകടകളെ കെ-സ്റ്റോറുകളാക്കി മാറ്റുന്നതിന് മുൻഗണന നൽകുമോയെന്ന് വ്യക്തമാക്കുമോ;

(ഡി) 2016 മുതൽ നാളിതുവരെ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പിനുകീഴിൽ പാറശാല മണ്ഡലത്തിൽ നടപ്പിലാക്കിയിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്നും ആയതിലേയ്ക്ക് എത്ര തുക അനുവദിച്ചിട്ടുണ്ടെന്നുമുള്ള വിശദവിവരം അറിയിക്കാമോ?

## <u>വർക്കല മണ്ഡലത്തിലെ റേഷൻകടകൾ</u>

4037 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻകടകൾ പ്രവർത്തിക്കുന്നുവെന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദീകരിക്കാമോ;

(ബി) മുൻ സർക്കാരിന്റെ കാലത്തും നിലവിലെ സർക്കാരിന്റെ കാലയളവിലുമായി പുതിയതായി എത്ര റേഷൻകടകൾ വർക്കല മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

## <u>കെ-സ്റ്റോറുകൾ</u>

4038 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര റേഷൻ കടകളെയാണ് കെ-സ്റ്റോറുകളാക്കി മാറ്റിയതെന്ന് വ്യക്തമാക്കാമോ?

## <u>ഗുരുവായൂർ മണ്ഡലത്തിലെ റേഷൻകടകൾ</u>

4039 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗുരുവായൂർ മണ്ഡലത്തിൽ അനുവദിച്ച റേഷൻകടകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ പുന്ന, മാട്ടുമ്മൽ എന്നീ സ്ഥലങ്ങളിൽ അനുവദിച്ച റേഷൻകടകൾ നടത്തിപ്പിനായി വിജ്ഞാപനം ചെയ്തതിന്റെ വിവരങ്ങളും സ്വീകരിച്ച നടപടികളും വിശദമാക്കാമോ;

(സി) എസ്.സി/എസ്.ടി വിഭാഗങ്ങൾക്ക് അനുവദിക്കുന്ന റേഷൻകടകൾ പ്രസ്തുത വിഭാഗത്തിൽനിന്നും ആരും ഏറ്റെടുത്ത് നടത്താൻ തയ്യാറാകാത്തപക്ഷം മറ്റു വിഭാഗക്കാരെ പരിഗണിക്കുമോ; വിശദമാക്കാമോ?

## <u>കുട്ടമ്പുഴ ആദിവാസി നഗർ കേന്ദ്രീകരിച്ച് കെ-സ്റ്റോർ</u>

4040 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്റ്റോർ വഴി നിലവിൽ നൽകിവരുന്ന സേവനങ്ങൾ എന്തെല്ലാമാണ്;

(ബി) നിരവധി ആദിവാസി ഊരുകളുള്ള കുട്ടമ്പുഴ പഞ്ചായത്തിൽ ആദിവാസി നഗർ കേന്ദ്രീകരിച്ച് കെ-സ്റ്റോർ ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ;

(സി) കെ-സ്റ്റോർ വഴിയുള്ള സേവനങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

## <u>മുണ്ടാനൂരിൽ പുതിയ റേഷൻ കട</u>

4041 **ശ്രീ. സജീവ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ട് പട്ടികജാതി-പട്ടികവർഗ്ഗ നഗറുകളിലായി തൊണ്ണൂറോളം കുടുംബങ്ങളുൾപ്പെടെ മുണ്ടാനൂരിലെ നാനൂറോളം റേഷൻ കാർഡ് ഉടമകൾ മൂന്ന് കിലോമീറ്ററോളം ദൂരെയുള്ള നച്യാട് റേഷൻ കടയെയാണ് ആശ്രയിക്കുന്നത് എന്നതിനാൽ മുണ്ടാനൂരിൽ പുതിയ റേഷൻ കട തുടങ്ങുന്നത് പരിഗണിക്കുമോ;

(ബി) മുണ്ടാനൂരിൽ പുതിയ റേഷൻ കട അനുവദിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

## <u>ചവറ മണ്ഡലത്തിലെ കെ-സ്റ്റോറുകൾ</u>

4042 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ മണ്ഡലത്തിൽ ആകെ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്; അതിൽ എത്ര കടകൾ കെ-സ്റ്റോറായി പ്രവർത്തിക്കുന്നു; ഏതൊക്കെ സ്ഥലങ്ങളിലാണ് കെ-സ്റ്റോറുകൾ ഉള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ റേഷൻ കടകൾ അനുവദിക്കുന്നുണ്ടോ; ഇതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

## <u>റേഷൻ വിതരണവും സിവിൽ സപ്ലൈസ് വകുപ്പിന്റെ പദ്ധതികളും</u>

4043 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടുങ്ങല്ലൂർ താലൂക്ക് സപ്ലൈ ഓഫീസിനു കീഴിലുള്ള വിവിധ റേഷൻകടകളിൽ ഗോഡൗണുകളിൽ നിന്നും റേഷൻ സാധനങ്ങൾ യഥാസമയം എത്തിച്ചു നൽകുന്നതിൽ വീഴ്ച വരുത്തുന്നുണ്ടോ; വിതരണ കരാർ കമ്പനികളുടെ വീഴ്ച പരിശോധിക്കുന്നതിനും യഥാസമയം റേഷൻ സാധനങ്ങൾ റേഷൻ കടകളിൽ എത്തിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കയ്പമംഗലം മണ്ഡലത്തിൽ ഭക്ഷ്യ സിവിൽ സപ്ലൈസ് വകുപ്പ് അനുവദിച്ച പദ്ധതികളുടെ വിശദാംശം നൽകാമോ?

## <u>കൺസ്യൂമർഫെഡ് വഴി നൽകുന്ന സബ്സിഡി സാധനങ്ങൾ</u>

4044 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോ വഴി മാവേലി സ്റ്റോറുകളിലൂടെ എത്ര ഇനം സബ്സിഡി സാധനങ്ങളാണ് വിതരണം ചെയ്യുന്നത്; വ്യക്തമാക്കാമോ?

**കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ മാവേലി സ്റ്റോറുകൾ**

4045 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഞ്ഞങ്ങാട് മണ്ഡലത്തിൽ 2016-ന് ശേഷം പുതിയ എത്ര മാവേലി സ്റ്റോറുകളാണ് ആരംഭിച്ചിട്ടുള്ളതെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**പൊതുവിതരണ വകുപ്പ് കരാറുകാർക്ക് നൽകാനുള്ള കുടിശ്ശിക തുക**

4046 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം നാളിതുവരെ ധനകാര്യവകുപ്പിൽ നിന്നും സിവിൽ സപ്ലൈസ് വകുപ്പിന് അനുവദിച്ച തുക എത്രയാണ്; ഇതിന്റെ വിശദാംശം നൽകാമോ;

(ബി) അനുവദിച്ച തുക വിലനിലവാരം പിടിച്ചു നിർത്തുന്നതിനും മാർക്കറ്റിൽ ഇടപെടുന്നതിനും പര്യാപ്തമാണോ എന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) സിവിൽ സപ്ലൈസ് വകുപ്പിന് സാധനങ്ങൾ നൽകിയ ഇനത്തിൽ കരാറുകാർക്ക് എത്ര കോടി രൂപ കുടിശ്ശിക നൽകാനുണ്ട്; ഓരോരുത്തർക്കും നൽകാനുള്ള തുക സംബന്ധിച്ച വിശദാംശം നൽകാമോ; കരാറുകാരുടെ തുക നൽകാത്തത് മൂലം മാവേലി സ്റ്റോറുകളിൽ അവശ്യസാധനങ്ങൾക്ക് ക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുവാൻ സ്വീകരിച്ച മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

**സപ്ലൈകോയിലെ സ്റ്റാഫ് പാറ്റേൺ**

4047 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സപ്ലൈകോയിലെ നിലവിലെ സ്റ്റാഫ് പാറ്റേൺ വ്യക്തമാക്കാമോ; സപ്ലൈകോയിൽ 2016-ന് ശേഷം എത്ര പുതിയ ഔട്ട് ലെറ്റുകൾ ആരംഭിച്ചിട്ടുണ്ടെന്നും ഇതിന് ആനുപാതികമായി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ;

(ബി) മറ്റ് ഡിപ്പാർട്ട്മെന്റുകളിൽ 50 വയസ് കഴിഞ്ഞവർക്ക് ഡിപ്പാർട്ട്മെന്റ് തല പരീക്ഷയിൽ ഇളവ് അനുവദിച്ചിട്ടുള്ളത് പോലെ സപ്ലൈകോയിലും അനുവദിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) സപ്ലൈകോയിൽ എത്ര ജൂനിയർ മാനേജർ തസ്തികകൾ കോർപ്പറേഷൻ ജീവനക്കാർക്കായി അനുവദിച്ചിട്ടുണ്ട്; പ്രസ്തുത ബൈ ട്രാൻസ്ഫർ നിയമനത്തിനായി പുതിയ നിയമനിർമ്മാണത്തിന് സാധ്യതയുണ്ടോ; വിശദീകരിക്കാമോ;

(ഡി) സപ്ലൈകോയിൽ ഡെപ്യൂട്ടേഷൻ കാലാവധി കഴിഞ്ഞ എത്ര ജീവനക്കാർ വീണ്ടും തുടരുന്നുവെന്നും ആയത് സപ്ലൈകോയ്ക്ക് അധികബാധ്യത ആകില്ലേയെന്നും

വിശദമാക്കുമോ;

(ഇ) 2025 ഫെബ്രുവരി മാസത്തിൽ സപ്ലൈകോയിൽ ജൂനിയർ അസിസ്റ്റന്റ്, സീനിയർ അസിസ്റ്റന്റ് ഗ്രേഡ്-II, സീനിയർ അസിസ്റ്റന്റ് ഗ്രേഡ്-I തസ്തികകളിലായി എത്ര സ്ഥിരം ജീവനക്കാർ നിലവിലുണ്ടെന്ന് വിശദമാക്കുമോ;

(എഫ്) 2019 മുതലുള്ള ശമ്പള പരിഷ്കരണ കുടിശിക സപ്ലൈകോയിലും വിതരണം ചെയ്യാനുള്ള നടപടികൾ സ്വീകരിക്കുമോ; സപ്ലൈകോയിലെ കോമൺ സർവ്വീസ് റൂളിലെ അപാകതകൾ നീക്കാനുള്ള ഫയൽ തീരുമാനം വൈകുന്നതിന്റെ കാരണം വിശദമാക്കുമോ?

## മൂക്കന്നൂർ ഗ്രാമപഞ്ചായത്തിലെ മാവേലി സ്റ്റോർ

4048 **ശ്രീ. റോജി എം. ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി മണ്ഡലത്തിലെ മൂക്കന്നൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിച്ചിരുന്ന മാവേലി സ്റ്റോർ പൂട്ടിക്കിടക്കുന്നതിന്റെ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനം തുറന്ന് പ്രവർത്തിപ്പിക്കുന്നതിനായി മൂക്കന്നൂർ ഗ്രാമപഞ്ചായത്ത് പുതിയ മന്ദിരം കണ്ടെത്തി അറിയിച്ചിട്ടും മാവേലി സ്റ്റോറിന്റെ പ്രവർത്തനം ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത വിഷയത്തിന് പരിഹാരം കാണുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ; മാവേലി സ്റ്റോർ എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## നടുവണ്ണൂർ കാവുന്തറയിൽ പുതിയ മാവേലി സ്റ്റോറുകൾ

4049 **ശ്രീ. കെ. എം. സച്ചിൻദേവ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നടുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ കാവുന്തറയിൽ പുതിയ മാവേലി സ്റ്റോർ ആരംഭിക്കുന്നതിന് അപേക്ഷ ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

## സഞ്ചരിക്കുന്ന മാവേലി സ്റ്റോർ

4050 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വടകര താലൂക്കിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ ഏതൊക്കെ സ്ഥലങ്ങളിലേക്കാണ് നിലവിൽ ക്രമീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) കുറ്റ്യാടി മണ്ഡലത്തിലെ ആയഞ്ചേരി ഗ്രാമ പഞ്ചായത്തിനായി സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിക്കുന്നതിനുള്ള അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സഞ്ചരിക്കുന്ന മാവേലി സ്റ്റോർ അനുവദിക്കുന്നതിനായി കുറ്റ്യാടി മണ്ഡലത്തിൽ നിന്നും ലഭിച്ച അപേക്ഷകളിന്മേൽ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## നെല്ലിന്റെ താങ്ങുവില

4051 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം നെല്ലിന്റെ താങ്ങുവിലയായി കേരളത്തിന് എത്ര കോടി രൂപയാണ് നൽകാനുള്ളതെന്ന് അറിയിക്കുമോ;

(ബി) കേന്ദ്രം താങ്ങുവില അനുവദിക്കുന്നതിലെ മാനദണ്ഡം വിശദീകരിക്കുമോ;

(സി) സംസ്ഥാന സർക്കാർ ഈ സാമ്പത്തിക വർഷം സപ്ലൈകോയ്ക്ക് എത്ര കോടി രൂപയാണ് നെല്ല് സംഭരണത്തിനായി അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ?

## നെല്ല് സംഭരണം

4052 **ശ്രീ. എ. പ്രഭാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ രണ്ടാം വിള നെല്ല് സംഭരിക്കുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടത്തിയിട്ടുള്ള മുന്നൊരുക്കങ്ങളും സ്വീകരിച്ച് വരുന്ന നടപടികളും വിശദമാക്കാമോ;

(ബി) നെല്ല് സംഭരണത്തിന് മില്ലുകളുമായി ധാരണാപത്രം ഒപ്പ് വച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(സി) നെല്ലിന്റെ സംഭരണവില നൽകുന്നതിന് ബാങ്കുകളുമായി ധാരണയിലെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

## വിഷു, ഈസ്റ്റർ, റംസാൻ വിപണിയിൽ വിലക്കയറ്റം തടയുന്നതിനുള്ള നടപടി

4053 **ശ്രീമതി ഒ എസ് അംബിക :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷു, ഈസ്റ്റർ, റംസാൻ വിപണിയിലെ വിലക്കയറ്റം തടയുന്നതിനും നിത്യോപയോഗ സാധനങ്ങളുടെ ലഭ്യത ഉറപ്പാക്കുന്നതിനുമായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

## കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്

4054 **ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എത്ര പ്രാവശ്യമാണ് കൗൺസിൽ ഫോർ ഫുഡ് റിസർച്ച് ആൻഡ് ഡെവലപ്മെന്റ്-ന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി കൂടിയിട്ടുള്ളതെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കുമോ;

(ബി) സി.എഫ്.ആർ.ഡി.യുടെ പുരോഗതിക്കായി ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുന്നോട്ടുവച്ചിട്ടുള്ള പ്രധാന പദ്ധതികൾ എന്തൊക്കെയാണെന്ന്

വ്യക്തമാക്കുമോ;

(സി) സി.എഫ്.ആർ.ഡി.യുടെ സാമ്പത്തിക ഭദ്രത ഉറപ്പു വരുത്തുന്നതിനായി എന്തെല്ലാം പദ്ധതികൾ ആണ് സർക്കാർ വിഭാവനം ചെയ്തിട്ടുള്ളത്; വിശദമാക്കുമോ?

**കോങ്ങാട് മണ്ഡലത്തിലെ ഭക്ഷ്യ പൊതുവിതരണ വകുപ്പിന്റെ പദ്ധതികൾ**

4055 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോങ്ങാട് മണ്ഡലത്തിൽ ഭക്ഷ്യ പൊതുവിതരണ വകുപ്പ് നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

**കെ സ്റ്റോർ പദ്ധതി**

4056 **ശ്രീ ഡി കെ മുരളി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിതരണ കേന്ദ്രങ്ങൾ മുഖേന നടപ്പാക്കുന്ന കെ സ്റ്റോർ പദ്ധതി എന്താണെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് ഇതേവരെ കെ സ്റ്റോറുകൾ വഴി എന്തു തുകയുടെ ഉല്പന്നങ്ങൾ വില്പന നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ കെ സ്റ്റോറുകൾ വഴി എന്തു തുകയുടെ വില്പന നടത്തിയിട്ടുണ്ടെന്നും നിയോജക മണ്ഡലാടിസ്ഥാനത്തിൽ വിശദമാക്കാമോ?

**ഡയറക്ട് സെല്ലിങ്ങ് മാർഗ്ഗരേഖ**

4057 **ശ്രീ. കെ. ആൻസലൻ**
**ശ്രീ എം മുകേഷ്**
**ശ്രീ. കെ. ജെ. മാക്സി**
**ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിപണി സുതാര്യത ഉറപ്പാക്കുന്നതിന്റെയും ഓൺലൈൻ മാർക്കറ്റിങ്ങിന്റെ മറവിൽ നടക്കുന്നതായി പറയപ്പെടുന്ന അനഭിലഷണീയമായ പ്രവർത്തനങ്ങൾ ഒഴിവാക്കുന്നതിന്റെയും ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഉപഭോക്താക്കളുടേയും ഉത്പാദകരുടേയും അവകാശങ്ങൾ സംരക്ഷിക്കുന്നതിനും ഡിജിറ്റൽ ലോകത്ത് വിപണി സുതാര്യത ഉറപ്പാക്കുന്നതിനുമായി ഡയറക്ട് സെല്ലിങ്ങ് മാർഗ്ഗരേഖ പുറത്തിറക്കിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്തെ വ്യാപാരമേഖലയിലെ സുതാര്യത ഉറപ്പാക്കുന്നതിനായി സർക്കാർ നടത്തുന്ന വിപണി ഇടപെടലിന്റെ ദൃഷ്ടാന്തമായി പ്രസ്തുത മാർഗ്ഗരേഖ വിലയിരുത്തപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

**ലീഗൽ മെട്രോളജി ജില്ലാ ഓഫീസിൽ ഡ്രൈവർ കം അറ്റൻഡർ തസ്തികയിലെ ഒഴിവ്**

4058 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ലീഗൽ മെട്രോളജി ജില്ലാ ഓഫീസിൽ ഡ്രൈവർ കം അറ്റൻഡർ തസ്തികയിൽ നിലവിൽ ഒഴിവുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത ഒഴിവ് പി.എസ്.സി. ക്ക് റിപ്പോട്ട് ചെയ്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഒഴിവ് റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

## എക്സൈസ് വകുപ്പിലെ വാഹനങ്ങളും ഡ്രൈവർ തസ്തികകളും

4059 **ഡോ. മാത്യു കുഴൽനാടൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന് സ്വന്തമായിട്ടുള്ള 94 വാഹനങ്ങൾക്ക് സിവിൽ എക്സൈസ് ഓഫീസർ ഡ്രൈവർ തസ്തികകൾ ഇല്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

## എക്സൈസ് വകുപ്പിലെ വനിതകൾ

4060 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വനിതകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ തസ്തിക തിരിച്ചുള്ള എണ്ണം ലഭ്യമാക്കാമോ;

(സി) എക്സൈസ് സ്റ്റേഷനുകളിൽ വനിതാ ജീവനക്കാർക്ക് പ്രത്യേകം ഒരുക്കിയിട്ടുള്ള സൗകര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഡി) മദ്യവും മയക്കു മരുന്നും വ്യാപകമായ ഈ കാലഘട്ടത്തിൽ എക്സൈസ് വകുപ്പിൽ നിലവിൽ സേവനമനുഷ്ഠിക്കുന്ന വനിതകളുടെ എണ്ണം പര്യാപ്തമാണോയെന്ന് അറിയിക്കാമോ;

(ഇ) എക്സൈസ് വകുപ്പിൽ വനിതകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## സിന്തറ്റിക് ലഹരിയുടെ ഉപഭോഗം തടയാൻ നടപടി

4061 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിന്തറ്റിക് ഡ്രഗ്സിന്റെ ഉപഭോഗം വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തേയ്ക്ക് സിന്തറ്റിക് ഡ്രഗ്സ് എത്തുന്നതിന്റെ ഉറവിടം കണ്ടെത്തിയിട്ടുണ്ടോ; ഏതൊക്കെ തരത്തിലുള്ള സിന്തറ്റിക് ഡ്രഗ്സ് ആണ് സംസ്ഥാനത്ത് ഉപയോഗിച്ച് വരുന്നതായി കണ്ടെത്തിയിട്ടുള്ളത്; വിശദാംശം നൽകുമോ;

(സി) ഇത്തരം ലഹരികളുടെ ഉപഭോഗം നിയന്ത്രിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ?

## ലഹരി കേസുകൾ

4062 **ശ്രീ. പി. ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 ജനുവരി മുതൽ 2025 ഫെബ്രുവരി വരെ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത ലഹരി കേസുകളുടെ എണ്ണം വർഷം തിരിച്ച് വ്യക്തമാക്കുമോ; ഇക്കാലയളവിൽ പിടികൂടിയ ലഹരി വസ്തുക്കളുടെ മൂല്യം ഇനവും ജില്ലയും തിരിച്ച് വിശദമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ വിദ്യാർത്ഥികളും യുവജനങ്ങളും പ്രതികളായിട്ടുള്ള കേസുകളുടെ എണ്ണവും ശതമാനവും പ്രധാനമായും അവർ ഉപയോഗിക്കുന്ന ലഹരി വസ്തുക്കളുടെ തരവും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് ലഹരിയുമായി ബന്ധപ്പെട്ട കേസുകളുടെ എണ്ണം വർധിച്ചുവരുന്നുവെന്ന് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത കേസുകളിലെ പ്രതികൾക്ക് നൽകുന്ന പരമാവധി ശിക്ഷ എന്താണ്; വിശദാംശം നൽകുമോ;

(ഡി) സംസ്ഥാനത്ത് ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി സർക്കാർ സ്വീകരിച്ച പുതിയ നടപടികൾ എന്തൊക്കെയാണ്; വിശദാംശം നൽകുമോ?

## മദ്യഷാപ്പുകളുടെ വിവരങ്ങൾ

4063 **ശ്രീ. കെ. പി. എ. മജീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലം മുതൽ ഇന്നുവരെ സംസ്ഥാനത്ത് ആരംഭിച്ച മദ്യഷാപ്പുകളുടെയും അടച്ചു പൂട്ടിയ മദ്യഷാപ്പുകളുടെയും വിവരങ്ങൾ ജില്ലകളും സ്ഥലങ്ങളുടെ പേരുകളും തിരിച്ചു വിശദമാക്കാമോ?

## പ്രായപൂർത്തിയാകാത്തവർ പ്രതികളായ ലഹരി കടത്ത് കേസുകൾ

4064 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ നാളിതുവരെ ഓരോവർഷവും പ്രായപൂർത്തിയാകാത്തവർ പ്രതികളായ എത്ര ലഹരിക്കടത്ത് കേസുകൾ, ലഹരി ഉപയോഗിച്ച കേസുകൾ എന്നിവ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര കേസുകളിൽ കുറ്റവാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും ഇത്തരം കുറ്റവാളികൾക്ക് ലഭിച്ചിട്ടുള്ള പരമാവധി ശിക്ഷ എന്താണെന്നും എത്ര പേരെ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നുമുള്ള വിവരം ലഭ്യമാക്കാമോ;

(ബി) ലഹരിക്കടത്തിന് കുട്ടികളെ ഉൾപ്പെടെ ദുരുപയോഗം ചെയ്യുന്ന ഗുരുതരമായ സാഹചര്യത്തിൽ എന്തൊക്കെ പ്രതിരോധ നടപടികളാണ് എക്സൈസ് വകുപ്പ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## പെരിന്തൽമണ്ണ എക്സൈസ് ഓഫീസിലെ ഡ്രൈവർ തസ്തിക

4065 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ എക്സൈസ് ഓഫീസിൽ ഡ്രൈവർ തസ്തിക ഇല്ലാത്തതും, ഇക്കാരണത്താൽ ഓഫീസ് പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഡ്രൈവർ തസ്തിക സൃഷ്ടിച്ച് നിയമനം നടത്താത്തതിന്റെ കാരണവും ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ;

(സി) പെരിന്തൽമണ്ണ എക്സൈസ് ഓഫീസിൽ ഡ്രൈവർ നിയമനം എപ്പോൾ നടത്തുമെന്ന് വ്യക്തമാക്കുമോ?

## ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം

4066 **ശ്രീ. എൻ. കെ. അക്ബർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാവക്കാട് എക്സൈസ് റേഞ്ച് ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിലേയ്ക്ക് ഗുരുവായൂർ വില്ലേജിലെ ഇരിങ്ങപ്പുറത്തുള്ള റവന്യൂ വകുപ്പിന്റെ ഭൂമി അനുവദിച്ചുകിട്ടുന്നതിനായി നാളിതുവരെ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) 2025-26 വർഷത്തെ ബജറ്റിൽ പ്രസ്തുത ഓഫീസിന് കെട്ടിടം നിർമ്മിക്കുന്നതിന് ഒരു കോടി രൂപ അനുവദിച്ച സാഹചര്യത്തിൽ ഭൂമി കൈമാറ്റ നടപടികൾ വേഗത്തിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## ലഹരി കേസുകൾ

4067 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഹരി മാഫിയകളെ തടയുന്നതിനും ലഹരി ഉപയോഗം നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?;

(ബി) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് ലഹരി ഉപയോഗം സംബന്ധിച്ച എത്ര കേസുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ?

## കയ്പമംഗലം മണ്ഡലത്തിലെ ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ

4068 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കയ്പമംഗലം മണ്ഡലത്തിൽ ലഹരി നിർമ്മാർജ്ജനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവർത്തനങ്ങളാണ് എക്സൈസ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതെന്ന്

വ്യക്തമാക്കാമോ;

(ബി) മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന സ്വരക്ഷ ക്ലബ്ബുമായി ബന്ധപ്പെട്ട് ലഹരി നിർമ്മാർജ്ജനത്തിനും കുട്ടികളുടെ സുരക്ഷയ്ക്കുമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് വകുപ്പ് നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

## ലഹരി കടത്ത് കേസുകൾ

4069 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മുതൽ നാളിതുവരെ ഓരോ വർഷവും സംസ്ഥാനത്ത് എത്ര ലഹരി കടത്ത് കേസുകൾ പിടികൂടിയിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ടെന്നും എത്ര കേസുകളിൽ പ്രതികളെ കുറ്റവിമുക്തർ ആക്കിയിട്ടുണ്ടെന്നും എത്ര കേസുകളിൽ ലഹരിയുടെ ഉറവിടം കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടെന്നുമുള്ള വിശദാംശം വ്യക്തമാക്കുമോ?

## ലഹരി ഉപയോഗവും വിപണനവും

4070 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് 2011 മുതൽ 2024 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കണക്ക് ജില്ല, വർഷം, ലഹരി ഉൽപന്നങ്ങളുടെ തരം എന്നിവ തിരിച്ച് ലഭ്യമാക്കുമോ;

(ബി) പ്രസ്തുത കേസുകളിൽ ശിക്ഷിക്കപ്പെട്ടവരുടെ കണക്ക് ജില്ല, വർഷം എന്നിവ തിരിച്ച് വ്യക്തമാക്കുമോ;

(സി) ലഹരി വസ്തുക്കളുടെ ഉപയോഗം, വിപണനം എന്നിവയുമായി ബന്ധപ്പെട്ട് 2011 മുതൽ 2024 വരെയുള്ള കാലയളവിൽ തമിഴ്‌നാട്, കർണാടക, പശ്ചിമ ബംഗാൾ, മഹാരാഷ്ട്ര, ഉത്തർപ്രദേശ്, ഗുജറാത്ത് എന്നീ സംസ്ഥാനങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കേസുകളുടെ കണക്ക് എക്സൈസ് വകുപ്പിൽ ലഭ്യമാണോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

## ലഹരി വ്യാപനം തടയാൻ നടപടി

4071 **ശ്രീ. ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം താലൂക്കിലെ വിവിധ മേഖലകളിൽ രാസലഹരി ഉൾപ്പെടെയുള്ള ലഹരി വസ്തുക്കളുടെ വ്യാപനം കർശനമായി തടയുന്നതിന് എക്സൈസ് വകുപ്പ് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ;

(ബി) പരിശോധനകൾ കൂടുതൽ കർശനമാക്കി ലഹരി വസ്തുക്കളുടെ വ്യാപനം തടയുന്നതിനാവശ്യമായ നടപടികൾ ഉറപ്പുവരുത്തുമോ; വ്യക്തമാക്കാമോ?

## ഡിസ്റ്റിലറി/ബ്രൂവറി ആരംഭിക്കുന്നതിനുള്ള മാനദണ്ഡം

4072 **ശ്രീ. എൻ. ഷംസുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഡിസ്റ്റില്ലറികളും ബ്രൂവറികളും ആരംഭിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടിക്രമങ്ങളും എന്തെല്ലാമാണ്; വിശദാംശം നൽകാമോ;

(ബി) മുൻ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് സംസ്ഥാനത്ത് ഇതുവരെ എത്ര ഡിസ്റ്റില്ലറികൾക്കും ബ്രൂവറികൾക്കുമാണ് അനുമതി നൽകിയിട്ടുള്ളതെന്ന വിശദവിവരം നൽകാമോ;

(സി) 2016 മുതലുള്ള മദ്യനയങ്ങളിൽ ഡിസ്റ്റില്ലറികളും ബ്രൂവറികളും ആരംഭിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) മദ്യവർജ്ജനം സർക്കാർ നയമാണോ; എങ്കിൽ സംസ്ഥാനത്ത് കൂടുതൽ ബാറുകളും ഡിസ്റ്റില്ലറികളും ബ്രൂവറികളും അനുവദിച്ച് മദ്യോപഭോഗത്തെ പ്രോത്സാഹിപ്പിക്കുന്ന നടപടി സർക്കാർ നയത്തിന് അനുസൃതമാണോ; വിശദമാക്കാമോ?

## <u>പുനലൂരിൽ എക്സൈസ് റേഞ്ച് ഓഫീസ്</u>

4073 **ശ്രീ പി എസ് സുപാൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് വിഭജനത്തിന്റെ ഭാഗമായി പുനലൂർ താലൂക്ക് രൂപീകരിച്ചപ്പോൾ പുനലൂരിൽ ഉണ്ടായിരുന്ന എക്സൈസ് റേഞ്ച് ഓഫീസ് നഷ്ടപ്പെട്ടതിനാൽ പുതിയ റേഞ്ച് ഓഫീസുകൾ അനുവദിക്കുമ്പോൾ പുനലൂരിന് പ്രഥമ പരിഗണന നൽകുമോ; ഇവിടെ പുതിയ എക്സൈസ് റേഞ്ച് ഓഫീസ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ റിപ്പോർട്ടും പ്രൊപ്പോസലും വകുപ്പ് തയ്യാറാക്കിയിട്ടുണ്ടോ; ആയതിന്റെ പകർപ്പ് നൽകാമോ;

(ബി) പുനലൂർ സർക്കിൾ പരിധിയിൽ കഴിഞ്ഞ അഞ്ചു വർഷക്കാലത്തിനുള്ളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കഞ്ചാവ്, പുകയില, വ്യാജ മദ്യ, ലഹരി കേസുകൾ എത്രയാണെന്ന് വിശദമാക്കാമോ;

(സി) തമിഴ്നാട് അതിർത്തി ഗ്രാമമായ ആര്യങ്കാവിൽ റിപ്പോർട്ട് ചെയ്യുന്ന ലഹരി കടത്തു കേസുകൾ, തൊണ്ടി മുതലുകൾ എന്നിവ അറുപത് കിലോമീറ്റർ അകലെയുള്ള അഞ്ചൽ എക്സൈസ് റേഞ്ച് ഓഫീസിൽ കൈകാര്യം ചെയ്യേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സംസ്ഥാന അതിർത്തിയിൽ പരിശോധന സംഘങ്ങളെ വെട്ടിച്ച് കടന്നുപോകുന്ന വാഹനങ്ങൾ പിന്തുടരുന്നതിന് അഞ്ചൽ എക്സൈസ് റേഞ്ചിൽ നിന്നും സംഘം പോകേണ്ടതുണ്ട് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) 2023-24 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തി പുനലൂർ എക്സൈസ് കോംപ്ലക്സ് കെട്ടിട നിർമ്മാണത്തിന് 3.5 കോടി വകയിരുത്തുകയും ഇവിടെ പുതിയ എക്സൈസ് സർക്കിൾ ഓഫീസ്, പുതിയ എക്സൈസ് റേഞ്ച് ഓഫീസ്, വിമുക്തി ട്രെയിനിങ് സെൻറർ, ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സ് എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് ഒരു ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിനായുള്ള നടപടി ആരഭിച്ചിട്ടുള്ള സാഹചര്യത്തിലും അധിക സാമ്പത്തിക ബാധ്യത ഉണ്ടാകാത്ത നിലയിൽ റെയ്ഞ്ച് ഓഫീസും സർക്കിൾ ഓഫീസും ഒരേ സ്ഥലത്ത് പ്രവർത്തിക്കുന്നതിനാൽ രണ്ട്

ഓഫീസുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയുന്ന തസ്തികകൾ പൊതുവായി ഉപയോഗിച്ച് കൊണ്ടും വകുപ്പിൽ നിലവിലുള്ള തസ്തികകൾ പുനർവിന്യാസത്തിലൂടെ ഉപയോഗപ്പെടുത്തിയും പുനലൂരിന് നഷ്ടപ്പെട്ട എക്സൈസ് റേഞ്ച് ഓഫീസ് വീണ്ടും പ്രവർത്തനം ആരഭിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## പാലക്കാട് മദ്യ നിർമ്മാണ യൂണിറ്റ്

4074 **ശ്രീ. ഐ. സി. ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് മദ്യ നിർമ്മാണ യൂണിറ്റിനായി ഓരോ ഘട്ടത്തിനും പ്രതിദിനം എത്ര ലിറ്റർ വെള്ളം വേണ്ടിവരുമെന്നാണ് ഒയാസിസ് കമ്പനി സർക്കാരിനെ അറിയിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇത് സംബന്ധിച്ച രേഖകളുടെ പകർപ്പ് ലഭ്യമാക്കാമോ?

## കുട്ടികളിലെ സിന്തറ്റിക് ലഹരി ഉപയോഗം

4075 **ശ്രീ. പി. സി. വിഷ്ണുനാഥ്**
**ശ്രീ. റോജി എം. ജോൺ**
**ശ്രീമതി കെ. കെ. രമ**
**ശ്രീ. സി. ആർ. മഹേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സിന്തറ്റിക് ലഹരിയുടെ വ്യാപനം തടയുന്നതിൽ സർക്കാർ പരാജയപ്പെട്ടെന്ന ആക്ഷേപം ഗൗരവത്തോടെ കാണുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കൊച്ചിയിൽ ലഹരിക്ക് അടിമയായ പന്ത്രണ്ടു വയസ്സുകാരൻ പത്തു വയസ്സുകാരിയായ സഹോദരിക്ക് എം.ഡി.എം.എ ലഹരി നൽകിയതടക്കം കുട്ടികളിലെ ലഹരി ഉപയോഗം സംബന്ധിച്ച സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

## പുതിയ എക്സൈസ് ഓഫീസുകൾ

4076 **ശ്രീ ഇ ചന്ദ്രശേഖരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് എത്ര എക്സൈസ് റേഞ്ച് ഓഫീസുകളാണ് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ബി) കാഞ്ഞങ്ങാട് മണ്ഡലത്തിൽ പുതിയ എക്സൈസ് ഓഫീസുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ?

## കുട്ടികൾ ഉൾപ്പെട്ട ലഹരി കേസുകൾ

4077 **ശ്രീ. മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുട്ടികൾ ഉൾപ്പെട്ട ലഹരി കേസുകൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര

കുട്ടികൾക്കെതിരെ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ലഹരി കടത്തുകാരായി കുട്ടികളെ ഉപയോഗിക്കുന്ന സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കുട്ടികളെ ഇതിനായി ഉപയോഗിക്കുന്ന സംഘങ്ങൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ;

(സി) കുട്ടികൾക്കിടയിലെ ലഹരി ഉപയോഗവും ലഹരി കച്ചവടവും തടയുന്നതിന് പുതിയതായി എന്തെങ്കിലും കർമ്മ പരിപാടികൾ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ ; വ്യക്തമാക്കുമോ?

## വിമുക്തി പദ്ധതി

4078 **ശ്രീ. അൻവർ സാദത്ത്**
**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**
**ശ്രീ. ചാണ്ടി ഉമ്മൻ**
**ശ്രീമതി കെ. കെ. രമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് നഗരത്തിലെ പ്രധാന വിദ്യാലയത്തിൽ പത്താം ക്ലാസിലെ യാത്രയയപ്പിന് ലഹരിപാർട്ടിയടക്കമുള്ള സംഭവങ്ങൾ ഉണ്ടായത് ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) വിമുക്തി പദ്ധതിക്ക് ജില്ലകളിൽ കോ-ഓർഡിനേറ്റർമാർ ഇല്ലാത്ത സാഹചര്യം നിലവിലുണ്ടോ; ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

## സ്റ്റാഫ് പാറ്റേൺ പരിഷ്കരണം

4079 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരം മയക്കുമരുന്നിന്റെ ഹബായി മാറുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയാൻ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടി വ്യക്തമാക്കുമോ;

(ബി) വർദ്ധിച്ചുവരുന്ന ലഹരി ഉപയോഗം തടയുന്നതിന് എക്സൈസ് വകുപ്പിനെ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കുമോ;

(സി) എക്സൈസ് ഇൻസ്പെക്ടർ തസ്തികയിലുള്ള എക്സൈസ് ഇന്റലിജൻസ് ബ്യൂറോയുടെ ജില്ലാ മേധാവിയുടെ തസ്തിക എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ തസ്തികയാക്കി ഉയർത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## കില ഭിന്നശേഷി സൗഹൃദമാക്കാൻ നടപടി

4080 **ശ്രീ. അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പരിശീലനങ്ങൾ കില നൽകുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ബി) കിലയിലും കിലയുടെ കേന്ദ്രങ്ങളിലും ഭിന്നശേഷി വിഭാഗത്തിലുള്ള ജീവനക്കാർ ജോലിചെയ്യുന്നുണ്ടോ; ഈ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാണോയെന്ന്

വ്യക്തമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള പരിശീലനങ്ങൾ നൽകുന്ന കിലയും കിലയുടെ കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമല്ല എന്നുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) കിലയും കിലയുടെ കേന്ദ്രങ്ങളും നാളിതുവരെ ഭിന്നശേഷി സൗഹൃദമാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) കിലയും കിലയുടെ കേന്ദ്രങ്ങളും ഭിന്നശേഷി സൗഹൃദമാക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## മൂന്നാർ ഹിൽ ഏരിയ അതോറിറ്റി

4081 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി ജില്ലയിൽ മൂന്നാർ ഹിൽ ഏരിയ അതോറിറ്റി രൂപീകരിക്കാനിടയായ സാഹചര്യം എന്താണ്; വിശദമാക്കാമോ;

(ബി) പ്രസ്തുത അതോറിറ്റി മൂന്നാർ മേഖലയിൽ എന്തൊക്കെ പ്രവർത്തനങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനായി മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) അതോറിറ്റിയിലെ അംഗങ്ങൾ ആരൊക്കെയാണെന്ന് അറിയിക്കാമോ?

## തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി

4082 **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പ് തൊഴിലാളി ക്ഷേമനിധി നിയമം നിലവിൽ വന്നത് എന്നാണ്; നാളിതുവരെ എത്ര തൊഴിലാളികൾ പ്രസ്തുത ക്ഷേമനിധിയിൽ അംഗത്വം സ്വീകരിച്ചിട്ടുണ്ട്;

(ബി) അംശദായ ഇനത്തിലും മറ്റ് വിഹിതങ്ങളായും എത്ര തുക പിരിച്ചെടുത്തിട്ടുണ്ട്; എത്ര രൂപയുടെ ആനുകൂല്യങ്ങൾ നാളിതുവരെ വിതരണം ചെയ്തിട്ടുണ്ട്; വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ഷേമനിധിയുടെ പ്രവർത്തനങ്ങൾക്ക് നിലവിലെ സർക്കാർ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുക എത്രയാണ്; ചെലവഴിച്ച തുക എത്രയാണ്; വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കുമോ?

## ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം

4083 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിൽ നിലവിൽ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്നും ഓരോ വിഭാഗത്തിലും എത്ര പേർ വീതം ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജിവനക്കാരുടെ ശമ്പള പരിഷ്കരണം ഏറ്റവും ഒടുവിൽ നടന്നത് എപ്പോഴാണ്; ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് കമ്മിറ്റി രൂപീകരിച്ചതെന്നും കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നോയെന്നും അറിയിക്കുമോ;

(സി) കെ-സ്മാർട്ട് പദ്ധതി പഞ്ചായത്തുകളിൽ കൂടി നടപ്പാക്കുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ജോലിഭാരംകൂടി കണക്കിലെടുത്ത് ശമ്പള പരിഷ്കരണത്തിനുള്ള നടപടികൾ സ്വീകരിക്കുമോ?

## <u>കണ്ടിജന്റ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ്</u>

4084 **ശ്രീ. സനീഷ്കുമാർ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് നാളിതുവരെ നടപ്പാക്കിയിട്ടില്ല എന്ന കാര്യം ഗൗരവത്തോടെ കാണുന്നുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയത്തിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കുമോ; സ്പെഷ്യൽ റൂൾസ് തയ്യാറാക്കി നടപ്പാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

## <u>ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ വിശദാംശം</u>

4085 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷനിൽ നിലവിൽ ആകെ എത്ര ജീവനക്കാർ ജോലി ചെയ്യുന്നുവെന്നും ഓരോ വിഭാഗത്തിലും എത്രപേർ വീതം ജോലി ചെയ്യുന്നുവെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ജീവനക്കാരുടെ ശമ്പള പരിഷ്കരണം ഏറ്റവും ഒടുവിൽ നടന്നത് എപ്പോഴാണ്; ജീവനക്കാരുടെ ശമ്പള പരിഷ്കരണത്തിന് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നാണ് രൂപീകരിച്ചത്; പ്രസ്തുത കമ്മിറ്റി റിപ്പോർട്ട് ലഭ്യമാക്കിയിരുന്നോ; വ്യക്തമാക്കുമോ;

(സി) കെ-സ്മാർട്ട് പദ്ധതി പഞ്ചായത്തുകളിൽ കൂടി നടപ്പാക്കുന്ന സാഹചര്യത്തിൽ ജീവനക്കാരുടെ ജോലിഭാരം കണക്കിലെടുത്ത് ശമ്പള പരിഷ്കരണത്തിനുള്ള നടപടി സ്വീകരിക്കുമോ?

## <u>റോഡ് നിർമ്മാണത്തിന്റെ നടപടിക്രമങ്ങൾ</u>

4086 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) LSGD യുടെ കീഴിലുള്ള റോഡ് നിർമ്മാണത്തിന്റെ ഭാഗമായി ഇനിഷ്യൽ ലെവലും ഫൈനൽ ലെവലും ചീഫ് ടെക്നിക്കൽ എക്സാമിനർക്ക് എഴുതി റിപ്പോർട്ട് ചെയ്യുന്ന നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ആധുനിക സാങ്കേതികവിദ്യകൾ ഉപയോഗിച്ച് ഇത്തരം നടപടിക്രമങ്ങൾ വേഗതയിലാക്കുമോ, വിശദമാക്കാമോ?

**<u>തമ്മാനിമറ്റം ഇക്കുപാലം നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ</u>**

4087 **ശ്രീ. പി.വി. ശ്രീനിജിൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിലെ തമ്മാനിമറ്റം ഇക്കുപാലം നിർമ്മാണവുമായി ബന്ധപ്പെട്ട ടെണ്ടർ നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത നിർമ്മാണത്തിലെ സിവിൽ, മെക്കാനിക്കൽ പ്രവൃത്തികളുടെ ടെണ്ടർ നടപടികളുടെ വിശദാംശവും അവയ്ക്ക് ഓരോന്നിനും എത്ര തുക വീതം ചെലവഴിക്കുന്നു എന്നതും വ്യക്തമാക്കാമോ;

(സി) ടെണ്ടർ നടപടികൾ ഉടനടി പൂർത്തീകരിച്ച് നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>പൊതുനിരത്തുകളിൽ ബോർഡുകളും ബാനറുകളും താൽക്കാലികമായി സ്ഥാപിക്കുന്നതിന് അനുമതി</u>**

4088 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുനിരത്തുകളിൽ അനധികൃത ബോർഡുകളും ബാനറുകളും സ്ഥാപിക്കുന്നത് തടയുന്നത് സംബന്ധിച്ച ബഹു. ഹൈക്കോടതി ഉത്തരവിനെ തുടർന്ന് രാഷ്ട്രീയ സാമൂഹ്യ ബഹുജന സാംസ്കാരിക സംഘടനകളുടെ അറിയിപ്പുകൾ, വ്യക്തിഗത ചരമ അറിയിപ്പുകൾ എന്നിവ ഉൾപ്പെടെയുള്ള ബാനറുകൾക്കും ബോർഡുകൾക്കും തദ്ദേശ സ്ഥാപനങ്ങൾ പിഴ ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിരോധനത്തെ തുടർന്ന് ബന്ധപ്പെട്ട വ്യക്തികളും സംഘടനകളും നേരിടുന്ന പ്രയാസങ്ങളും ഈ മേഖലയിലെ സംരംഭകരും തൊഴിലാളികളും നേരിടുന്ന ബുദ്ധിമുട്ടുകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ബഹു. ഹൈക്കോടതി ഉത്തരവിന്റെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ വരുന്ന സ്ഥലങ്ങളിൽ മിതമായ നിരക്കിൽ നിശ്ചിത ഫീസ് ഈടാക്കി പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടാവാത്ത രീതിയിൽ ഇപ്രകാരമുള്ള അറിയിപ്പുകൾ താൽക്കാലികമായി സ്ഥാപിക്കുന്നതിന് അനുമതി നൽകുന്നതിന് നിയമനിർമ്മാണം ഉൾപ്പടെയുള്ള നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

**<u>തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ബജറ്റ് വിഹിതം</u>**

4089 **ശ്രീ. ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 സാമ്പത്തിക വർഷം വിവിധ തദ്ദേശ സ്ഥാപനങ്ങൾക്ക് എത്ര തുക വകയിരുത്തിയിരുന്നുവെന്നും ഇതിൽ എത്ര ഗഡുക്കളായി എത്ര തുക ഏതെല്ലാം ഇനത്തിൽ അനുവദിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(ബി) സാമ്പത്തിക വർഷാവസാനത്തിൽ തുക അനുവദിക്കുന്നത് തദ്ദേശ സ്ഥാപനങ്ങൾക്ക് ചെലവഴിക്കാൻ ബുദ്ധിമുട്ടുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തദ്ദേശ സ്ഥാപനങ്ങൾക്ക് ബജറ്റിൽ വകയിരുത്തിയ തുക വെട്ടിക്കുറയ്ക്കാതെ സമയ ബന്ധിതമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>കെ-സ്മാർട്ട് വഴി തീർപ്പാക്കിയ അപേക്ഷകൾ</u>

4090 **ശ്രീ. പി.പി. സുമോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ടിലൂടെ നാളിതുവരെ ആകെ എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളത്; എത്ര അപേക്ഷകൾ കെ-സ്മാർട്ടിലൂടെ തീർപ്പാക്കിയിട്ടുണ്ട്; വ്യക്തമാക്കാമോ?

## <u>ഉമ്മളത്തൂർ - വെള്ളിപറമ്പ് റോഡ് നിർമ്മാണം</u>

4091 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉമ്മളത്തൂർ-വെള്ളിപറമ്പ് റോഡിന്റെ സ്ഥലമേറ്റെടുപ്പിന്റെ വിശദാംശങ്ങളും പ്രസ്തുത പദ്ധതിക്ക് ഫണ്ട് അനുവദിക്കുന്നതിന് സ്വീകരിച്ച നടപടികളും എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## <u>പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി പയ്യന്നൂർ മണ്ഡലത്തിൽ അനുവദിച്ച തുക</u>

4092 **ശ്രീ. ടി.ഐ.മധുസൂദനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം പയ്യന്നൂർ മണ്ഡലത്തിൽ പി.എം.ജി.എസ്.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര റോഡുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയാണെന്നും വിശദമാക്കാമോ;

(ബി) പി.എം.ജി.എസ്.വൈ. പദ്ധതിയിൽ കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും എത്ര ശതമാനം വീതമാണെന്ന് വ്യക്തമാക്കാമോ;

(സി) അഞ്ച് വർഷത്തെ മെയിന്റനൻസിനായി സംസ്ഥാന ഗവൺമെന്റ് നീക്കിവെക്കുന്ന തുക എത്രയാണെന്ന് അറിയിക്കാമോ?

## <u>27.10.2022-ന് ശേഷം നിയമനം ലഭിച്ച ഉദ്യോഗസ്ഥന്റെ സീനിയോറിറ്റി</u>

4093 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി

നൽകുമോ:

(എ) 27.10.2022-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ 74/2022/തസ്വഭവ ഗസറ്റിലെ തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ റൂൾ 12(4) ക്ലോസ് വിശദമാക്കാമോ;

(ബി) പ്രസ്തുത ക്ലോസ് പ്രകാരം 27.10.2022-ന് ശേഷം പി.എസ്.സി. അഡ്വൈസ് പ്രകാരം നിയമനം ലഭിച്ച ജീവനക്കാരനെ വേക്കൻസി മുൻപ് തന്നെ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന കാരണത്താൽ പഴയ വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്താൻ സാധിക്കുമോ; സാധിക്കുമെങ്കിൽ കാരണം വിശദമാക്കാമോ?

## വാതിൽപ്പടി സേവനം

4094 **ശ്രീ ജി സ്റ്റീഫൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ വാതിൽപ്പടി സേവനം നടപ്പിലാക്കിവരുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് അറിയിക്കുമോ; പ്രസ്തുത സേവനം എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ?

## ലൈഫ് ഭവന പദ്ധതിയിലെ കൈവശ ഭൂമിയുടെ പരിധി

4095 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിൽ വീട് നിർമ്മാണത്തിന് അർഹത ലഭിക്കുന്നതിന് കൈവശ ഭൂമിയുടെ പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ ആയത് ഗ്രാമപഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ പരിധിയിലുള്ള താമസക്കാർക്ക് എത്ര സെന്റ് വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതുതായി രൂപീകരിക്കപ്പെട്ടതും ഗ്രാമീണ സ്വഭാവമുള്ളതുമായ നഗരസഭകളിൽ അഞ്ച് സെന്റിൽ അൽപം മാത്രം കൂടുതലുള്ള ഭൂമി കൈവശമുണ്ട് എന്നതിന്റെ പേരിൽ ഭവന നിർമ്മാണ ധനസഹായം നിഷേധിക്കപ്പെട്ട ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് വീടിനുള്ള സഹായം ലഭ്യമാക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദമാക്കാമോ?

## സേവനാവകാശ നിയമ പ്രകാരമുള്ള സമയക്രമം പാലിക്കാൻ നടപടി

4096 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-സ്മാർട്ട് വന്നതിന് ശേഷം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സേവനാവകാശ നിയമ പ്രകാരമുള്ള സമയ നിബന്ധന പാലിച്ച് സേവനങ്ങൾ നൽകുന്നതിന് പ്രയാസം നേരിടുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) സേവനാവകാശ നിയമ പ്രകാരമുള്ള സമയക്രമം പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിന് പ്രത്യേക സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്ത് സംവിധാനമാണ് നിലവിലുള്ളത്; വിശദമാക്കാമോ?

## കോങ്ങാട് മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രവൃത്തികളുടെ പുരോഗതി

4097 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 സാമ്പത്തിക വർഷത്തെ ബജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ അനുവദിച്ചിട്ടുള്ളതും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതുമായ കോങ്ങാട് മണ്ഡലത്തിലെ പ്രവൃത്തികളുടെ പുരോഗതി അറിയിക്കാമോ?

**<u>തിരുവമ്പാടി മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. പ്രൊപ്പോസലുകൾ</u>**

4098 **ശ്രീ. ലിന്റോ ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ നവീകരണത്തിനായി തിരുവമ്പാടി മണ്ഡലത്തിൽ നിന്നും സമർപ്പിക്കപ്പെട്ട പി.എം.ജി.എസ്.വൈ. പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വിശദമാക്കുമോ?

**<u>വർക്കല മണ്ഡലത്തിലെ എൽ.എസ്.ജി.ഡി. പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക</u>**

4099 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-2022, 2022-2023, 2023-2024 വർഷങ്ങളിൽ വർക്കല മണ്ഡലത്തിൽ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തിയതും എൽ.എസ്.ജി.ഡി. നിർവ്വഹണ ഏജൻസിയായിട്ടുള്ളതുമായ പ്രവൃത്തികളുടെ ടെണ്ടർ സേവിംഗ്സ് തുക എത്രയെന്ന് വിശദമാക്കാമോ?

**<u>പഞ്ചായത്തിന്റെ ലൈസൻസ് നൽകൽ ചട്ടങ്ങളിൽ സമഗ്ര മാറ്റത്തിന്റെ ആവശ്യകത</u>**

4100 **ശ്രീ. ഇ കെ വിജയൻ**
**ശ്രീ ജി എസ് ജയലാൽ**
**ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ**
**ശ്രീ. പി. ബാലചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം വിഭാവനം ചെയ്യുന്ന സംരംഭക വികസന പരിപാടികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിലവിലുള്ള കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾ, വ്യാപാര സ്ഥാപനങ്ങൾ, സംരംഭക പ്രവർത്തനങ്ങൾ, മറ്റ് സേവനങ്ങൾ എന്നിവയ്ക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്രമാറ്റം നടപ്പാക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പുതിയ വൻകിട വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് പഞ്ചായത്തിന്റെ ലൈസൻസ് വേണമെന്ന നിലവിലുള്ള ചട്ടം ഇളവ് ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ വൈറ്റ്, ഗ്രീൻ കാറ്റഗറിയിലുൾപ്പെടുന്ന സംരംഭങ്ങൾക്ക് വീടുകളിലുൾപ്പെടെ പ്രവർത്തിക്കാൻ ലൈസൻസ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) നിലവിലെ ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം പല പുതിയകാല സംരംഭങ്ങൾക്കും ലൈസൻസ് നൽകാൻ സാധിക്കാത്ത സ്ഥിതിയുണ്ടോ; നിയമവിധേയമായ ഏത് സംരംഭത്തിനും പഞ്ചായത്തുകളിൽ നിന്ന് അനായാസം ലൈസൻസ് ലഭിക്കുന്നതിന് വ്യവസ്ഥകൾ കൊണ്ടുവരുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

## കെ-സ്മാർട്ടിലൂടെ തീർപ്പാക്കിയിട്ടുള്ള അപേക്ഷകൾ

4101 **ശ്രീ. ടി. പി .രാമകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ നടപ്പിലാക്കിയ കെ-സ്മാർട്ടിലൂടെ എത്ര അപേക്ഷകൾ തീർപ്പാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ത്രിതല പഞ്ചായത്തുകളിലും കെ-സ്മാർട്ട് നടപ്പിലാക്കുമോ; വിശദമാക്കാമോ?

## തസ്തികമാറ്റം വഴി നിയമിതരായ ജീവനക്കാരുടെ സീനിയോറിറ്റി

4102 **ഡോ. സുജിത് വിജയൻപിള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 27.10.2022 ലെ സർക്കാർ ഉത്തരവ് നം.(പി)74/2022/എൽ.എസ്.ജി.ഡി. ഗസറ്റിലെ എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾ 3 പ്രകാരം 27.10.2022-ന് ശേഷം സർവ്വീസിൽ പ്രവേശിച്ച ജീവനക്കാരുടെ ഇന്റർ സീനിയോറിറ്റി ലിസ്റ്റ് പ്രത്യേകം തയ്യാറാക്കിയിട്ടുണ്ടോ; നിലവിൽ ഏതെങ്കിലും തസ്തികയുടെ ഇന്റർ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ; പ്രസ്തുത ക്ലോസിലെ Appointment by different methods എന്നതിലെ Different methods എന്നതുകൊണ്ടുദ്ദേശിക്കുന്നത് എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ഇന്റഗ്രേഷന് മുമ്പുണ്ടായിരുന്ന വകുപ്പിലെ ജീവനക്കാരൻ താഴ്ന്ന തസ്തികയിൽ നിന്നും തസ്തികമാറ്റം വഴി ഉയർന്ന തസ്തികയിലേക്ക് മാറിയാൽ ഇന്റഗ്രേഷന് ശേഷമുള്ള നിയമനമായി കണക്കാക്കി, എൽ.എസ്.ജി.ഡി. സ്പെഷ്യൽ റൂൾ 3 പ്രകാരം ഇന്റർ സീനിയോറിറ്റിയിൽ ഉൾപ്പെടുത്തിയാണോ സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) ഇന്റഗ്രേഷന് ശേഷം തസ്തികമാറ്റം വഴി ഒരു തസ്തികയിൽ നിന്നും മറ്റ് തസ്തികയിലേയ്ക്ക് നിയമിതരായ ജീവനക്കാരെ നിലവിലെ പഴയ വകുപ്പിലെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ?

## പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കാൻ നടപടി

4103 **ശ്രീ. മോൻസ് ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവീസിൽ ജോലി നോക്കിയിരുന്നതും തദ്ദേശ സ്വയംഭരണ വകുപ്പ് പൊതു സർവീസിന്റെ ഭാഗമായി തനതു ഫണ്ട് ഇല്ലാത്ത സ്ഥാപനങ്ങളിൽ (പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപറേഷൻ ഒഴികെയുള്ള) സ്ഥലം മാറ്റം ലഭിച്ച്

അവിടെ നിന്നും വിരമിച്ചവർക്ക് പത്തു മാസത്തിലേറെ കഴിഞ്ഞിട്ടും പെൻഷനോ പെൻഷൻ ആനുകൂല്യങ്ങളോ ലഭിക്കാത്ത അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരക്കാരുടെ പെൻഷൻ വിഹിതം ഒടുക്കുന്നതിനായി ക്രോസ്സ് മാപ്പിങ് വഴി ശീർഷകം അനുവദിച്ച് ബജറ്റിൽ നടപ്പുവർഷം ആവശ്യമായ തുക വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ധനകാര്യ(പെൻഷൻ-ബി) വകുപ്പിന്റെ 25/02/2025-ലെ പെൻ-ബി 1/21/2025-ധന(ഇ -3055559) നമ്പർ കത്തിൽ പരാമർശിച്ചിട്ടുള്ള പ്രകാരം 18/05/2023-ൽ നടന്ന യോഗ തീരുമാനത്തിനനുസരിച്ച് നൽകിയ നിർദ്ദേശം അടങ്ങിയ കത്തിന്റെ നമ്പർ, തീയതി എന്നിവ അറിയിക്കാമോ;

(സി) മുനിസിപ്പൽ കോമൺ സർവീസിൽ നിന്നും തനതുഫണ്ട് ഇല്ലാത്ത വകുപ്പുകളിലേക്ക് സ്ഥലംമാറ്റം ലഭിക്കുന്ന ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ, നിർദ്ദേശപ്രകാരം മുനിസിപ്പൽ പെൻഷൻ ഫണ്ടിൽ അടയ്ക്കാനായി ഏത് ബജറ്റ് ഹെഡിൽ നിന്നാണ് തുക പിൻവലിക്കേണ്ടതെന്ന് അറിയിക്കാമോ?

## കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനുള്ള നടപടി

4104 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുന്നതിനുള്ള സർക്കാർ ഉത്തരവ് നടപ്പിലാക്കിയോ എന്ന് വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ റെഗുലറൈസ് ചെയ്യുന്നതിനായി ലഭിച്ച അപേക്ഷകളിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

## ഹരിതകർമ്മസേന വീടുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ

4105 **ശ്രീ എം നൗഷാദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിതകർമ്മസേന വീടുകളിൽ നിന്ന് ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ റോഡിന്റെ വശങ്ങളിലാണ് നിലവിൽ സൂക്ഷിക്കുന്നതെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ ശേഖരിക്കുന്ന മാലിന്യങ്ങൾ വഴിയാത്രക്കാർക്ക് ബുദ്ധിമുട്ടുണ്ടാക്കാതെ സുരക്ഷിതമായി വയ്ക്കുന്നതിനുള്ള സൗകര്യങ്ങൾ ലഭ്യമാക്കാൻ നിർദ്ദേശം നൽകുമോയെന്ന് അറിയിക്കുമോ?

## കണ്ടിജന്റ് ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ്

4106 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കണ്ടിജൻറ് ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(ബി) സ്പെഷ്യൽ റൂൾസ് തയ്യാറാക്കാത്തത് മൂലം പ്രസ്തുത വിഭാഗം ജീവനക്കാരുടെ സ്ഥാനക്കയറ്റം, തസ്തികമാറ്റം എന്നിവ നടപ്പാക്കുന്നതിന് തടസ്സങ്ങൾ

നേരിടുന്നുണ്ടോ; മറ്റ് വകുപ്പുകളിൽ കണ്ടിജന്റ് വിഭാഗം ജീവനക്കാർക്ക് സ്ഥാനക്കയറ്റത്തിന് നൽകുന്ന പത്ത് ശതമാനം സംവരണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് നൽകാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ കണ്ടിജന്റ് ജീവനക്കാർക്ക് സ്പെഷ്യൽ റൂൾസ് തയ്യാറാക്കുന്ന നടപടികൾ വേഗത്തിൽ പൂർത്തിയാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

## ഹോംസ്റ്റേകൾക്ക് ലൈസൻസ് അനുവദിക്കാൻ നടപടി

4107 **ശ്രീ. ടി. ജെ. വിനോദ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോംസ്റ്റേകൾ നടത്തുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് ലഭിക്കുന്നതിന് ഐ.എൽ.ജി.എം.എസ്. പോർട്ടലിൽ സർവീസ്ഡ് വില്ല എന്ന വാക്ക് ഇല്ലാത്തതിനാൽ അനുമതി നൽകാൻ സാധിക്കുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കേരള ഹോംസ്റ്റേ ആൻഡ് ടൂറിസം സൊസൈറ്റിയുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; പ്രസ്തുത അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ഇക്കാര്യത്തിൽ ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട മീറ്റിങ്ങുകൾ നടന്നിട്ടുണ്ടോയെന്ന് അറിയിക്കുമോ; വിശദാംശം നൽകുമോ;

(ഡി) ഹോംസ്റ്റേകൾക്ക് ലൈസൻസ് ലഭ്യമാകുന്ന രീതിയിൽ ഐ.എൽ.ജി.എം.എസ്. പോർട്ടലിൽ സർവീസ്ഡ് വില്ല എന്ന വാക്ക് കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## നടുവണ്ണൂരിലെ ലൈഫ് ഫ്ലാറ്റ് സമുച്ചയ നിർമ്മാണം

4108 **ശ്രീ. കെ. എം. സച്ചിൻദേവ്** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നടുവണ്ണൂരിൽ നിർമ്മിക്കുന്ന ലൈഫ് ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണം എന്നത്തേക്ക് പുനരാരംഭിക്കാനാവുമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഫ്ലാറ്റ് സമുച്ചയത്തിന്റെ നിർമ്മാണത്തിനായി നിലവിൽ എത്ര കോടി രൂപയാണ് അധികമായി നിർമ്മാണ ഏജൻസി ആവശ്യപ്പെട്ടിട്ടുള്ളത്; പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട ഫയൽ നിലവിൽ എവിടെയാണുള്ളത്; വിശദമാക്കാമോ?

## അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ തസ്തികകളിലെ ഒഴിവുകൾ

4109 **ശ്രീ. പി. മമ്മിക്കുട്ടി** : താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിലെ ചെർപ്പുളശ്ശേരി, ഷൊർണ്ണൂർ മുനിസിപ്പാലിറ്റികളിലും മറ്റ് പഞ്ചായത്തുകളിലുമായി അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസീയർ എന്നീ

തസ്തികകളിൽ സ്ഥിരം ജീവനക്കാരുടെ എത്ര ഒഴിവുകളുണ്ടെന്ന വിശദാംശം മുനിസിപ്പാലിറ്റി, പഞ്ചായത്ത് എന്നിവ തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകളിൽ സ്ഥിരം ജീവനക്കാരെ എന്നത്തേക്ക് നിയമിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

## കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണം

4110 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.യുടെ 2016-17 വർഷത്തെ ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയ കണ്ടാണശ്ശേരി പഞ്ചായത്ത് ഓഫീസ് കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ പുതുക്കിയ ഭരണാനുമതിക്കായി തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയർക്ക് റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## കെട്ടിടങ്ങൾക്കുമുൻപിലെ താല്കാലിക നിർമ്മാണങ്ങൾ

4111 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും മുൻപിൽ താൽക്കാലിക ഷീറ്റിടുന്നത് പ്രത്യേക നിർമ്മിതിയായി കണക്കാക്കാതിരിക്കുന്നതിന് സ്വീകരിച്ച നടപടി വിശദമാക്കാമോ; ഇതു സംബന്ധിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ?

## നെന്മാറ മണ്ഡലത്തിലെ ഗ്രാമീണ റോഡ് പ്രവൃത്തികൾ

4112 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലേക്ക് അനുവദിച്ച ഗ്രാമീണ റോഡുകളുടെ പ്രവൃത്തികൾ അടിയന്തരമായി തുടങ്ങുന്നതിന് എന്തെല്ലാം നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കാനാണ് നിർദ്ദേശം നല്കിയിട്ടുള്ളതെന്ന് വിശദമാക്കുമോ?

## നെന്മാറ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പദ്ധതികൾ

4113 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കേണ്ട നെന്മാറ മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമ പഞ്ചായത്തിലെ വട്ടേക്കാട്-പനങ്ങാട്ടിരി റോഡ്, കരിങ്കുളം-പാറശ്ശേരി റോഡ്,

കൊടുവായൂർ ഗ്രാമപഞ്ചായത്തിലെ കൃഷി ഭവൻ കെട്ടിടം, പല്ലശ്ശന ഗ്രാമ പഞ്ചായത്തിലെ പല്ലാവൂർത്രയം സാംസ്കാരിക കേന്ദ്രം എന്നീ പദ്ധതികൾ നാളിതുവരെ തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കുമെന്ന് അറിയിക്കുമോ?

## നാവായിക്കുളം ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം

4114 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നാവായിക്കുളം ഗവൺമെന്റ് ഹൈസ്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുവേണ്ടി നിലവിലെ കെട്ടിടം പൊളിച്ച് മാറ്റുന്നതിന് 08.08.2019-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നം. 104/2019/തസ്വഭവ.- ന്റെ അടിസ്ഥാനത്തിൽ അനുമതി നല്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## എം.എസ്.എം.ഇ.കളുടെ ലിസ്റ്റ്

4115 **ശ്രീ. അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 , 2022 , 2023, 2024 കാലയളവിൽ സംസ്ഥാനത്ത് ആരംഭിച്ച എം.എസ്.എം.ഇ.കളുടെ ലിസ്റ്റ് തദ്ദേശ സ്വയംഭരണ വകുപ്പിൽ ലഭ്യമാണോ; എങ്കിൽ എം.എസ്.എം.ഇ.കളുടെ പേര്, വിലാസം, തുടങ്ങിയ തീയതി എന്നീ വിവരങ്ങൾ അടങ്ങുന്ന ലിസ്റ്റ് നൽകാമോ?

## ഡി.വൈ.എസ്.പി., എസ്.പി ഓഫീസുകളിൽ കുടുംബശ്രീ എക്സ്റ്റൻഷൻ സെന്ററുകൾ

4116 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിക്രമങ്ങൾക്ക് ഇരയാകുന്നവർക്ക് തുണയായി സംസ്ഥാനത്തെ എല്ലാ ഡി.വൈ.എസ്.പി., എസ്.പി. ഓഫീസുകളിലും കുടുംബശ്രീ എക്സ്റ്റൻഷൻ സെന്ററുകൾ ആരംഭിക്കുന്നതിന് തീരുമാനമായിട്ടുണ്ടോ; എങ്കിൽ അതിന്റെ പ്രവർത്തന രീതി വിശദമാക്കാമോ;

(ബി) പ്രസ്തുത സെന്ററുകളിൽ നിയമിക്കുന്ന ജീവനക്കാരുടെ തസ്തികകളും അതിനുള്ള യോഗ്യതകളും നിയമന രീതിയും ശമ്പളവും വിശദമാക്കാമോ?

## വളാഞ്ചേരി സബ് ട്രഷറി കെട്ടിട നിർമ്മാണം

4117 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ മണ്ഡലത്തിലെ വളാഞ്ചേരി സബ് ട്രഷറി കെട്ടിട നിർമ്മാണത്തിനായി ഗ്രാമ വികസന വകുപ്പിന്റെ കൈവശമുള്ള കുറ്റിപ്പുറം ബ്ളോക്ക് പഞ്ചായത്ത് കോമ്പൗണ്ടിൽ ഉൾപ്പെട്ട ഭൂമി ലഭ്യമാക്കണമെന്ന വിഷയത്തിന്മേൽ തദ്ദേശ സ്വയംഭരണ വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച ആർസി3/1564/2019 നമ്പർ ഫയലിൽ ഗ്രാമ വികസന കമ്മീഷണറേറ്റ് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

**<u>ദേവികുളം മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി</u>**

4118 **ശ്രീ. എ. രാജ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2024-25 വർഷത്തെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ദേവികുളം മണ്ഡലത്തിൽ അനുവദിച്ച ഗ്രാമീണ റോഡ് പ്രവൃത്തികളുടെ വിശദാംശം പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ;

(ബി) പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണ പ്രവർത്തനവുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ച തുടർ നടപടികൾ എന്തൊക്കെയെന്ന് പഞ്ചായത്ത് തിരിച്ച് വിശദമാക്കാമോ?

**<u>ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊമോഷൻ</u>**

4119 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ എത്ര തസ്തികകളാണ് സംസ്ഥാനത്ത് ആകെ ഉള്ളതെന്നും നിലവിൽ എത്ര ഒഴിവുകളുണ്ടെന്നും വകുപ്പ് സംയോജനത്തിലൂടെ ഇതരവകുപ്പുകളിൽ നിന്നും നിയമിച്ച എത്ര പേർ നിലവിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരായി ജോലി ചെയ്യുന്നുണ്ടെന്നും അറിയിക്കാമോ;

(ബി) നേരിട്ടുള്ള നിയമനത്തിലൂടെ പ്രവേശിച്ച എത്ര പേരാണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി/സീനിയർ സൂപ്രണ്ട്/സമാന തസ്തികകളിൽ ജോലി ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഗ്രാമപഞ്ചായത്ത് സെക്രട്ടറി തസ്തികയിലേക്കുള്ള നിയമനത്തിന് പബ്ലിക് സർവീസ് കമ്മീഷൻ ഇന്റർവ്യൂ നടത്തി ലിസ്റ്റ് പബ്ലിഷ് ചെയ്യാതിരുന്നിട്ടും 59 ഒഴിവുകൾ നികത്താതെ നേരിട്ടുള്ള നിയമനത്തിനായി ഒഴിച്ചിട്ടിരിക്കുന്നതിന്റെ കാരണമെന്താണെന്ന് വിശദമാക്കാമോ;

(ഡി) നിലവിലുള്ള ഒഴിവുകൾ സ്ഥാനക്കയറ്റത്തിലൂടെ നികത്തണമെന്ന് ഏതൊക്കെ സർവീസ് സംഘടനകളാണ് ആവശ്യപ്പെട്ടിട്ടുള്ളതെന്നും അതിന്മേൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങളും അപേക്ഷയുടെ പകർപ്പ് സഹിതം ലഭ്യമാക്കാമോ;

(ഇ) പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്തതിനാൽ സെക്രട്ടറി തസ്തിക സ്ഥാനക്കയറ്റത്തിലൂടെ നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ;

(എഫ്) ഏതെങ്കിലും ഉദ്യോഗസ്ഥന്റെ ഇടപെടൽ ഇക്കാര്യത്തിലുണ്ടെന്ന് ആക്ഷേപം ഉയർന്നിട്ടുണ്ടോ; എങ്കിൽ ആയത് പരിശോധിച്ച് പഞ്ചായത്ത് സെക്രട്ടറിമാരുടെ പ്രൊമോഷൻ നടപടികൾ വേഗത്തിലാക്കാൻ തുടർനടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

**<u>വടക്കാഞ്ചേരി മണ്ഡലത്തിലെ തദ്ദേശ റോഡ് നവീകരണം</u>**

4120 **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് നവീകരണത്തിനായി വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്നും 2024-25 വർഷം ഏതെല്ലാം പ്രവൃത്തികളാണ് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടോയെന്നും ഓരോ പ്രവൃത്തിക്കും എത്ര തുക വീതമാണ് അനുവദിച്ചിട്ടുള്ളതെന്നും അറിയിക്കുമോ;

(സി) ഗ്രാമീണ റോഡുകളുടെ പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>കേരള റിയൽ എസ്റ്റേറ്റ് അപ്പലെറ്റ് ട്രൈബ്യൂണലിന്റെ ജുഡീഷ്യൽ മെമ്പർ നിയമനം</u>

4121 **ശ്രീ. ചാണ്ടി ഉമ്മൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള റിയൽ എസ്റ്റേറ്റ് അപ്പലേറ്റ് ട്രൈബ്യൂണലിന്റെ ജുഡീഷ്യൽ മെമ്പർ തസ്തികയിൽ നിലവിൽ ഒഴിവുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ തസ്തികയിലേക്കുള്ള നിയമനത്തിനായി ഉദ്യോഗാർത്ഥികളുടെ ലിസ്റ്റ് ഹൈക്കോടതിയിൽ നിന്ന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; നിയമന നടപടികൾ വൈകിയെങ്കിൽ അതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) ദ റിയൽ എസ്റ്റേറ്റ് (റെഗുലേഷൻ ആൻഡ് ഡവലപ്മെന്റ്) ആക്ട് പ്രകാരം കേരള റിയൽ എസ്റ്റേറ്റ് അപ്പലെറ്റ് ട്രൈബ്യൂണലിന്റെ ജുഡീഷ്യൽ മെമ്പർ ആകുന്നതിന് നിഷ്കർഷിച്ചിട്ടുള്ള യോഗ്യതകൾ എന്തെല്ലാമാണ്; ഇത് സർക്കാർ ഭേദഗതി ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിനാധാരമായ സാഹചര്യം അറിയിക്കാമോ; ഭേദഗതി ചെയ്ത ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

## <u>പത്തിരിപ്പാല സ്കൂൾ കെട്ടിട നിർമ്മാണം</u>

4122 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതും 2023-24 വർഷത്തെ ബജറ്റിൽ അനുവദിച്ചതുമായ പത്തിരിപ്പാല സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം അറിയിക്കാമോ?

## <u>ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം</u>

4123 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏകീകൃത തദ്ദേശ സ്വയംഭരണ വകുപ്പിൽ ഉൾപ്പെടുന്ന മുഴുവൻ ജീവനക്കാർക്കും സ്പാർക്ക് അധിഷ്ഠിത പ്ലാറ്റ്ഫോം, ഏകീകൃത പി.എഫ്. എന്നിവ

നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട ഇ.ആർ.എ.3/84/22 എന്ന ഫയലിന്മേൽ പരിശോധന പൂർത്തീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ;

(ബി) ജീവനക്കാരുടെ സ്പാർക്ക്, ജി-സ്പാർക്ക് ഡേറ്റയുടെ ഇന്റർ ട്രാൻസ്ഫറബിലിറ്റി സംബന്ധിച്ച നിർദ്ദേശങ്ങളിൽ അഭിപ്രായം ലഭ്യമാക്കുവാൻ ധനവകുപ്പ് ആവശ്യപ്പെട്ട പ്രകാരമുള്ള റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ; ലഭിച്ചിട്ടില്ലെങ്കിൽ ആയതിന്റെ വിശദീകരണം നൽകാമോ;

(സി) പ്രസ്തുത വിഷയത്തിൽ അടിയന്തിര പരിഹാരം കാണാൻ ധനവകുപ്പുമായി യോജിച്ച് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

## ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതി

4124 **ശ്രീ. ടി. സിദ്ദിഖ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ സമ്പൂർണ്ണ ഭവന പദ്ധതിക്കായുള്ള 4515-00-102-49 നമ്പർ ബജറ്റ് ശീർഷകത്തിലേക്ക് 2021-22 സാമ്പത്തിക വർഷം മുതൽ നാളിതുവരെ ഓരോ സാമ്പത്തിക വർഷവും വകയിരുത്തിയ തുകയും അനുവദിച്ച തുകയും ചെലവഴിച്ച തുകയും വകയിരുത്തിയതിന്റെ എത്ര ശതമാനം ചെലവഴിച്ചു എന്നതും സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വ്യക്തമാക്കുമോ?

## തദ്ദേശ സ്വയംഭരണ വകുപ്പ് നിയമിച്ച ഇന്റേൺസിന്റെ വേതനം

4125 **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തുടങ്ങിയ സംരംഭങ്ങളുടെ കണക്ക് തിട്ടപ്പെടുത്താൻ തദ്ദേശ സ്വയംഭരണ വകുപ്പ് ഇന്റേൺസിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ ഇവർക്ക് നൽകുന്ന വേതനം എത്രയാണെന്ന് വ്യക്തമാക്കാമോ?

## കോഴിക്കോട് സൗത്ത് മണ്ഡലത്തിലെ കുടുംബശ്രീ സംരംഭങ്ങൾ

4126 **ശ്രീ. അഹമ്മദ് ദേവർകോവിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കോഴിക്കോട് സൗത്ത് മണ്ഡലത്തിൽ കുടുംബശ്രീ ജില്ലാ മിഷന് കീഴിൽ എത്ര സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; ഓരോ സംരംഭത്തിനും നൽകിയ തുക വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സംരംഭങ്ങളുടെ ഏതെങ്കിലും ഉല്പന്നം ബ്രാൻഡ് ചെയ്തിട്ടുണ്ടോ; വിശദമാക്കാമോ;

(സി) മണ്ഡലത്തിൽ ഇക്കാലയളവിൽ കുടുംബശ്രീ ജില്ലാ മിഷന്റെ കീഴിൽ എത്ര പേർക്ക് വിവിധ നൈപുണ്യ പരിശീലനങ്ങൾ നൽകിയെന്ന് വിശദമാക്കാമോ?

## അജൈവ മാലിന്യ ശേഖരണ സംവിധാനം

4127 **ശ്രീ. യു. എ. ലത്തീഫ്**
**ശ്രീ. എ. കെ. എം. അഷ്റഫ്**
**ശ്രീ. പി. ഉബൈദുള്ള**
**ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വലുതും ചെറുതുമായി എത്ര മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വെളിപ്പെടുത്തുമോ;

(ബി) സംസ്ഥാനത്ത് പ്രതിദിനം ഉല്പാദിപ്പിക്കപ്പെടുന്ന അജൈവ മാലിന്യങ്ങളുടെ വിശദാംശം അറിയിക്കുമോ; ഇത്രയും മാലിന്യം ശേഖരിക്കാൻ നിലവിലുള്ള സംവിധാനം എന്താണെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത സംവിധാനത്തിൽ എന്തെങ്കിലും പോരായ്മകൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ആയത് സംബന്ധിച്ച് പഠനം നടത്തുമോ;

(ഡി) പ്രസ്തുത പഠനത്തിൽ പര്യാപ്തമല്ലെന്ന് കണ്ടെത്തുന്നപക്ഷം അത് പരിഹരിക്കാൻ സത്വര നടപടി സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ?

## പാറശാല മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രവൃത്തികൾ

4128 **ശ്രീ സി കെ ഹരീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിൽ 2021 ഏപ്രിൽ മാസത്തിന് ശേഷം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ പൂർത്തീകരിച്ച പ്രവൃത്തികളുടെ ഫണ്ടിനം, ഭരണാനുമതി തുക, എസ്റ്റിമേറ്റ് തുക, ചെലവഴിച്ച തുക എന്നിവ ഉൾപ്പെടെയുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) മണ്ഡലത്തിൽ 2016 മെയ് മാസം മുതൽ 2025 മാർച്ച് മാസം വരെ എം.എൽ.എ. എ.ഡി.എഫ്., എസ്.ഡി.എഫ്. എന്നിവ മുഖേന അനുമതി ലഭ്യമായ പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാത്തതും നടപ്പിലാക്കാത്തതുമായ പ്രവൃത്തികൾ ഏതൊക്കെയാണ്; ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

## അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി

4129 **ശ്രീ എം രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര പേർ തൊഴിൽ എടുക്കുന്നുണ്ടെന്നും ഇവർക്ക് ശരാശരി എത്ര തൊഴിൽ ദിനങ്ങൾ ലഭിക്കുന്നുണ്ടെന്നും അറിയിക്കാമോ?

## തൊഴിലുറപ്പ് തൊഴിലാളികളുടെ വേതനം

4130 **ശ്രീ. നജീബ് കാന്തപുരം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തൊഴിലുറപ്പ് തൊഴിലാളികളുടെ വേതന വിതരണം മുടങ്ങിയിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ വേതനമാണ് മുടങ്ങിയിട്ടുള്ളതെന്നും

വേതനം മുടങ്ങാനുള്ള കാരണം എന്താണെന്നും വിശദമാക്കുമോ;

(ബി) മുടങ്ങിയ വേതനം എപ്പോൾ വിതരണം ചെയ്യുമെന്ന് അറിയിക്കുമോ?

**കോന്തുരുത്തിപ്പുഴയുടെ കരകളിൽ താമസിച്ചിരുന്നവരുടെ പുനരധിവാസ പദ്ധതി**

4131 **ശ്രീ. ടി. ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മണ്ഡലത്തിലെ കോന്തുരുത്തിപ്പുഴയുടെ കരകളിലും മറ്റുമായി വർഷങ്ങളായി താമസിച്ചിരുന്നവരുടെ പുനരധിവാസം സംബന്ധിച്ച നടപടിക്രമങ്ങൾ ഏതുവരെയായെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഹൈക്കോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളെ സംബന്ധിച്ച വിവരം വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

**തദ്ദേശ സ്വയംഭരണ വകുപ്പിലെ ഒഴിവുകൾ**

4132 **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിൽ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള വിവിധ തസ്തികകളിൽ ഒഴിവുകൾ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സാങ്കേതിക വിഭാഗം ജീവനക്കാരുടെ എൻ.ജെ.ഡി. ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിൽ കാലതാമസം നേരിടുന്നുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ പ്രത്യേക ക്രമീകരണം ഏർപ്പെടുത്തുമോ; വിശദമാക്കാമോ?

**തദ്ദേശ സ്വയംഭരണ വകുപ്പിൽ പൊതുസ്ഥലംമാറ്റത്തിന് മിശ്രവിവാഹിതർക്കുള്ള ഇളവുകൾ**

4133 **ശ്രീമതി ദെലീമ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിലെ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷയിൽ മിശ്രവിവാഹിതർക്ക് എന്തൊക്കെ ഇളവുകൾ ഉണ്ടെന്ന് വിശദമാക്കാമോ;

(ബി) മിശ്രവിവാഹിതരായ തദ്ദേശ സ്വയംഭരണ വകുപ്പിലെ ജീവനക്കാർക്ക് ഒരേ ഓഫീസിൽ എത്ര വർഷം വരെ തുടരാനാകും എന്ന് വ്യക്തമാക്കാമോ?

**തിരൂർ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിച്ച തുക**

4134 **ശ്രീ. കുറുക്കോളി മൊയ്തീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരൂർ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് 2024-25 സാമ്പത്തിക വർഷം വിവിധ പദ്ധതികൾക്കായി അനുവദിച്ച തുക സംബന്ധിച്ച വിവരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ;

(ബി) 2024-25 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങൾക്ക് വിവിധ പദ്ധതികൾക്കായി അനുവദിച്ചിട്ടുള്ള തുകയിൽ ഇനി ചെലവഴിക്കാൻ ബാക്കിയുണ്ടോയെന്നും,

അനുവദിച്ചിട്ടുള്ള തുകയിൽ ഇനി എത്ര തുക ബാക്കി നൽകാനുണ്ടെന്നും അറിയിക്കുമോ;

(സി) 2025-26 സാമ്പത്തിക വർഷം മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നീക്കി വയ്ക്കപ്പെട്ടിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കുമോ?

**കോങ്ങാട് മണ്ഡലത്തിലെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി**

4135 **ശ്രീമതി ശാന്തകുമാരി കെ. :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 20.01.2025 ലെ സ.ഉ.(കൈ) നം. 14/25/എൽ.എസ്.ജി.ഡി. പ്രകാരം കോങ്ങാട് മണ്ഡലത്തിൽ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളുടെ പുരോഗതി സംബന്ധിച്ച വിവരം ലഭ്യമാക്കാമോ?

**വർക്കല മണ്ഡലത്തിലെ ഗ്രാമീണ റോഡ് പുനരുദ്ധാരണ പ്രവൃത്തികൾ**

4136 **ശ്രീ വി ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണത്തിനായി വർക്കല മണ്ഡലത്തിൽ അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

**തളിപ്പറമ്പ് മണ്ഡലത്തിലെ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ**

4137 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തളിപ്പറമ്പ് മണ്ഡലത്തിലെ ഭരണാനുമതി ലഭ്യമായ ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തികൾ ആരംഭിക്കുന്നതിനായി ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തികളുടെ പഞ്ചായത്ത്/നഗരസഭ അടിസ്ഥാനത്തിലുള്ള പുരോഗതി അറിയിക്കാമോ;

(ബി) ഭരണാനുമതി ലഭിച്ച ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണ പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

**ആലത്തൂർ മണ്ഡലത്തിലെ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രവൃത്തികൾ**

4138 **ശ്രീ . കെ .ഡി .പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം അവതരിപ്പിച്ച സംസ്ഥാന ബജറ്റുകളിൽ ആലത്തൂർ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ നിർവഹണ

ച്ചുമതലയിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികളാണുള്ളതെന്ന് വർഷം, എസ്റ്റിമേറ്റ്, നീക്കിയിരുപ്പ് തുക എന്നിവ തിരിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഏതിനെല്ലാമാണ് ഭരണാനുമതി ലഭിച്ചതെന്ന് വ്യക്തമാക്കാമോ; അവയുടെ പ്രവർത്തന പുരോഗതി വിശദമാക്കുമോ;

(സി) മറ്റ് പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്തെന്ന് വിശദമാക്കുമോ?

## തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളുടെയും ചട്ടങ്ങളുടെയും പരിഷ്കരണം

4139 **ശ്രീ. മോൻസ് ജോസഫ്**
**ശ്രീ. പി. ജെ. ജോസഫ്**
**ശ്രീ. അനൂപ് ജേക്കബ്**
**ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും കാലോചിതമായി പരിഷ്കരിക്കുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) കെട്ടിട നിർമ്മാണ ചട്ടത്തിൽ ജനോപകാരപ്രദമായ മാറ്റങ്ങൾ വരുത്തുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട നിയമങ്ങളിലും ചട്ടങ്ങളിലും ഏറ്റവും പ്രധാനപ്പെട്ട വ്യവസായ-വാണിജ്യ മേഖലയെ സംബന്ധിച്ച ചട്ടങ്ങളിൽ നടത്തിയ കാലോചിതമായ പരിഷ്കാരങ്ങളെപ്പറ്റി വിശദമാക്കുമോ;

(ഡി) പഞ്ചായത്തുകളിൽക്കൂടി കെ-സ്മാർട്ട് നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(ഇ) 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിൽ സമഗ്രമായ മാറ്റം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(എഫ്) നിലവിൽ പുതിയ കാലത്തെ പല സംരംഭങ്ങൾക്കും ലൈസൻസ് നൽകാൻ സാധിക്കാത്ത സാഹചര്യമുണ്ടോ; എങ്കിൽ ആയത് പരിശോധിക്കാൻ നടപടി സ്വീകരിക്കുമോ;

(ജി) കുടിൽ വ്യവസായങ്ങൾക്കും വീടുകളിലെ മറ്റ് വാണിജ്യ സേവന പ്രവർത്തനങ്ങൾക്കും ലൈസൻസ് നൽകാൻ വ്യവസ്ഥയില്ലാത്ത സാഹചര്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

## മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ

4140 **ശ്രീ. മാണി. സി. കാപ്പൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ തദ്ദേശ സ്ഥാപനങ്ങളുടെ കീഴിൽ വരുന്ന പ്രദേശങ്ങളിൽ മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾ യഥാസമയം നടത്താതെ ജനങ്ങൾ ബുദ്ധിമുട്ട് അനുഭവിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത

പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തീകരിച്ച് ജനങ്ങളുടെ ബുദ്ധിമുട്ട് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

## വസ്തു നികുതിയിനത്തിൽ ലഭിച്ച തുക

4141 **പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021–22 സാമ്പത്തിക വർഷം മുതൽ 2024–25 വരെ ഓരോ വർഷവും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വസ്തു നികുതിയായി എത്ര രൂപ വീതമാണ് പിരിച്ചെടുത്തത്; കുടിശ്ശികയിനത്തിൽ തുക ലഭിക്കാനുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ച് വരുന്നത്; വിശദമാക്കുമോ;

(ബി) വസ്തുനികുതിയുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ സ്ഥാപനങ്ങളിൽ നിന്നുൾപ്പെടെ സർവീസ് ചാർജ് ഈടാക്കി വരുന്നുണ്ടോ; എങ്കിൽ എത്ര രൂപയാണ് ഈയിനത്തിൽ പിരിച്ചെടുക്കുന്നത്; വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് വസ്തുനികുതിയുടെ പരിധിയിൽ വരുന്ന എത്ര കെട്ടിടങ്ങൾക്ക് വേക്കൻസി റമിഷൻ പ്രകാരം ഇളവ് നൽകിയിട്ടുണ്ട്; ജില്ലാ അടിസ്ഥാനത്തിലുള്ള കണക്ക് ലഭ്യമാക്കാമോ?

## ചങ്ങനാശ്ശേരി മണ്ഡലത്തിലെ ടേക്ക് എ ബ്രേക്ക് പദ്ധതി

4142 **ശ്രീ. ജോബ് മൈക്കിൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മണ്ഡലത്തിൽ ടേക്ക് എ ബ്രേക്ക് പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം പ്രവൃത്തികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

## ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാരുടെ സ്പെഷ്യൽ റൂൾ

4143 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ ജീവനക്കാർക്ക് സ്പെഷ്യൽ റൂൾ നിലവിലുണ്ടോ; പ്രസ്തുത ജീവനക്കാരെ നിയമിക്കുന്നത് ഏത് റൂൾ അടിസ്ഥാനപ്പെടുത്തിയാണ്; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) ഇൻഫർമേഷൻ കേരള മിഷനിൽ ആകെ എത്ര സ്ഥിരം ജീവനക്കാർ ഉണ്ട്; പ്രസ്തുത ജീവനക്കാരുടെ പേരും തസ്തികയും ശമ്പള സ്കെയിലും തരം തിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(സി) ഇൻഫർമേഷൻ കേരള മിഷനിലെ കോൺട്രാക്ട്, ഡെയിലി വേജസ് ജീവനക്കാർ എത്രയാണ്; പ്രസ്തുത ജീവനക്കാരുടെ പേരും തസ്തികയും ശമ്പളവും തരംതിരിച്ചുള്ള വിവരം ലഭ്യമാക്കുമോ;

(ഡി) ഇതിൽ 10 വർഷം പൂർത്തിയായ എത്ര ജീവനക്കാരാണുള്ളത്; ഇവരെ സ്ഥിരപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## പാക്കോയി പാലം നിർമ്മാണം

4144 **ശ്രീ. ഇ കെ വിജയൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പാക്കോയി പാലത്തിന്റെ നിലവിലെ നിർമ്മാണ പുരോഗതിയും പ്രസ്തുത നിർമ്മാണ പ്രവർത്തനം എന്ന് പൂർത്തിയാകുമെന്നും വ്യക്തമാക്കാമോ?

## പുഴപ്പുറമ്പോക്ക് ഭൂമിയിലുള്ള നിർമ്മാണ പ്രവർത്തനങ്ങൾ

4145 **ശ്രീ. എം.വി.ഗോവിന്ദൻ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള പുഴപ്പുറമ്പോക്ക് ഭൂമിയിലെ നിർമ്മാണ പ്രവർത്തനം, ഭൂമി കൈമാറ്റം എന്നിവ സംബന്ധിച്ച വ്യവസ്ഥകൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പുഴപ്പുറമ്പോക്ക് ഭൂമിയിൽ ജലഗതാഗതം, വിനോദസഞ്ചാരം എന്നീ ആവശ്യങ്ങൾക്ക് വികസന പ്രവർത്തനം നടത്തുന്നതിന് അനുമതി നൽകുന്നത് പരിഗണിക്കുമോ?

## നെന്മാറ മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഒഴിവുകൾ

4146 **ശ്രീ. കെ. ബാബു (നെന്മാറ) :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിലെ വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിൽ വിവിധ ഓഫീസുകളിലായി ഏതെല്ലാം തസ്തികകളിലാണ് നിലവിൽ ഒഴിവുകളുള്ളതെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത തസ്തികകളിൽ നിയമനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

## ചോട്ടിലപ്പാറ പാലം നിർമ്മാണം

4147 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിൽ റീബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള ചൂണ്ടൽ പഞ്ചായത്ത് 15-ാം വാർഡിലെ ചോട്ടിലപ്പാറ പാലം നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തിയുടെ അടങ്കൽ തുക, കരാർ വച്ച തീയതി, നിർമ്മാണം ആരംഭിച്ച തീയതി എന്നിവ അറിയിക്കാമോ;

(സി) പ്രവൃത്തി എന്നത്തേക്ക് പൂർത്തീകരിക്കാനാകുമെന്ന് വ്യക്തമാക്കാമോ?

## പഞ്ചായത്ത് തലത്തിലെ ഇ-സേവനങ്ങൾ

4148 **ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് തലത്തിലെ ഇ-സേവനങ്ങളെ കുറിച്ച് ഓരോ കുടുംബത്തിലും ഡിജിറ്റൽ സാക്ഷരത കൈവരിക്കുന്നതിന് വേണ്ടി പ്രത്യേകം പദ്ധതി നിലവിലുണ്ടോ; ഇല്ലെങ്കിൽ ഇങ്ങനെയൊരു പദ്ധതി പ്രാബല്യത്തിൽ വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ;

(ബി) നിലവിൽ കെട്ടിട നികുതി അടച്ച രസീത് നഷ്ടപ്പെട്ടാൽ ആയതിന്റെ പകർപ്പ് നൽകുന്നതിന് പഞ്ചായത്ത് സെക്രട്ടറിക്ക് മാത്രമേ സാധിക്കുന്നുള്ളൂ എന്നതുകൊണ്ട് അത്യാവശ്യക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ?

## <u>കുണ്ടറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ നിർമ്മാണത്തിന് സ്ഥലം</u>

4149 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23 ബജറ്റിൽ അനുവദിച്ചിട്ടുള്ള കുണ്ടറ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിന് കുണ്ടറ, ഇളംപള്ളൂർ ഗ്രാമ പഞ്ചായത്തുകൾ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ; ആയതിനായി ചേർന്നിട്ടുള്ള യോഗനടപടികളുടെ വിശദാംശം ലഭ്യമാക്കാമോ?

## <u>വേളം ഗ്രാമപഞ്ചായത്തിലെ അരമ്പോൽ സ്കൂൾ കെട്ടിട നിർമ്മാണം</u>

4150 **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടി മണ്ഡലത്തിൽ വേളം ഗ്രാമപഞ്ചായത്തിലെ അരമ്പോൽ സ്കൂൾ കെട്ടിട നിർമ്മാണ പ്രവൃത്തി ആരംഭിച്ചയുടനെ നിലച്ചുപോയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രവൃത്തി അടിയന്തരമായി പുനരാരംഭിച്ച് സമയബന്ധിതമായി പൂർത്തീകരിക്കുമോ; വിശദമാക്കാമോ?

## <u>കുണ്ടറ ഗ്രാമപഞ്ചായത്തിലെ സെൻസസ് അപാകത</u>

4151 **ശ്രീ. പി. സി. വിഷ്ണുനാഥ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-ലെ സെൻസസിൽ കുണ്ടറ ഗ്രാമപഞ്ചായത്തിലെ പട്ടികജാതി ജനസംഖ്യ തെറ്റായി രേഖപ്പെടുത്തിയത് മൂലം പട്ടികജാതി പദ്ധതി വിഹിതത്തിൽ കുറവ് വന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഗ്രാമപഞ്ചായത്തുകളിൽ നികത്തേണ്ടതായ ജനപ്രതിനിധികളുടെ എണ്ണം നിശ്ചയിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് വിജ്ഞാപനം ഇറക്കിയപ്പോൾ, സെൻസസിലുണ്ടായ അപാകത മൂലം പട്ടികജാതി വനിതകൾക്ക് സംവരണം ചെയ്യേണ്ട രണ്ട് സ്ഥാനങ്ങൾ കുണ്ടറ ഗ്രാമപഞ്ചായത്തിൽ നഷ്ടപെട്ട സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

## വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതിക്ക് നിരാക്ഷേപ പത്രം അനുവദിക്കാൻ നടപടി

4152 **ശ്രീ. മുരളി പെരുനെല്ലി :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2022-23ലെ ബജറ്റിൽ പദ്ധതിയുടെ 20% തുക അനുവദിച്ച മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി പഞ്ചായത്തിലെ ബീച്ച് ടൂറിസം പദ്ധതി നടപ്പാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നുള്ള നിരാക്ഷേപ പത്രം ലഭിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത പദ്ധതി ഇതുവരെ ആരംഭിക്കാനായിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നിരാക്ഷേപ പത്രം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് മണലൂർ എം.എൽ.എ സമർപ്പിച്ച കത്ത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പിന്റെ പരിഗണനയിലുള്ള ആർ.ഇ2/380/2023/ത.സ്വ.ഭ.വ നമ്പർ ഫയലിന്മേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ഡി) പദ്ധതിക്കു വേണ്ട നിരാക്ഷേപ പത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

## പഞ്ചായത്ത് വകുപ്പിലെ ജീവനക്കാര്യം

4153 **ശ്രീ. പി. അബ്ദുൽ ഹമീദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വകുപ്പിലെ ജീവനക്കാരുടെ എണ്ണം കാലോചിതമായി പരിഷ്കരിക്കുന്നത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പഞ്ചായത്ത് വകുപ്പിൽ പുതുതായി തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; തദ്ദേശ പൊതു സർവ്വീസ് രൂപീകരിക്കപ്പെട്ട സന്ദർഭത്തിൽ പഞ്ചായത്ത് വകുപ്പിലെ എത്ര തസ്തികകൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ട്; വിശദാംശം നൽകാമോ?

## അധികമായി ഈടാക്കുന്ന കെട്ടിട നികുതി ഒഴിവാക്കുന്നതിന് നടപടി

4154 **ശ്രീ. എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ പരിപാലന നിയമം നടപ്പിലാക്കിയ പ്രദേശങ്ങളിലെ മത്സ്യത്തൊഴിലാളികളിൽനിന്നും മൂന്നിരട്ടി കെട്ടിട നികുതി ഈടാക്കുന്നുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അധിക നികുതി ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

## അപകടകരമായ നിലയിലുള്ള മരങ്ങൾ മുറിച്ചുമാറ്റാൻ നടപടി

4155 **ശ്രീ എം എസ് അരുൺ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര ഗവൺമെന്റ് വൊക്കേഷണൽ ആൻഡ് ബോയ്സ് ഹയർ സെക്കണ്ടറി സ്കൂളിൽ അപകടകരമായ നിലയിലുള്ള മരങ്ങൾ മുറിച്ച് നീക്കണമെന്നാവശ്യപ്പെട്ട് സ്കൂളധികൃതർ നൽകിയ കത്തിന്മേൽ മുനിസിപ്പാലിറ്റി സ്വീകരിച്ച നടപടി വിശദമാക്കാമോ;

(ബി) പ്രസ്തുത വൃക്ഷങ്ങൾ മുറിച്ചു നീക്കാത്തതിനാൽ കിഫ്ബി പദ്ധതി പ്രകാരം അനുവദിച്ച കെട്ടിടത്തിന്റെ നിർമ്മാണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത മരങ്ങൾ മുറിച്ചു മാറ്റുന്നതിന് ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ?

## അമൃത് കുടിവെള്ള പദ്ധതി

4156 **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ മണ്ഡലത്തിലെ ഈരാറ്റുപേട്ട മുനിസിപ്പാലിറ്റിയിൽ നടപ്പാക്കുന്ന അമൃത് കുടിവെള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

## കൊടുവള്ളി നഗരസഭയിലെ നികുതി ഈടാക്കുന്നത് സംബന്ധിച്ച പ്രതിസന്ധി

4157 **ശ്രീ. പി. ടി. എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പാലിറ്റിക്ക് കിട്ടേണ്ട ഏതെങ്കിലും തുകയുടെ കാര്യത്തിൽ കുടിശ്ശികയായ തീയതി മുതൽ മൂന്ന് കൊല്ലം കഴിഞ്ഞതിന് ശേഷം പ്രസ്തുത തുക ഈടാക്കാൻ യാതൊരു നടപടിയും സ്വീകരിക്കാൻ പാടില്ലെന്ന് കേരള മുനിസിപ്പാലിറ്റി ആക്ടിലെ 539-ാം വകുപ്പ് പ്രകാരം വ്യവസ്ഥ ചെയ്തിരിക്കെ, നികുതിയായി കിട്ടാനുള്ള തുക സംബന്ധിച്ച് വർഷങ്ങളായി കക്ഷികൾക്ക് അറിയിപ്പോ നോട്ടീസോ നൽകാതിരിക്കുകയും നാല് മുതൽ പത്ത് വർഷം വരെയുള്ള കുടിശ്ശികയായി ഭീമമായ തുക അടയ്ക്കാൻ കെട്ടിട ഉടമകളോട് നോട്ടീസ് മുഖേന ആവശ്യപ്പെടുകയും ചെയ്യുന്ന കൊടുവള്ളി നഗരസഭയുടെ നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) യഥാസമയം നികുതി പരിഷ്കരണം നടത്താത്തത് മൂലം പ്രസ്തുത നഗരസഭയിൽ നികുതി ഈടാക്കുന്നതിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; ആയതിന് ഉദ്യോഗസ്ഥതല വീഴ്ച കാരണമായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കാമോ?

## തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വേസ്റ്റ് മാനേജ്മെന്റ്

4158 **ശ്രീ. യു. എ. ലത്തീഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്കു തദ്ദേശ സ്വയംഭരണ - എക്സൈസ് - പാർലമെന്ററികാര്യ വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം കോർപ്പറേഷൻ പരിധിയിലുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ വേസ്റ്റ് മാനേജ്മെന്റ് സിസ്റ്റം ശരിയായ രീതിയിൽ നടക്കുന്നില്ല

എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഓഫീസുകളിൽ വേസ്റ്റ് മാനേജ്മെന്റിന് ഉപയോഗിക്കുന്ന കാലഹരണപ്പെട്ട എത്ര വാഹനങ്ങളാണുള്ളത്; പ്രസ്തുത വാഹനങ്ങൾ ലേലം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) പ്രസ്തുത ഓഫീസുകളുടെ പ്രവർത്തന പരിധിയിൽ തെരുവുനായ്ക്കളുടെ ശല്യം വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം പരിഹാര നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ഡി) പ്രസ്തുത ഓഫീസുകളിൽ ഉപയോഗശൂന്യമായ ഓഫീസ് ഉപകരണങ്ങൾ കൂട്ടിയിട്ടിരിക്കുന്നത് മൂലം ജീവനക്കാരും പൊതുജനങ്ങളും ബുദ്ധിമുട്ട് നേരിടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവ നീക്കം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം,
09-03-2025

ഡോ. എൻ. കൃഷ്ണ കുമാർ ,
സെക്രട്ടറി

---

**<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u>**

നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].